"അപ്പോൾ അവിടുത്തെ ശിഷ്യന്മാർ വന്ന അവിടുത്തെ ഉണർത്തിക്കൊണ്ടു നിലവിളിച്ചുപറഞ്ഞു: കർത്താവേ, ഞങ്ങളെ രക്ഷിക്കുക; ഞങ്ങൾ മുങ്ങിപ്പോകുന്നു. ഈശോ അവരോടരുളിച്ചെയ്തു: അല്പവിശ്വാസികളേ, നിങ്ങളെന്തേ ഭീരുക്കളായിരിക്കുന്നു? അനന്തരം അവിടുന്നെഴുന്നേററു് കാററിനേയും കടലിനേയും ശാസിച്ചു; അമർത്തി: വലിയ ശാന്തതയുണ്ടായി."

മത്തായി VIII:25, 26

# സത്യദീപം

"നാം കേൾക്കുന്ന ഓരോ വാക്കിലും അഭിപ്രായത്തിലും എളുപ്പം വിശ്വസിക്കരുതു്; ആ സംഗതി ഈശ്വരപ്രബോധനമനുസരിച്ച് സൂക്ഷ്മമായും സാവധാനമായും പരിശോധിക്കണം. കഷ്ടം! നാം പലപ്പോഴും അന്യനെപ്പററി ഗുണത്തേക്കാൾ ദോഷം കൂടുതൽ ഉത്സാഹപൂർവ്വം വിശ്വസിക്കുകയും പറയുകയും ചെയ്യത്തക്കവണ്ണം ദുർബലസ്വഭാവരാണ്."

—ക്രിസ്ത്വാനുകരണം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 ഒക്ടോബർ 31—ബുധനാഴ്ച | Vol. 30, No. 12

# കാതോലിക്കോസ് കക്ഷിയുടെ സഭൈക്യപരിശ്രമങ്ങൾ

(ജെ. കെ.)



## വാഴ്ത്തപ്പെട്ട 11-ാം ഇന്നസെൻറ് മാർപ്പാപ്പാ

(സിദ്ധനാമകരണം—ഒക്ടോബർ 7)

കേരളത്തിൽ കാതോലിക്കോസ് കക്ഷി രൂപമെടുത്ത കാലം മുതൽതന്നെ, ദുർബലങ്ങളായ മററു പൗരസ്ത്യസഭകളുമായി ഐക്യപ്പെടുന്നതിനോ, അതിനു സാദ്ധ്യമല്ലെങ്കിൽ പരസ്പരബന്ധത്തിലേർപ്പെടുന്നതിനോ ഉള്ള ശ്രമങ്ങൾ സമാരംഭിച്ചതാണു്. 1920-നും 1930-നും ഇടയ്ക്കു യാക്കോബായ പാത്രിയർക്കീസുമായി ബന്ധപ്പെടുന്നതിനു് യത്നങ്ങൾ പലതും ചെയ്തുനോക്കിയെങ്കിലും അവയൊന്നും ശാശ്വതമായ വിജയത്തിലെത്തിയില്ല. 1931-ൽ അന്നത്തെ യാക്കോബായ പാത്രിയർക്കീസ്, മൂന്നാം മാർ ഏലിയാസ് ഷേക്കർ സഭൈക്യത്തെ ലക്ഷ്യംവച്ചു് കേരളത്തിൽ വരികയുണ്ടായി. പക്ഷെ, അദ്ദേഹത്തിൻെറ സാന്നിദ്ധ്യവും, ഇരുകക്ഷികളും തമ്മിൽ നടന്ന പര്യാലോചനകളും ഫലപ്പെട്ടില്ല. പാത്രിയർക്കീസ് അദ്ദേഹത്തിൻെറ സമുന്നതമായ ദൗത്യം സാധിക്കാതെ കാലം ചെയ്യുകയാണുണ്ടായതു്. രണ്ടു കൊല്ലം മുമ്പു് യാക്കോബായസഭയിലെ ഏതാനും യുവനേതാക്കന്മാർ മുൻനിന്നു നടത്തിയ ചില ഐക്യസ്ഥാപനശ്രമങ്ങൾ അഭിനവമായ പ്രത്യാശകൾക്കു നിദാനമായി. കോട്ടയത്തു അവർ ഒരു ക്രിസ്ത്യൻ "സത്യഗ്രഹം"തന്നെ നടത്തുകയുണ്ടായി. സഭാമേലദ്ധ്യക്ഷന്മാരിൽ പോലും കുറെയേറെ അനുഭാവം ഉളവാക്കാൻ ഇതു് പര്യാപ്തമായിരുന്നു. എന്നാൽ ഈ സമാധാനപ്രസ്ഥാനക്കാർക്കും കാര്യമായി ഒന്നുംതന്നെ നേടുവാൻ സാധിച്ചില്ല.

ഭാരതത്തിലെ യാക്കോബായക്കാരെയെല്ലാം ഒരു നേതൃത്വത്തിൻെറ കീഴിൽ കൊണ്ടുവരുന്നതിനു കഴിയാതെ വന്നതിനാൽ, കാതോലിക്കോസ് കക്ഷിക്കാർ—പ്രത്യേകിച്ചു് "ഇക്കുമേനിക്കൽ പ്രസ്ഥാന"ത്തിൽ (കത്തോലിക്കേതര ക്രിസ്ത്യൻസഭകളുടെ പുനരൈക്യപ്രസ്ഥാനം) ഉൾപ്പെട്ടവർ—പൗരസ്ത്യസഭകളുമായി സമ്പർക്കം സ്ഥാപിക്കുന്നതിനുവേണ്ടി കാര്യക്ഷമമായ ചില നടപടികൾ സ്വീകരിക്കണമെന്നു നിശ്ചയിച്ചു. 1930 നോടടുത്ത കാലത്തു് മാർ ഈവാനിയോസുമൊരുമിച്ചു റോമാസഭയുമായി ഐക്യപ്പെടേണ്ടതാണു് എന്നൊരു തീരുമാനമുണ്ടായി എങ്കിലും, യാക്കോബായക്കാരിൽ ഭൂരിഭാഗവും അതിൽ ഉറച്ചുനിന്നില്ല. പക്ഷെ, മാർ ഈവാനിയോസ് സമാരംഭിച്ച പുനരൈക്യപ്രസ്ഥാനം പ്രശസ്തമായി വിജയിക്കുകതന്നെ ചെയ്തു.

റോമ്മാസഭയുടെ വിശ്വാസസത്യങ്ങളെ എല്ലാം സ്വീകരിക്കാതെ, അത്രയ്ക്കു നിർബന്ധമില്ലാത്തതും മനുഷ്യൻെറ അലസമായ പ്രവണതകളെ അനുവദിക്കുന്നതുമായ വേറെ ഏതെങ്കിലും സഭയിൽ ചേരുന്നതിനു സാധിക്കുമോ? യാക്കോബായനേതാക്കന്മാരിൽ ചിലർ ഈ മാർഗ്ഗമാണു് പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ചതു്. വിശ്വാസത്തെയും ക്രമത്തെയും സംബന്ധിച്ചു പര്യാലോചിക്കുന്നതിനു 1937-ൽ എഡിൻബർഗ്ഗിൽ ചേർന്ന ഇക്കുമേനിക്കൽ കോൺഫറൻസിൽ സംബന്ധിക്കുവാൻ ഇപ്പോഴത്തെ കാതോലിക്കാസ് പോയിരുന്ന അവസരത്തിൽ, പൗരസ്ത്യസഭാദ്ധ്യക്ഷന്മാരിൽ ചിലരെ, ഉദാഹരണമായി സെർബിയൻ പാത്രിയർക്കീസിൻെറ സ്ഥാനപതിയായ ("locum tenens") സഗ്രേബിലെ ഡൊസീത്തസ് മെത്രാപ്പോലീത്തായെ അദ്ദേഹം സന്ദർശിച്ചു. അടുത്ത വർഷത്തിലാണ ഈ സ്ഥാനപതി പ്രതിസന്ദർശനത്തിനായി കേരളത്തിലെത്തിയതു്. അദ്ദേഹത്തോടുകൂടി ഒരു റഷ്യൻ മെത്രാനായ മഞ്ചൂറിയായിലെ നെസ്റ്റൂർ മെത്രാപ്പോലീത്തായും, റഷ്യൻ ആർക്കിമൻറു് റൈററു് നത്താനിയലും വന്നിരുന്നു. ഇവരുടെ വരവിനു് ഒരു കൊല്ലം മുൻപു് മററൊരു റഷ്യൻ മെത്രാനായ ഹാർബിനിലെ (മഞ്ചൂറിയാ) ഡിമിററി മെത്രാപ്പോലീത്തായും മലബാർ സന്ദർശിക്കുകയുണ്ടായി. ഇദ്ദേഹം മേല്പറഞ്ഞ നെസ്റ്റൂർ മെത്രാപ്പോലീത്തായുടെ സഹായമെത്രാനോ സാമന്തമെത്രാനോ ആയിരുന്നു. ഒരു വിപുലമായ പര്യടനമാണു് ഇദ്ദേഹം കേരളത്തിൽ നടത്തിയതു്. ഇദ്ദേഹത്തിൻെറ നാമം കോതമംഗലത്തു പഴയ യാക്കോബായപള്ളിയിൽ സൂക്ഷിക്കപ്പെടുന്ന സന്ദർശകഡയറിയിൽ കാണാവുന്നതാണു്.

ആ കാലത്തു കാതോലിക്കോസും റഷ്യൻ എമിഗ്രേഷൻസഭയുടെ നേതാക്കന്മാരുമായി കത്തിടപാടുകൾ നടക്കുന്നുണ്ടായിരുന്നു. ഈ സഭ യൂഗോസ്ലാവിയായിലെ ശ്രമ്സ്കി കാർലൊവ്സ്ട്സ് സിനഡിൻെറ മേധാവിത്വം അംഗീകരിക്കുന്ന ഒന്നാണു്. പ്രധാനപ്പെട്ട ഈ റഷ്യൻസഭാവിഭാഗത്തിലെ നേതാക്കന്മാർ കാതോലിക്കോസ്കക്ഷിയുടെ "ഓർത്തഡോക്സി" മുഴുവനായി അംഗീകരിച്ചതായി പറയപ്പെടുന്നു. സഭാദ്ധ്യക്ഷന്മാർ തമ്മിൽ ഇങ്ങനെ സമ്പർക്കം നടന്നുകൊണ്ടിരിക്കെ, കഴിഞ്ഞ ലോകമഹായുദ്ധത്തിനു കുറച്ചു മുമ്പു് അൻഡ്റോണിക്കസ് എന്നൊരു റഷ്യൻ സന്യാസി ഒരു പൗരസ്ത്യസന്യാസസഭ കേരളത്തിൽ സ്ഥാപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇവിടെവന്നു കുറെക്കാലം താമസിക്കുകയുണ്ടായി. ഏകദേശം ആ കാലത്തുതന്നെ കോൺസ്റ്റൻെറൻ എന്ന മറെറാരു റഷ്യൻ സന്യാസിയും കേരളത്തിൽവന്നു താമസിച്ചു സന്യാസജീവിതമാരംഭിച്ചിരുന്നു. എന്നാൽ യുദ്ധവും അതിനെത്തുടർന്നുണ്ടായ ഗതാഗത അസൗകര്യങ്ങളും അവരുടെ പരിശ്രമങ്ങളെ വിഫലങ്ങളാക്കി.

യുദ്ധം അവസാനിച്ചശേഷം ഈ സംരംഭങ്ങളെ പുനർജ്ജീവിപ്പിക്കുവാൻ പറയത്തക്ക പരിശ്രമങ്ങളൊന്നുംതന്നെ നടക്കുകയുണ്ടായില്ല. യാക്കോബായസഭയിലെ ഇരുകക്ഷികളും തങ്ങളുടെ ഭിന്നതകളെല്ലാം അവസാനിപ്പിച്ചു ഒന്നിച്ചു പ്രവർത്തിക്കുന്നതിനു കഴിയുമെന്നു ഇരുഭാഗക്കാർക്കുമുണ്ടായ പ്രത്യാശയായിരിക്കാം ഇതിനു കാരണം. എങ്ങനേയും ഈ അടുത്തകാലത്തു് കാതോലിക്കോസ്കക്ഷി പൗരസ്ത്യശീശ്മസഭകളുമായി വീണ്ടും സമ്പർക്കത്തിലേർപ്പെടുന്നതിനു ശ്രമിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. 1953-ൽ ഓക്സ്ഫോർഡിലെ ഒരു റഷ്യൻപ്രൊഫസറും ഇക്കുമേനിക്കൽപ്രസ്ഥാനത്തിലെ ഒരു പ്രമുഖാംഗവുമായ മി. നിക്കൊളാസ് സെർനോവു് (Nicholaus Zernov) കേരളത്തിൽ വരികയും കാതോലിക്കോസ്കോളെജിൻെറ പ്രിൻസിപ്പാളായി ജോലി സ്വീകരിക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ അനുഭവങ്ങളെ 'Christianity in India and the Eastern Orthodox Church" (ഇന്ത്യയിലെ ക്രിസ്തുമതവും പൗരസ്ത്യഓർത്തഡോക്സ്സഭയും) എന്ന ലേഖനംവഴി International Review of Missions, [43 (1954) pp. 390—394] എന്ന പത്രികയിൽ പരസ്യപ്പെടുത്തിയിട്ടുണ്ടു്. ഇന്ത്യൻ യാക്കോബായക്കാരുടെ ഇന്നത്തെ നിലയെ മുഴുവൻ തൃപ്തിയോടെയല്ല അദ്ദേഹം വീക്ഷിക്കുന്നതു്.

ഇപ്പോൾ ഏതാനും മാസങ്ങളായി യാക്കോബായക്കാരിലെ ചിലലേഖകന്മാർ കാതോലിക്കോസ്കക്ഷി, മോസ്കോപാത്രിയർക്കീസുമായി ബന്ധത്തിലേർപ്പെടണമെന്നു തുടരെ നിർബന്ധിക്കുവാൻതുടങ്ങിയിരിക്കുകയാണു്. ഈ സംരംഭം മോസ്കോയിൽ ആനന്ദത്തോടെ സ്വീകരിക്കപ്പെട്ടുമെന്നതിനു് സംശയമില്ല. എന്തുകൊണ്ടെന്നാൽ ഇപ്പോഴത്തെ മോസ്കോപാത്രിയർക്കീസ് ഇന്ത്യയിലെ യാക്കോബായസഭയുടെമേൽ കണ്ണുവച്ചുകൊണ്ടാണിരിക്കുന്നതു്. (V. Irenikon, 27 (1954), p. 470 n. 1)

ഗ്രീക്കുസഭയുമായി ഐക്യപ്പെടാൻ കാതോലിക്കോസ്കക്ഷി മുൻപുചെയ്തിട്ടുള്ള പരിശ്രമങ്ങളുടെ ഫലം എന്തുതന്നെ ആയിരുന്നാലും ഇപ്പോഴത്തെ കോൺസ്റ്റാൻറിനോപ്പിൾ ഇക്കുമെനിക്കൽ പാത്രിയർക്കീസ് ഇന്ത്യയിലെ യാക്കോബായക്കാരുമായി ബന്ധപ്പെടാനുള്ള സാദ്ധ്യതകളെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. 1955-ൽ ബിസൻെറൻ പാത്രിയർക്കീസിൻെറ പ്രതിനിധിയായ മാൾട്ടായിലെ ജോൺ മെത്രാപ്പോലീത്താ (സ്ഥാനിക) മലബാറിലുള്ള കാതോലിക്കോസിനേയും സഭാനേതാക്കന്മാരേയും സന്ദർശിക്കു

(ശേഷം 4-ാംപേജിൽ)

ലഘുപ്രഹസനം

# അന്തിമവിജയം

(മാത്യു പുളിക്കൽ എസ്. ജെ.)

രംഗം 1.

(വിശാലമായ ഒരു മുറി. സമയം അർദ്ധരാത്രി. മുറിയിലുള്ള തിരുഹൃദയരൂപത്തിൻമുൻപിൽ രണ്ടു തിരികൾ കത്തുന്നു. ക്രമേണ രംഗം പ്രകാശപൂർണ്ണമാകുന്നു. 16 വയസ്സു പ്രായമുള്ള സെലീൻ മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുന്നു.)

നാഥാ!....ഞാനെവിടേക്കാണു പോകുക. ജീവനും വഴിയും അവിടുന്നല്ലയോ? അങ്ങേക്കുവേണ്ടി സ്വയം സമർപ്പിക്കുവാനുള്ള ഈ അഗതിയുടെ ആഗ്രഹത്തെ അവിടുന്നു സ്വീകരിക്കയില്ലയോ? ഒരു വശത്തു് വൽസലയായ മാതാവിൻെറ കണ്ണുനീരുകളും, സ്നേഹവൽസലനായ പിതാവിൻെറ ശകാരങ്ങളും. മറുവശത്തു് അങ്ങേന്നേക്കുള്ള എൻെറ നിസ്സീമസ്നേഹവും അബലയായ ഞാൻ എന്താണു ചെയ്യുക? ലൗകികപ്രലോഭനങ്ങളുടെ മുൻപിൽ തലകുനിക്കാതെ അങ്ങേ സ്നേഹത്തെപ്രതി എന്തും സഹിക്കുവാനുള്ള ഈ പാപിയുടെ ആശയെ അവിടുന്നു് അംഗീകരിക്കുകയില്ലയോ? ആത്മനായകാ! പിതാവിൻെറ ശകാരങ്ങളും പ്രഹരങ്ങളും ഞാൻ സഹിക്കാം. പക്ഷേ, ബാല്യകാലം മുതൽ ഇന്നാൾവരെ ഞാൻ കെട്ടിയുയർത്തിയ ആ സ്നേഹസൗധം പാടെ തകർക്കണമെന്നു പറഞ്ഞാൽ, ആശ്രിതർക്കാശ്രയമായ യേശുവേ, ഞാനെന്താണു ചെയ്യുക? ജീവിതേശാ! എൻെറ സഹോദരനുണ്ടായിരുന്നെങ്കിൽ—ചോദിപ്പിൻ തരപ്പെടും, അന്വേഷിപ്പിൻ കണ്ടെത്തപ്പെടും, മുട്ടുവിൻ തുറക്കപ്പെടും എന്നരുളിച്ചെയ്ത അങ്ങേ അനുഗ്രഹകവാടത്തിങ്കൽ മുട്ടുന്ന ഈ പാപിനിയെ അവിടുന്നു കൈവിടരുതേ. ലാസറിൻെറ ശവകുടീരത്തിൽ തോരാത്ത കണ്ണുനീർ വാർത്ത കരുണാനിധീ, ഈ അബലയുടെ കണ്ണുനീരുകളെ അവിടുന്നു കാണേണമേ! (കരയുന്നു) ആത്മനാഥാ! അനുഗ്രഹദായകാ! അവിടുന്നുമാത്രം എന്നോടുകൂടി വസിക്കുക. (ശോകരസം നിറഞ്ഞ ഒരു പാട്ടു പാടുന്നതു നന്നായിരിക്കും. അതിനുശേഷം ഇരുകൈകളുംകൊണ്ടു് മുഖംപൊത്തി കരയുന്നു. പെട്ടെന്നു് വിളക്കുകളെല്ലാം അണയുന്നു. തിരികൾമാത്രം ശേഷിക്കുന്നു. പിന്നണിയിൽനിന്നു് ഒരു ശബ്ദം കേൾക്കുന്നു. സെലിനെ പരീക്ഷിക്കുവാൻ വന്ന പിശാചിൻെറ ശബ്ദം. പിശാചിനെ മനുഷ്യർ കാണണമെന്നില്ല)

പിശാ: സെലീൻ, നീയെന്തിനാണു് കരയുന്നതു്.

സെലി: ആരാണു ശബ്ദിച്ചതു്?

പിശാ: ഞാനാണു്. നിനക്കെന്നെ കാണുവാൻ സാധിക്കുകയില്ല. മനുഷ്യർ എന്നെ പ്രലോഭകൻ എന്നു വിളിക്കാറുണ്ടു്.

സെ: നരകസർപ്പമേ! നീയെന്തിനാണു് ഈയവസരത്തിൽ ഇവിടെ വന്നതു്! ദൈവമേ, ഞാനീ പരീക്ഷണത്തിലുൾപ്പെടണമെന്നോ അവിടുത്തെ ആഗ്രഹം!

പി: സെലിൻ, നീയെന്നെ അവഹേളിക്കുന്നു. നിൻെറ ദുഃഖാവസ്ഥ കണ്ടു് നിന്നെ സഹായിക്കുവാൻ വേണ്ടിയാണു് ഞാൻ ഇവിടെ എത്തിയതു്.

സെ: നിൻെറ സഹായം എനിക്കാവശ്യമില്ല. നീ ഇവിടെനിന്നു പോകുക.

പി: എൻെറ കുഞ്ഞേ, നീ മഠത്തിൽ ചേരുവാൻ പോകുന്നെന്നു കേട്ടു. നിനക്കതുകൊണ്ടു് എന്തു പ്രയോജനമാണു് കിട്ടുവാൻ പോകുന്നതു്?

സെ: എനിക്കു യാതൊരു പ്രയോജനവും ആവശ്യമില്ല.

പി: സെലീൻ, ഞാൻ പറയുന്നതു കേൾക്കു. നീ ഈ കുടുംബത്തിലെ ഏകാവകാശിയാണു്. നിൻെറ പിതാവിൻെറ ഭാരിച്ച സ്വത്തിൻെറ ഉടമസ്ഥ നീയാണു്. അവയെ ഏറെറടുത്തു് അതിനെ ശരിയായി വിനിയോഗിച്ചില്ലെങ്കിൽ നീ ദൈവകോപത്തിനിരയാകും.

സെ: പക്ഷേ, ഞാൻ ദൈവത്തെ സേവിക്കുവാൻ വേണ്ടിയാണു് മഠത്തിൽ ചേരുന്നതു്.

പി: ഹ ഹ ഹ...എന്തൊരു മറയത്തരം. എത്ര പെൺകുഞ്ഞുങ്ങളാണു് ഇതുപോലെ വഞ്ചിക്കപ്പെട്ടിട്ടുള്ളതു്. ദൈവത്തെ സേവിക്കുവാൻ മഠത്തിൽ ചേരണംപോലും. അപ്പോൾ വിവാഹിതരാരും ദൈവത്തെ സേവിക്കുന്നില്ലേ? ഇതാരാണു് നിനക്കു പറഞ്ഞുതന്നതു്? മഠത്തിലമ്മമാരായിരിക്കും, അല്ലേ?

സെ: ഞാൻ കന്യാസ്ത്രീയായിട്ടാണു് ദൈവസേവനം നടത്തുവാനാഗ്രഹിക്കുന്നതു്.

പി: അതു നിൻെറയാഗ്രഹമാ; ദൈവേഷ്ടമല്ല. മനുഷ്യർ ദൈവേഷ്ടം നിറവേററേണ്ടവരാണു്.

സെ: ഇതു ദൈവേഷ്ടമല്ലെന്നു് എങ്ങിനെയറിയാം.

പി: അതു വല്ലവരും പറഞ്ഞുതരണമോ? സകല സൗഭാഗ്യങ്ങളും നിറഞ്ഞ ഒരു തരുണീരത്നം അവൾക്കുള്ള സകലത്തേയും ഉപേക്ഷിച്ചു് ഒരു ദരിദ്രയെപ്പോലെയായിത്തീരണമെന്നു് ദൈവം ഒരിക്കലും ആഗ്രഹിക്കുകയില്ല. കണക്കററസമ്പത്തു്, കുറച്ചുകൂടി കഴിഞ്ഞാൽ അനുയോജ്യനായ വരൻ. ഇതെല്ലാം നിഷ്കരുണം ഉപേക്ഷിച്ചു് നീ ദരിദ്രരിൽ ദരിദ്രയായ ഒരു കന്യകയാകണമെന്നു് ദൈവം അഭിലഷിക്കുകയില്ല.

സെ: അങ്ങിനെയായിരുന്നെങ്കിൽ ദൈവപുത്രൻതന്നെ സ്വർഗ്ഗരാജ്യംവിട്ടു് പാപംനിറഞ്ഞ ഈ ഭൂമിയിൽപിറക്കുകയില്ലായിരുന്നു.

പി: നീ അതിസമർത്ഥതന്നെ. ആട്ടെ, മഠത്തിൽ ചേർന്നാൽ എത്രനാൾ അവിടെ കഴിഞ്ഞുകൂടാമെന്നു വിചാരിക്കുന്നു?

സെ: ആജീവനാന്തം.

പി: അതു നിനക്കു സാധിക്കുകയില്ല. മഠത്തിലെ ജീവിതക്രമങ്ങളും, ആഹാരങ്ങളും നിന്നെ രോഗബാധിതയാക്കും. കൂടാതെ എൻെറ അനുചരന്മാർ നിന്നെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കുകയും ചെയ്യും. നിവൃത്തിയില്ലാതെ നീ കന്യകാലയം വിടും. ഇതാണു് സംഭവിക്കുവാൻ പോകുന്നതു്.

സെ: ഇല്ല. ഒരിക്കലുമില്ല. ഞാൻ രോഗബാധിതയാകണമെന്നാണു് ദൈവതിരുമനസ്സെങ്കിൽ, ക്രൂശിതനായ യേശുവിനുവേണ്ടി ഞാനതു സഹിക്കും.

പി: എൻെറ കുഞ്ഞേ! നിൻെറ ജീവിതം നീ വൃഥാ നശിപ്പിക്കരുതു്. നീ ഞാൻ പറയുന്നതു് കേൾക്കൂ.

സെ: ഇല്ല. സാത്താനേ, നീയെന്നിൽ നിന്നൊഴിഞ്ഞുപോകുക. വേണ്ടിവന്നാൽ ഈശോയ്ക്കുവേണ്ടി ഞാൻ മരിക്കും. പോകൂ.

പി: എന്തു്, നീ എന്നെ അനുസരിക്കയില്ല അല്ലേ! ഘാതകീ! നീ നോക്കിക്കൊള്ളൂ. ഇന്നുമുതൽ ഞാൻ നിൻെറ ശത്രുവാണു്. നീ മഠത്തിൽ ചേരുന്നതു കണ്ടുകളയാം.

സെ: പരിശുദ്ധകന്യകേ! എൻെറ മാതാവേ! (പിശാചു് ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു) നന്മനിറഞ്ഞമറിയമേ, നിനക്കു സ്വസ്തി, ഒരു ഭയങ്കരശബ്ദത്തോടെ പിശാചു് ഓടിമറയുന്നു) കർത്താവു നിന്നോടുകൂടെ......

(കർട്ടൻ)

രംഗം 2.

(ഒരു ചെറിയ മുറി. മറിയാമ്മയും മകൾ സെലിനും സംസാരിച്ചുകൊണ്ടിരിക്കുന്നു. മറിയാമ്മയ്ക്കു ഏകദേശം 45 വയസ്സുപ്രായം. അവർ വെററിലയും പാക്കും മററും ഒരു പെട്ടിയിൽനിന്നു് എടുക്കുന്നു. സെലിൻ ഒരു തൂവാല തയ്ച്ചുകൊണ്ടിരിക്കുന്നു. കർട്ടൻ ഉയരുന്നു)

മറിയാമ്മ: എൻെറ പെണ്ണേ' നീ ഇങ്ങനെ നിർബന്ധം പിടിച്ചാലെങ്ങനാ. നീ ആകെ ഒന്നല്ലേ ഞങ്ങൾക്കുള്ളൂ. ഒരു ചെറുക്കനുണ്ടായിരുന്നതു് പത്താമത്തെ വയസ്സിൽ നാടുവിട്ടു. എവിടെല്ലാം അന്വേഷിച്ചു. ഒരറിവുമില്ല . നീണ്ട പത്തുവർഷങ്ങൾ...... നിശ്വസിക്കുന്നു)...കുഞ്ഞേ, നിന്നെ ഒരു നല്ല ചെറുക്കനെക്കൊണ്ടു് കല്യാണം ചെയ്യിച്ചു് നിങ്ങൾ സുഖമായി കഴിയുന്നതു കാണാൻ വേണ്ടിയല്ലേ നിൻെറ അപ്പൻ ഈ പാടെല്ലാം പെടുന്നതു്?

സെ: അമ്മേ, അമ്മ പറയുന്നതു ശരിയാണു്. പക്ഷേ, ഈ ജീവിതത്തിൽ ഈശോയെ അല്ലാതെ മററാരെയും മണവാളനായി സ്വീകരിക്കുവാൻ ഞാൻ നിശ്ചയിച്ചിട്ടില്ല.

മറിയാ: എൻെറ മോളെ, എത്രയെത്ര രാത്രികളിൽ ഉറക്കമിളച്ചു് നിൻെറ കട്ടിലിന്നരികെ ഞാൻ കഴിച്ചുകൂട്ടിയിട്ടുണ്ടു്. നീ മാത്രം ജീവനായി കഴിയുന്ന നിൻെറ അമ്മയെ വിട്ടിട്ടുപോകുവാൻ എങ്ങിനെയാണു് കുഞ്ഞേ മനസ്സുവരുന്നതു്.

സെലി: അമ്മേ, എൻെറ അവിവേകത്തെ ക്ഷമിക്കണം. ഞാനെന്താണു ചെയ്യുക?

മറിയാ: മോളെ, ഞാൻ പറന്നതു കേക്കു്. നീ വല്ല മഠത്തിലും പോയാൽ നിൻെറ ഇഷ്ടംപോലെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ആ അമ്മമാരു് നീ തിരിയുന്നതും മറിയുന്നതും ഒക്കെ കുററമാക്കും. നിൻെറ ആവശ്യത്തിനാണെങ്കിൽ ഒരു ചില്ലിപോലും കിട്ടുകയില്ല.

സെലി: അമ്മേ! ഈശോയ്ക്കുവേണ്ടി ലോകത്തെ ഉപേക്ഷിക്കുന്ന എനിക്കു് പണമെന്തിനാണു്? പണത്തോടുള്ള ദുരാഗ്രഹമല്ലേ ഇന്നു ലോകത്തിലെ എല്ലാ കഷ്ടപ്പാടുകൾക്കും കാരണം?

മറിയാ: എടീ കൊച്ചേ, നിനക്കറിഞ്ഞുകൂടാ, ഈ മഠത്തിലമ്മമാരുടെ ജീവിതം. ഞാനും എൻെറ ചെറുപ്പത്തിൽ മഠത്തിൽ ചേരാൻ പോയതാ. പിന്നെ ആ അമ്മമാരു് ശ്വാസം മുട്ടിച്ചുകളഞ്ഞില്ലയോ?

സെ: അവരെന്തു ചെയ്തമ്മേ!

മറിയാ: നിനക്കറിയാമല്ലോ, എനിക്കു ചില പ്രത്യേകതകളൊക്കെയുണ്ടു്. ചില നല്ല കറികൾ. നല്ല മുണ്ടും ചട്ടയുമൊക്കെ. ഇതൊക്കെ അവരു തരുകയില്ല. തരുന്നതുകൊണ്ടു് തൃപ്തിപ്പെടണമെന്നാണു് ഒന്നാമത്തെ നിയമം. അവിടൊരു മദറുണ്ടായിരുന്നു. അവരു പറയുന്നതുപോലെ വേണം നടക്കാൻ. ശ്വാസം വിടാമോ?

സെ: മറെറാരാൾക്കു കീഴ്പ്പെട്ടുജീവിക്കുന്നതുനല്ലതല്ലേ? അമ്മേ, ഞാൻതന്നെ അമ്മയുടെമേൽ ഭരണം നടത്തിയാൽ അതു ചീത്തയല്ലേ?

മറിയാ: എടീ, നിനക്കീ മഠത്തിലെ നിയമവും മററുമൊക്കെ അറിഞ്ഞുകൂടാ. ഒരിക്കൽ എൻെറ അമ്മയേയും അപ്പനേയും കാണാൻ വീട്ടിൽ പോകണമെന്നു പറഞ്ഞപ്പോൾ ആ മദർ എന്തെല്ലാം പറഞ്ഞെന്നോ? അതല്ലേ ഞാൻ ഈ മഠവും, കന്യാത്രീത്വവും ഒന്നും വേണ്ടെന്നുവച്ചതു്.

സെ: എൻറയമ്മേ, ഈശോയ്ക്കുവേണ്ടി അപ്പനേയും അമ്മയേയും ബന്ധുമിത്രാദികളേയും ഉപേക്ഷിക്കാത്തവരെപ്പററി എന്താണു് ഇന്നു സുവിശേഷത്തിൽ നാം വായിച്ചതു്?

മറിയാ: ഓ! നീയൊരു പ്രസംഗക്കാരി. നിൻെറ അപ്പനിതൊക്കെ കേട്ടാൽ നിന്നെ, അടിച്ചു പുറത്തിറക്കും...(പുറത്തേക്കു നോക്കിക്കൊണ്ടു്) അതാ അപ്പൻ വരുന്നു; കൈയിൽ ഒരു പൊതിയുമുണ്ടു്.

സെ: അമ്മേ ഞാൻ കഞ്ഞി വെന്തോ എന്നു നോക്കാം.

(സെലിൻ അകത്തേക്കു പോകുന്നു. ചാക്കോച്ചേട്ടൻ, ഏകദേശം 55 വയസ്സു പ്രായം, കൈയിൽ ഒരു പട്ടുസാരിയുമായി പ്രവേശിക്കുന്നു. മറിയാമ്മ എഴുന്നേൽക്കുന്നു.)

ചാക്കോ: എടീ, നോക്കു രൂപ 55-ാണു ഇതിനു വില. നിനക്കു പിടിച്ചോ?

മറിയാ: എന്തിനാ ഇതിനൊക്കെ കാശു കളയുന്നതു്. സെലീനക്കിതൊന്നും ഇഷ്ടമില്ല.

ചാക്കോ: അതെന്താ, അവളു തപസ്സുചെയ്യാൻ പോകയാണോ?

മറിയാ: അവൾ ഒരേയൊരു പിടുത്തം; കന്യാസ്ത്രീയാകണംപോലും.

ചാക്കോ: എന്താ, കന്യാസ്ത്രീയോ? ചങ്ങനാശ്ശേരിക്കാരൻ മത്തായിക്കു് അവൻെറ മകനുവേണ്ടി വാക്കുകൊടുത്തിട്ടു് ഒരാഴ്ചയായില്ല. അവളുടെ കന്യാസ്ത്രീത്വം.

മറിയാ: ഞാൻ വളരെ പറഞ്ഞുനോക്കി. ഒരു ഫലവുമില്ല. ആ കന്യാസ്ത്രീയമ്മമാരു് ഏതാണ്ടു കുത്തുകുത്തിയതാ ഈ കമ്മലീത്താക്കാരമ്മമാരു് ആരാണെന്നോ?

ചാക്കോ: ങ്ഹാ...അത്രയ്ക്കായോ? അവൾക്കിത്ര അനുസരണയില്ലാതായോ? ആരു ജയിക്കുമെന്നു ഞാനൊന്നു നോക്കട്ടെ.

മറിയാ: ആ കൊച്ചിനോടെന്തിനാ ദേഷ്യപ്പെടുന്നതു്. ആ അമ്മമാരുടെ കാര്യം കാണിച്ചു് നമ്മുടെ അച്ചനൊരെഴുത്തെഴുതണം.

ചാക്കോ: ശരി. ഇന്നുതന്നെ ഒരെഴുത്തിട്ടുകളയാം. എത്രയെത്ര പിതാക്കന്മാരുടെ പ്ലാനുകളാണു് ഈ അമ്മമാരു തകർത്തുകളയുന്നതു്. കഷ്ടം!

മറിയാ: ഞാനേതായാലും അവളോടൊന്നുകൂടി പറഞ്ഞുനോക്കാം.

ചാക്കോ: ഞാൻ പറഞ്ഞതു കേട്ടില്ലെങ്കിൽ അവളുടെ എല്ലു ഞാനൊടിക്കുമെന്നു് പറഞ്ഞേക്കു്. ധിക്കാരി! അവളെ പത്താം ക്ലാസ്സുവരെ പഠിപ്പിച്ചപ്പോൾ ഞാനോർത്തതാ, ഇതെനിക്കു കുരിശാണെന്നു്.

മറിയാ: ഏതായാലും വന്നേ! ചന്തയിൽനിന്നും വരുന്നവഴിയല്ലേ, സ്വല്പം കാപ്പി കുടിക്കൂ.

(ഇരുവരും അകത്തേക്കു പോകുന്നു.) കർട്ടൻ. (തുടരും)

ആദ്ധ്യാത്മികവീഥി

# പരിത്യാഗപരിശീലനം

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

പരിത്യാഗാഭ്യാസത്തിൻെറ ഒരു പ്രധാനഘടകം സന്മാതൃകയാണു്. അതില്ലാതെ നാം എത്രതന്നെ ഉപദേശിച്ചാലും ഒരു പ്രയോജനവുമില്ല. വീട്ടിൽ വരുന്ന ഭിക്ഷുക്കളോടു ദയാപൂർവ്വം വർത്തിക്കയും ഈശോയ്ക്കെന്നവണ്ണം സന്തോഷത്തോടുകൂടി അവർക്കു കഴിവുള്ള ധർമ്മം കൊടുക്കുകയുംചെയ്യുന്നതു കാണുന്നതുതന്നെ കുട്ടികൾക്കു നല്ല പ്രചോദനമാണു്. നിവൃത്തിയുള്ളപ്പോളെല്ലാം അവരെക്കൊണ്ടുതന്നെ ധർമ്മം കൊടുപ്പിക്കണം. വി. കൊച്ചുത്രേസ്യായുടെ പിതാവു് അവളെക്കൊണ്ടു ധർമ്മം കൊടുപ്പിച്ചിരുന്നതായി പുണ്യവതിതന്നെ പറയുന്നുണ്ടല്ലോ. അവൾക്കതു വലിയ സന്തോഷമായിരുന്നു.

നാം കൊടുക്കുന്ന സാധനത്തേക്കാൾ കൊടുക്കുന്ന വിധത്തിനു പ്രാധാന്യംനൽകണം. ഒരു നാലണ അതൃപ്തിയോടുകൂടി അല്ലെങ്കിൽ അലക്ഷ്യഭാവത്തിൽ എറിഞ്ഞു കൊടുക്കുന്നതിനെക്കാൾ ഒരു കാലണ സന്തോഷത്തോടും ആദരവോടുംകൂടി കൊടുക്കുന്നതായിരിക്കും വാങ്ങുന്ന ആളിനു കൂടുതൽ ഹൃദ്യമായി തോന്നുന്നതു്. ഈ മനോഭാവം തങ്ങളുടെ മാതൃകകൊണ്ടു കാണിച്ചുകൊടുക്കുന്നതിനു മാതാപിതാക്കന്മാർ ശ്രമിക്കേണ്ടതാണു്.

ഒരിക്കൽ ഒരു ഭിക്ഷു തനിക്കു ലഭിച്ച സാമാന്യം നല്ല ഭക്ഷണം കണ്ണുനീർ വീഴ്ത്തിക്കൊണ്ടു് ദുഃഖഭാവത്തിൽ ഭക്ഷിക്കുന്നതായി കണ്ടു. എന്താ അതിനു കാരണമെന്നു ചോദിച്ചപ്പോൾ അയാൾ പറഞ്ഞ മറുപടി ഇതാണു്: "ഞാൻ ഇന്നലെ മുതൽ പട്ടിണിയായിട്ടാണു് ഇവിടെവന്നു കുറെ ഭക്ഷണം ഇരക്കിയതു്. "ഇക്കൂട്ടരെക്കൊണ്ടു മടുത്തല്ലോ; നേരം വെളുത്തേയുള്ളു. ഇതാ വന്നിരിക്കുന്നു ശല്യപ്പെടുത്താൻ. ഇവിടെ ഒന്നുമില്ല; പൊയ്ക്കോ എങ്ങോട്ടാണെങ്കിൽ" എന്നുംപറഞ്ഞു് ആട്ടിയതിനുശേ


അമിതപുഷ്ടിപ്പു,
ഉഷ്ണാധിക്യവും,
രക്തദൂഷ്യവും,
('കഫ' 'പിത്ത' 'മേദസ്സു'കൾ വദ്ധിക്കൽ)
നിമിത്തമുണ്ടാവുന്ന

| | |
|---|---|
| രക്തസമ്മർദ്ദം, | തലവേദന, |
| തലചുററൽ, | ഓർമ്മക്കുറവു്, |
| നീർവീഴ്ച, | ചുമ, |
| നീരിറക്കം, | ഏങ്ങൽ, |
| അർശസ്സു്, | അഗ്നിമാന്ദ്യം, |
| വയറുവേദന, | പ്രമേഹം, |
| ചൊറി, | വ്രണം, |

അമിതമായ ഹൃദയസ്പന്ദനം
തുടങ്ങിയ രോഗങ്ങളെ ശമിപ്പിക്കുന്നതിന്നും. കഫം, മേദസ്സ്, ശുക്ലം, ആർത്തവരക്തം, മലം, മൂത്രം, വിയർപ്പ് എന്നിവകളുടെ ഉരുക്കത്തേയും, അമിതസ്രാവത്തേയും തടയുന്നതിന്നും— അതാതുകൾക്കാവശ്യമുള്ള ഉറപ്പിനെ നൽകി യഥാസ്ഥാനങ്ങളിൽ നിലനിർത്തുന്നതിന്നും





ഉപയോഗിക്കുക
20 ഔൺസു് കുപ്പി 1ക്കു് 2 0 0
റജിസ്റ്റേഡ് പാർസൽ അയക്കുന്നതിന്ന് മുൻകൂർ അയക്കേണ്ടതു് --- 4 0 0
ഫോൺ: അളഗപ്പനഗർ - 5 4 2
ടെലിഗ്രാം: കാളൻ, അളഗപ്പനഗർ
കാളൻ, നെല്ലായി (S.INDIA)

# 11-ാം ഇന്നസെന്റ് മാർപ്പാപ്പാ വാഴ്ത്തപ്പെട്ടവനെന്നു പ്രഖ്യാപിക്കപ്പെട്ടു

## സെന്റ് പീറേറഴ്സിലെ ഭക്തിനിർഭരവും ആഡംബരപൂർവ്വകവുമായ പരിപാടികൾ


(ടി. മാണിക്കത്തു്, റോം)

പതിനേഴാം നൂററാണ്ടിൽ ജീവിച്ചുമരിച്ച ഒരു പുണ്യദേഹമാണ് ഇന്നസെന്റ് പതിനൊന്നാമൻ മാർപ്പാപ്പാ. ഈ ഒക്ടോബർ 7-ാം തീയതിയാണ് അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനെന്നു പേരുവിളിച്ചതു്. കൊന്തമാതാവിന്റെ തിരുനാളായ ഒക്ടോബർ 7-ാംനു-ഞായറാഴ്ച കാലത്തു വമ്പിച്ച ഒരു ജനാവലി നാമകരണപരിപാടികളിൽ സംബന്ധിക്കുന്നതിനായി സെന്റ് പീറേറഴ്സ് ദേവാലയത്തിൽ തടിച്ചുകൂടി. രാവിലെ പത്തുമണിക്ക് പ്രധാനകാർമ്മികനായ കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി സ്ഥാനവസ്ത്രങ്ങളണിഞ്ഞ് അൾത്താരയുടെ ഇടതുഭാഗത്ത് പ്രത്യേകം സജ്ജമാക്കിയിരുന്ന സിംഹാസനത്തിലേക്ക് ആനീതനായി. ഒമ്പതു കർദ്ദിനാളന്മാരും അനേകം മെത്രാന്മാരും മെത്രാപ്പോലീത്താമാരും തിരുമേനിയെ അനുഗമിച്ച് അവരവരുടെ നിശ്ചിതസ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചു. 11-ാം ഇന്നസെന്റ് പാപ്പായുടെ നാമകരണംസംബന്ധിച്ച് വേണ്ട നടപടികൾ എടുക്കുന്നതിനു നിയമിച്ചിരുന്ന പോസ്റ്റുലേററർ അദ്ദേഹത്തിന്റെ സഹായികളോടുകൂടി മദ്ബഹായിൽ പ്രവേശിച്ചതിനെത്തുടർന്ന് റീത്തുകളുടെ തിരുസ്സംഘത്തിന്റെ സിക്രട്ടറി പ്രസ്തുത തിരുസംഘത്തിന്റെ പ്രീഫെക്ടായ കർദ്ദിനാളിനോട്, തങ്ങൾക്കു ഇന്നസെന്റ് 11-ാമനെ വാഴ്ത്തപ്പെട്ടവനെന്നു പേരുവിളിക്കുന്നതിനുള്ള അപ്പസ്തോലികാനുമതി ലഭിച്ചിട്ടുണ്ടെന്നറിയിച്ചു. അതു പരസ്യമായി വായിക്കുന്നതിനു അനുമതി ലഭിച്ചതോടെ, മോൺ: മർചീനി ഉയർന്ന ഒരു പീഠത്തിൽ കയറിനിന്നു പ്രസ്തുത ബൂളാ വിളംബരംചെയ്തു. ബൂളാ വായിച്ചുകഴിഞ്ഞപ്പോൾ കാർമ്മികൻ 'Te Deum' എന്ന സ്തോത്രഗീതം ആലപിച്ചു. അനന്തരം വിശ്വാസികളുടെ ഹർഷാരവത്തിനിടയിൽ വാഴ്ത്തപ്പെട്ട ഇന്നസെന്റ് പതിനൊന്നാമന്റെ തിരുശ്ശേഷിപ്പുൾക്കൊള്ളുന്ന പേടകവും, അദ്ദേഹത്തിന്റെ മഹത്വത്തെ കുറിക്കുന്ന ഛായാപടവും വി. പത്രോസിന്റെ ബസ്ലിക്കായുടെ പ്രധാനഅൾത്താരയുടെ നടുവിൽ അനാച്ഛാദനംചെയ്യപ്പെട്ടു. മറെറാരുപടം അതേസമയത്തുതന്നെ ബസ്ലിക്കായുടെ മുമ്പിലും അനാച്ഛാദനം ചെയ്യപ്പെട്ടു



സെന്റ് പീറേറഴ്സിലെ പ്രധാനഅൾത്താരയിൽ വാഴ്ത്തപ്പെട്ട 11-ാം ഇന്നസെന്റ് മാർപ്പാപ്പായുടെ ഛായാപടം അനാച്ഛാദനം ചെയ്യപ്പെട്ട രംഗം. ബലിപീഠത്തിനു മുകളിലുള്ള പേടകത്തിൽ പുണ്യവാന്റെ തിരുശേഷിപ്പുകൾ കാണാം.


സ്തോത്രഗീതത്തിന്റെ അവസാനത്തിൽ 'Oremus' എന്ന പ്രാർത്ഥനാഭാഗം പ. പിതാവ് വേനൽക്കാലവസതിയായ കാസ്റ്റൽഗണ്ടോൾഫോയിൽനിന്നും വത്തിക്കാൻ റേഡിയോവഴി പാടുകയാണുണ്ടായതു്. പ്രാർത്ഥനയ്ക്കുശേഷം പ. മാർപ്പാപ്പാ, ഇന്നസെന്റ് പതിനൊന്നാമന്റെ ജീവിതത്തെ പുരസ്കരിച്ച് 50 മിനിററുസമയം ദീർഘിച്ച ഒരു പ്രസംഗം കത്തോലിക്കാലോകത്തോടായി ചെയ്തു. പ്രസ്തുത പ്രസംഗത്തിൽ പരി. പിതാവ് അവിടുത്തെ പ്രിയപ്പെട്ട മുൻഗാമിയെ വാഴ്ത്തപ്പെട്ടവനെന്നു പേരുവിളിക്കുന്നതിനു അവിടുത്തേക്കുള്ള സന്തോഷം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ പരിശുദ്ധ ജീവിതത്താലും തിരുസ്സഭയിൽ അദ്ദേഹം വരുത്തിയ നിരവധി പരിഷ്കരണങ്ങളാലും, സന്മാർഗ്ഗോപദേശങ്ങളുടെ പരിപാലകൻ, ക്രിസ്തുസഭയുടെ രക്ഷകൻ എന്നീ നിലകളിലും 'Homo Dei' (ദൈവത്തിന്റെ മനുഷ്യൻ) എന്ന പേരിനു് അദ്ദേഹം തികച്ചും അർഹനായിരിക്കുന്നുവെന്നു് പ. പിതാവ് വിശദീകരിച്ചു. പരിശുദ്ധ പിതാവിന്റെ പ്രസംഗത്തിനുശേഷം കർദ്ദിനാൾ തിസ്സരാങ്ങ് തിരുമനസ്സുകൊണ്ടു് പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. കാലത്തെ ചടങ്ങുകൾ അവസാനിച്ചു.



വാഴ്ത്തപ്പെട്ട ഇന്നസെന്റ് 11-ാമനോടുള്ള ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുന്നതിനു പരിശുദ്ധ പിതാവ് വിശുദ്ധ പത്രോസിന്റെ ബസ്ലിക്കായിൽ എഴുന്നെള്ളി പ്രാർത്ഥനാനിരതനായി നില്ക്കുന്നു.

### പൊതുവണക്കപ്രകടനം

വൈകുന്നേരം അഞ്ചരമണിക്കു പ. പിതാവ് കാസ്റ്റൽഗൺഡോൾഫോയിൽനിന്നും വാഴ്ത്തപ്പെട്ടവനെ വണങ്ങുന്നതിനായി വി. പത്രോസിന്റെ ബസ്ലിക്കായിലേക്കെഴുന്നെള്ളിയിരുന്നു. ആദ്യമായി നടത്തപ്പെട്ട ദിവ്യകാരുണ്യാശീർവ്വാദകർമ്മത്തിൽ പരി. മാർപ്പാപ്പാ സംബന്ധിച്ചു. 6 കർദ്ദിനാളന്മാരും അനേകം മെത്രാന്മാരും മെത്രാപ്പോലീത്താമാരും അമ്പതിനായിരത്തിൽപ്പരംവരുന്ന ഒരു വമ്പിച്ച ജനക്കൂട്ടവും ഈ ചടങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി. ഉദ്ദേശം ആറേകാൽമണിക്കാണ് ബസ്ലിക്കായിലെ ചടങ്ങുകൾ അവസാനിച്ചതു്. ബസ്ലിക്കായിലെ കർമ്മങ്ങൾക്കുശേഷം സെന്റ് പീറേറഴ്സിന്റെ അങ്കണത്തിൽ തടിച്ചുകൂടിയിരുന്ന ഭക്തജനതയെ മാർപ്പാപ്പാ തിരുമേനി അവിടുത്തെ പഠനമുറിയുടെ വാതായനത്തിൽ നിന്നുകൊണ്ടു് അപ്പസ്തോലികാശീർവ്വാദംനൽകി അനുഗ്രഹിച്ചു.



കാസ്റ്റൽഗണ്ടോൾഫോയിലെ പേപ്പൽപഠനമുറിയിലിരുന്നു പരിശുദ്ധ പിതാവ് നാമകരണപരിപാടികൾ ശ്രദ്ധിച്ചശേഷം പ്രാർത്ഥനയും പ്രഭാഷണവും പ്രക്ഷേപിക്കുന്നു.

### ജീവചരിത്രം

11-ാം ഇന്നസെന്റ് മാർപ്പാപ്പാ 1611-ൽ റോമിലെ കുലീനമായ ഒഡെസ്കാലികുടുംബത്തിൽ ജനിച്ചു. 11-ാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ പിതാവും 19-ാം വയസ്സിൽ അദ്ദേഹത്തിന്റെ മാതാവും ചരമമടഞ്ഞു. കുറേക്കാലം ബാങ്കിലും കുറേക്കാലം വക്കീലായും ജോലിനിർവ്വഹിച്ചിട്ടുണ്ടു്. 1640-ൽ നേപ്പിൾസിൽവച്ചു വൈദികപദവിയിലേക്കുയർത്തപ്പെട്ടു. 1644-ൽ റോമൻ പ്രിലറേററിയത്തിലെ ഒരംഗമെന്നനിലയിൽ മാക്കിലെ കമ്മിസ്സാറായും, മാസർബായുടെ ഗവർണ്ണറായും അയക്കപ്പെട്ടു. 1650-ൽ നൊവോരായുടെ മെത്രാനായി. 1676 സെപ്റ്റംബർ 21-ാം തീയതിയാണ് ഇന്നസെന്റ് പതിനൊന്നാമൻ എന്ന പേരോടുകൂടി മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടതു്.

### ഭരണകാലനേട്ടങ്ങൾ

തിരുസഭയുടെ സർവ്വതോമുഖമായ അഭിവൃദ്ധിയിൽ തിരുമേനി പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചതിന്റെ തെളിവാണ് ലാററിൻ അമേരിക്കയിൽ പുതിയ വികാരിയാത്തുകൾ സ്ഥാപിച്ചതും വേദപ്രചാരത്തെ, പ്രത്യേകിച്ച് പേർസ്യയിൽ, പിന്താങ്ങിക്കൊണ്ടു് മാനിലായിലും ഗ്വാത്തെമാലായിലും സർവ്വകലാശാലകൾ സ്ഥാപിച്ചതും. കത്തോലിക്കാവിശ്വാസത്തെ പ്രോട്ടസ്റ്റന്റ് അബദ്ധസിദ്ധാന്തത്തിൽനിന്നു രക്ഷിക്കുകയും ഇംഗ്ലണ്ടിലെ ജയിംസ് രണ്ടാമന്റെ സാഹസികപ്രവർത്തനങ്ങളെ പരാജയപ്പെടുത്തുകയുംചെയ്തു.

Quietism (ഒരു പാഷണ്ഡത)ത്തെ ശപിക്കുകയും, പിശാചിന്റെ വലയിൽപ്പെട്ടു തെററിപ്പോയവരുടെ നേരെ കാരുണ്യം കാണിച്ച് അവരെ തിരിയെ തിരുസഭയിലേക്കു കൊണ്ടുവരികയും, അവ്യക്തതയിൽനിന്നുണ്ടാകുന്ന തെററുകളെ പരിഹരിക്കുന്നതിനുവേണ്ടി വിശ്വാസികൾക്കു വേദതത്വങ്ങളിൽ ശരിയായ അഭ്യസനം നൽകുകയും ചെയ്തു.

അതിശയിക്കത്തക്ക തീക്ഷ്ണതയോടുകൂടി തിരുമനസ്സുകൊണ്ടു ജനങ്ങളുടെ വസ്ത്രധാരണപരിഷ്കരണത്തിനുവേണ്ടി പരിശ്രമിക്കുകയും, വേദപുസ്തകസിദ്ധാന്തങ്ങൾക്കനുരൂപമായ ജീവിതത്തിലേക്കു് വൈദികരേയും അൽമായരേയും ആഹ്വാനം ചെയ്കയും ആനയിക്കുകയും ചെയ്തു.

---

ഷമാണു് പോകുന്നില്ലെന്നു കണ്ടപ്പോൾ ഇന്നലെ ശേഷിച്ചിരുന്ന കുറെ ചോറുതന്നതു്. വേറെ വല്ലിടത്തുനിന്നും എന്തെങ്കിലും കിട്ടുമായിരുന്നെങ്കിൽ ഞാൻ ഉടനെ ഇറങ്ങിയേനെ. പക്ഷെ മൂന്നുനേരം കഞ്ഞിവയ്ക്കുന്ന വീട്ടു ഇവിടങ്ങളിൽ ഇതല്ലേ ഉള്ളൂ. നല്ല മുഖത്തോടെ വെറും കഞ്ഞിവെള്ളംമാത്രം തന്നിരുന്നെങ്കിൽ എനിക്കു കുറേക്കൂടി തൃപ്തിയായിരുന്നേനെ."

വിശ്വാസത്തിന്റെ അരൂപി ഉണ്ടെങ്കിൽ മാത്രമേ ഭിക്ഷുക്കളിൽ ഈശോയെ കാണുന്നതിനും തദനുസരണം വ്യാപരിക്കുന്നതിനും സാധിക്കയുള്ളൂ. നമുക്കു ഒന്നും കൊടുക്കാനില്ലെങ്കിൽ കുറഞ്ഞപക്ഷം ഒരു നല്ല വാക്കെങ്കിലും പറയാമല്ലോ. പലപ്പോഴും ധനവാന്മാരെക്കാൾ വളരെ കൂടുതൽ ഔദാര്യത്തോടുകൂടി സാധുക്കൾ സാധുക്കളെ സഹായിക്കാറുണ്ടു്. കുറെ കൊല്ലങ്ങൾക്കുമുൻപു ഈ എഴുത്തുകാരൻ ഒരു വഞ്ചിയിൽ സാമാന്യം ദീർഘമായ ഒരു യാത്ര കഴിക്കയായിരുന്നു. ഉച്ചയ്ക്കു കഴിക്കുന്നതിനു ഭക്ഷണവും എടുത്തിട്ടുണ്ടായിരുന്നു. ഭക്ഷണത്തിനു സമയമായപ്പോൾ വള്ളം ഒരു സ്ഥലത്തടുപ്പിച്ചു. എന്റെ ഊണുകഴിഞ്ഞു. വള്ളക്കാരൻ ഉണ്ടുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരു ഭിക്ഷു അവിടെ വന്നു് വല്ലതും കിട്ടിയാൽ കൊള്ളാമെന്നു പറഞ്ഞു. "ഇയാൾ ഇപ്പോൾ വന്നതു ഗുരുത്വമായി. താൻ ഇങ്ങോട്ടിരുന്നോ, ഞാൻ നിറുത്തിയേക്കാം" എന്നു പറഞ്ഞുകൊണ്ടു് ബാക്കിയുണ്ടായിരുന്ന ചോറു വള്ളക്കാരൻ അയാൾക്കു കൊടുത്തു. എനിക്കു അത്ഭുതം തോന്നി അയാളുടെ ഔദാര്യം കണ്ടിട്ടു്. വള്ളം ഊന്നി വിശന്നു ക്ഷീണിച്ചിരുന്ന ആ മനുഷ്യൻ അസാധാരണമായ ഒരു ത്യാഗം, അതും എത്ര നന്മനസ്സോടെ അനുഷ്ഠിക്കുന്നു! "എനിക്കു വിശന്നു, നീ എനിക്കു ഭക്ഷിക്കുവാൻ തന്നു" എന്നു നമ്മുടെ കർത്താവു അരുൾചെയ്യുന്നതു കേൾക്കുവാനുള്ള ഭാഗ്യം നിശ്ചയമായും അയാൾക്കുണ്ടാകും. വിധവയുടെ കൊച്ചുകാശുപോലെ പല ധനവാന്മാരുടെ വലിയ ദാനങ്ങളെക്കാൾ ഇപ്രകാരമുള്ള ഉദാരമായ ത്യാഗങ്ങൾ കർത്താവിനു കൂടുതൽ സ്വീകാര്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

അദ്ദേഹം ലൂയി 14-ാമന്റെയും ഫ്റഞ്ച് അസംബ്ളിയുടേയും ഔദ്ധത്യപൂർവ്വകമായ എതിർപ്പുകൾക്കെതിരായി സത്യസഭയുടെ സന്മാർഗ്ഗോപദേശങ്ങളെ കാത്തുപാലിക്കുന്നതിനു നിർഭയം പ്രബോധനങ്ങൾ നൽകിക്കൊണ്ടിരുന്നു

## അത്ഭുതങ്ങൾ

സിദ്ധനെന്നു പേരുവിളിക്കാൻ കൂലങ്കഷമായ പരിശോധനയ്ക്കുശേഷം യഥാർത്ഥ അത്ഭുതങ്ങളാണെന്നു തെളിഞ്ഞ രണ്ടത്ഭുതങ്ങൾ എങ്കിലും ഉണ്ടായിരിക്കണമെന്നാണ് നിയമം. 11-ാം ഇന്നസെൻറിനെ സംബന്ധിച്ച ആദ്യത്തേത് മരിയാ-മഗ്ദലേനാ എന്ന കന്യാസ്ത്രീക്കു ലഭിച്ച അത്ഭുതരോഗശാന്തിയാണ്. ഏതാനും വർഷങ്ങളായി അവക്കു കാൻസർ രോഗം ബാധിച്ചിരുന്നു. രോഗം ബാധിച്ചിടത്തു് അതികഠിനമായ വേദന രാവും പകലും അനുഭവപ്പെട്ടിരുന്നു. ആ മഠത്തിലെ ഡോക്ടർ മററു രണ്ടു ഡോക്ടർമാരോടുകൂടി ആലോചിച്ചതിനുശേഷം, പ്രസ്തുതരോഗത്തിനു ശമനം കിട്ടണമെങ്കിൽ, രോഗമുള്ള ഭാഗം തീകൊണ്ടു പൊള്ളിച്ചതിനുശേഷം മുറിച്ചുകളയണമെന്നു അഭിപ്രായപ്പെട്ടു. എന്നാൽ പാവനചരിതനായ ഇന്നസെൻറിൽ പരിപൂർണ്ണമായി വിശ്വസിച്ച് ആ കന്യക 1690-ലെ പെന്തക്കോസ്തു ദിവസത്തിൽ തിരുമേനി വെഞ്ചരിച്ച "ആഞ്ഞൂസ് ദേയി" എന്ന തിരുവസ്തു വേദനയുള്ള ഭാഗത്തു് തൊടുവിച്ചു. ശക്തിയായ വേദനയും വിയർപ്പും അനുഭവപ്പെട്ടു. എങ്കിലും അതേത്തുടർന്ന് പ്രസ്തുത രോഗം അത്ഭുതകരമാംവിധം പരിപൂർണ്ണമായി സുഖപ്പെട്ടു.

രണ്ടാമത്തേതു് ഇഗ്നേഷ്യസ് ഡയമന്തേക്കു കിട്ടിയ രോഗശമനമാണ്. അദ്ദേഹത്തിന്റെ ഇടത്തെ കാലിന്റെ കണ്ണയ്ക്കു് അസ്ഥിയോളം എത്തുന്ന ഒരു വ്രണമുണ്ടായിരുന്നു. പല ഡോക്ടർമാരെക്കൊണ്ടും ചികിൽസിപ്പിച്ചിട്ടും യാതൊരു കുറവും കാണാതെ ഭഗ്നാശനായ അദ്ദേഹം ഒരു രാത്രി ഇന്നസ്സെൻറ് മാർപ്പാപ്പാ ആശീർവ്വദിച്ച "ആഞ്ഞൂസ് ദേയി" എന്ന തിരുവസ്തു തൻെറ മുറിവിൽവച്ചു. ഉടനെ അദ്ദേഹം ഗാഢനിദ്രയിൽ ലയിച്ചു. കാലത്തു് ഏവരേയും അത്ഭുതപ്പെടുത്തുമാറ്, മുറിവുണ്ടായിരുന്ന ഭാഗം സുഖപ്പെട്ട് അവിടെ മാംസം വന്നു മൂടിയിരിക്കുന്നതായി കണ്ടു. നിഷ്കൃഷ്ടമായ പരിശോധനയ്ക്കുശേഷം ഈ സംഭവങ്ങൾ ശരിയായ അത്ഭുതങ്ങളാണെന്നു തീരുമാനിക്കപ്പെടുകയും വാഴ്ത്തപ്പെട്ടവനെന്നു പേരുവിളിക്കുവാൻ അവ അംഗീകരിക്കപ്പെടുകയും ചെയ്തു.

(1-ാംപേജ് തുടർച്ച)

കയുണ്ടായി. പ്രസ്തുത സന്ദർശനത്തിന്റെ വിവരങ്ങൾ പാത്രിയർക്കേററിന്റെ വകയായി നടത്തപ്പെടുന്ന "അപ്പസ്തോലോസ് അന്ത്രേയാസ്" എന്ന പത്രികയിൽ 1956 മാർച്ച് 21-ാംനു പ്രസിദ്ധപ്പെടുത്തി. കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാപ്പോലീത്തായ്ക്കുള്ള ഒരു കത്തിന്റെ രൂപത്തിലാണ് പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടതു്. ഗ്രീക്കുഭാഷയിലുള്ള ആ റിപ്പോർട്ടിന്റെ പ്രധാനഭാഗം താഴെ ചേർക്കുന്നു:-

"മാർ ബാസിലിയോസ് കാതോലിക്കോസ് തിരുമേനിക്കു ഞാൻ എന്നെത്തന്നെ പരിചയപ്പെടുത്തി. ഞാൻ മേൽപ്രസ്താവിച്ചിട്ടുള്ള സഭയുടെ (മലബാറിലെ സുറിയാനി ഓർത്തഡോക്സ്സഭയുടെ) മേലദ്ധ്യക്ഷനാണ് അദ്ദേഹം. അങ്ങയുടെ എഴുത്തു അദ്ദേഹത്തിനു ഞാൻ കൊടുത്തു. വേദപുസ്തകത്തിലെ ഒരു പൂർവ്വപിതാവെന്ന നിലയിലാത്രെ അദ്ദേഹം അദ്ദേഹത്തിന്റെ കീഴിലുള്ള വൈദികരാൽ പരിഗണിക്കപ്പെടുന്നതു്. തൊണ്ണൂറോടടുത്തുവയസ്സു പ്രായമുള്ള തിരുമേനി കാഴ്ചയിൽ പ്രായത്തിനടുത്തവിധം തന്നെ കാണപ്പെടുന്നു. കോറ പീലിപ്പോസ് എന്ന യുവസന്യാസി വൈദികൻവഴിയാണ് അദ്ദേഹം എന്നോടു സംസാരിച്ചതു്. ആ യുവവൈദികൻ 1952-ൽ അങ്ങയെ സന്ദർശിച്ചിട്ടുണ്ട്. ഇക്കുമേനിക്കൽപാത്രിയർക്കീസായ അവിടുത്തോടു അദ്ദേഹത്തിനു വളരെ ആദരവുണ്ട്. എഴുത്തിലെ ആശയങ്ങൾ ഞാൻ കാതോലിക്കോസിനു വിവരിച്ചുകൊടുത്തു. അങ്ങേക്കും കോൺസ്റ്റാൻറിനോപ്പിളിലെ മാതൃസഭയ്ക്കും പൗരസ്ത്യസഭകളോട് പൈതൃകമായ വാത്സല്യമുണ്ടെന്നു ഞാൻ വിശദീകരിച്ചുകൊടുത്തു. 1951-ൽ കൽക്കദോനിയാ സൂനഹദോസിന്റെ 15-ാം ശതാബ്ദാഘോഷാവസരത്തിൽ അവിടുന്നു പുറപ്പെടുവിച്ച തിരുവെഴുത്തിൽ ഈ താല്പര്യം രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഞാൻ ചൂണ്ടിക്കാണിച്ചു. ഇതിനു മറുപടിയായി കാതോലിക്കോസ് തിരുമേനി ഹൃദയംഗമമായ കൃതജ്ഞത പ്രകാശിപ്പിച്ചു. എന്നെത്തന്നെ അദ്ദേഹത്തിന്റെ പക്കലേക്കു അയച്ചതിൽ അങ്ങു പ്രകടിപ്പിച്ച സ്നേഹാദരവുകൾ അദ്ദേഹത്തെ അതിയായി സന്തോഷിപ്പിച്ചു. അദ്ദേഹത്തിന്റെ ആദരവും കൃതജ്ഞതയും അങ്ങയെ അറിയിക്കണമെന്നു എന്നോടാവശ്യപ്പെട്ടു. അതിനുശേഷം "മേക്കിൽ ശ്രീ ആത്ലേഹ് ലബെഡോക്മോർആഖ് മെൽത്തോക്കു ബാഷ്ലോമോ" (എൻെറ കർത്താവേ, നിന്റെ വചനംപോലെ നിന്റെ ദാസനെ ഇപ്പോൾ സമാധാനത്തിൽ വിട്ടയക്കേണമെ" ലൂക്കാ II, 29) എന്നു തിരുമേനിക്കു ഇപ്പോൾ ആലപിക്കാൻ കഴിയുമെന്നു അദ്ദേഹം പ്രസ്താവിച്ചു. അനന്തരം നമ്മുടെ പാത്രിയർക്കാസിംഹാസനത്തിന്റെ ബഹുമാനാർത്ഥം നടത്തപ്പെട്ട സായാഹ്നപ്രാർത്ഥനയിൽ സംബന്ധിക്കുവാനും, തീവ്രമായി ജനങ്ങൾ പ്രതീക്ഷിക്കുന്നതായ അങ്ങയുടെ പ്രാർത്ഥനകളേയും ആശിസ്സുകളേയും സംബന്ധിച്ച് അവരോടു പറയുവാനും എന്നോടാവശ്യപ്പെട്ടു. സായാഹ്നപ്രാർത്ഥനയ്ക്കു ഞാനും പോയിരുന്നു. പിംഗലവർണ്ണമുള്ള അവരുടെ വദനങ്ങളും, തിളങ്ങുന്ന കണ്ണുകളും, നിലംവരെ എത്തുന്ന വെള്ളവസ്ത്രങ്ങളു (മുണ്ടു്) മായി അവിടെ കൂടിയിരുന്ന ഭക്തിതീക്ഷ്ണതയുള്ള ജനങ്ങളുടെ ആ സമൂഹം എന്നെ ഹഠാദാകർഷിച്ചു. പ്രാർത്ഥനയുടെ അവസാനത്തിൽ ജനങ്ങളുടെ ആഗ്രഹാനുസരണം ഞാൻ അവരെ ആശീർവ്വദിച്ചു. അതിനുശേഷം അവരുടെ കൃതജ്ഞതയുടേയും ബഹുമാനത്തിന്റേയും പ്രകടനമായി മുന്നോട്ടുവന്നു എൻെറ കരവും എൻെറ കൊൾപിയനും (മെത്രാൻകുരിശിന്റെ സ്ഥാനത്തുപയോഗിക്കുന്നതു് സാധാരണയായി അതു് കർത്താവിന്റേയോ മാതാവിന്റേയോ രൂപമുള്ള ലോഹനിർമ്മിതമായ ചിഹ്നമാണ്) ചുംബിച്ചു. റവ. പീലിപ്പോസ് അവർകൾ എൻെറ വാക്കുകളെ പരിഭാഷപ്പെടുത്തി. ഈ ചടങ്ങു അരമണിക്കൂറോളം നീണ്ടുനിന്നു. ദൈവം എത്ര നല്ലവനാണ്; മാതാവായ വിശുദ്ധ സഭയോടു് ഞാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നു! പ്രസ്തുത വിനാഴികകളിലാണ് നമ്മുടെ ആത്മീയശക്തി പുനർജ്ജീവിക്കുന്നതും, ജീവജലത്തിന്റെ ഉറവ നമ്മിൽ ഉയരുന്നതും! ഇന്നു ഞാൻ കാതോലിക്കോസ് തിരുമേനിയോടു സംസാരിക്കുന്നതും അങ്ങു നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളെക്കുറിച്ചു ചർച്ചചെയ്യുന്നതുമാണ്. ഇന്നു ഉച്ചതിരിഞ്ഞു് ഞാൻ കോളേജു സന്ദർശിച്ചശേഷം (മാർത്തോമ്മാസഭയുടെ) ജോൺ മാർ തോമസ് മെത്രാപ്പോലീത്തായെ പോയി കാണുന്നുണ്ടു്. ഹോംസിൽ നിവസിക്കുന്ന മാർ ഇഗ്നേഷ്യസ് പാത്രിയർക്കീസിനെ അംഗീകരിക്കുന്ന മററു സുറിയാനി ഓർത്തഡോക്സ്സഭാമേലദ്ധ്യക്ഷന്മാരേയും സന്ദർശിക്കാൻ ഞാൻ ശ്രമിക്കും...."

റിപ്പോർട്ടിലെ ശേഷംഭാഗങ്ങളിൽനിന്നു മനസ്സിലാകുന്നതു്, കോൺസ്റ്റാൻറിനോപ്പിളിലെപാത്രിയർക്കീസിനോടു പരിപൂർണ്ണമായി ഐക്യപ്പെടുന്നതിനുള്ള സന്നദ്ധത കാതോലിക്കോസ് പ്രകടിപ്പിച്ചുവെന്നാണ്. അപ്രകാരം പ്രവർത്തിക്കുന്നതിനു പാത്രിയർക്കീസിന്റെ അനുമതി അദ്ദേഹം കാത്തിരിക്കുകയാണെന്നു് മാൾട്ടയിലെ ജോൺമെത്രാനോടു കാതോലിക്കോസ് പറഞ്ഞു.

കാതോലിക്കോസ്കക്ഷിയുടെ ഭാവി എന്തുതന്നെയായിരുന്നാലും കത്തോലിക്കാസഭയോടു ഐക്യപ്പെട്ടാൽ മാത്രമേ "ജീവന്റെ ഉറവ" അവർ കണ്ടെത്തുകയുള്ളുവെന്നു അവരുടെ നേതാക്കന്മാർ മനസ്സിലാക്കിയിരുന്നെങ്കിൽ എന്നു ആശിക്കുവാൻമാത്രമേ നമുക്കു കഴിയൂ! മററു സകല പരിശ്രമങ്ങളും ആശ്വാസങ്ങൾക്കുപകരം കൂടുതൽ അനിഷ്ടഫലങ്ങളേ ഉളവാക്കുകയുള്ളു. മാർ ഈവാനിയോസിനോടുകൂടി സഹകരിച്ചുപ്രവർത്തിക്കാൻ അവർ ചെയ്ത നിശ്ചയം അവസാനംവരെ അവർ പാലിച്ചിരുന്നെങ്കിൽ, അദ്ദേഹവും അദ്ദേഹത്തിന്റെ അനുചരന്മാരും ധാരാളമായി ഇന്നാസ്വദിക്കുകയും സാക്ഷ്യംവഹിക്കുകയും ചെയ്യുന്ന സമാധാനവും സന്തോഷവും അവരും അനുഭവിക്കുമായിരുന്നു. ഭൗതികവും സാമുദായികവുമായ പ്രാതികൂല്യങ്ങൾക്കു അതു കാരണമായേക്കാമെന്നുവരികിലും, ശരിയായ മാർഗ്ഗത്തിൽ പുരോഗമിക്കുന്നതിനുള്ള സമയം ഇനിയും വളരെ വൈകിയിട്ടില്ലല്ലോ. ഏതാദൃശപ്രാതികൂല്യങ്ങൾ നിത്യായുസ്സിനോടു താരതമ്യപ്പെടുത്താവുന്നതാണോ?

# "ആദ്ധ്യാത്മിക ജീവിതം"
## രണ്ടാം ഭാഗം

### (മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ ആശീർവ്വാദലേഖനം)

ഏവരുടേയും ആഗ്രഹമനുസരിച്ച് "ആദ്ധ്യാത്മികജീവിതം" രണ്ടാംഭാഗവും ഇത്രവേഗം പുറത്തായി കാണുന്നതിൽ നമുക്കു് അതിയായ സന്തോഷമുണ്ടു്. ഒന്നാംഭാഗത്തിനു ബഹുജനങ്ങളിൽനിന്നു ലഭിച്ച ഹൃദ്യവും കൃതജ്ഞതാനിർഭരവുമായ സ്വാഗതം രണ്ടാംഭാഗത്തിനും ലഭിക്കുമെന്നതിനു സംശയമില്ല. ആദ്ധ്യാത്മികജീവിതത്തെപ്പററി ഇത്ര സമർത്ഥമായും സമഗ്രമായും സുഗ്രഹമായും പ്രതിപാദിക്കുന്ന മറെറാരു ഗ്രന്ഥം മലയാളഭാഷയിലില്ലെന്നുള്ളതു് നിസ്തർക്കമാണ്. ഇതിലെ ഭാഷ സംശുദ്ധവും ശൈലികൾ നിർദ്ദോഷങ്ങളും പ്രതിപാദനരീതി ആകർഷകവുമാണെന്ന സംഗതി ഇതിന്റെ മേന്മ വർദ്ധിപ്പിക്കുന്നു.

ഉത്തമങ്ങളായ ആദർശങ്ങളിലും ശരിയായ തത്വങ്ങളിലും അധിഷ്ഠിതമായ ആദ്ധ്യാത്മികജീവിതമാണ് നമുക്കാവശ്യമായിരിക്കുന്നതു്. വി. ഫ്റാൻസിസ് സെയിൽസ് "ഭക്തിമാർഗ്ഗപ്രവേശിക" ഒന്നാംഅദ്ധ്യായത്തിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ വസ്തുനിഷ്ഠമായ തത്വങ്ങളെ മാററിനിർത്തിയിട്ട് സ്വകപോലകല്പിതമായ ഭക്തിമാർഗ്ഗത്തിൽക്കൂടി ചരിക്കുവാനും സ്വമനോധർമ്മവും അഭിനിവേശവുംമാത്രം ആധാരമാക്കി തങ്ങളുടെ ആദ്ധ്യാത്മികജീവിതസൗധം കെട്ടിപ്പടുക്കുവാനും വ്യഗ്രത പ്രദർശിപ്പിക്കുന്നവരുടെ സംഖ്യ ഇന്നു ഭൂലോകം വിപുലമായിരിക്കുന്നു. ധാർമ്മികകാര്യങ്ങളിൽ ആദ്യത്തേതും അവസാനത്തേതുമായ പ്രമാണം സ്വമനസ്സാക്ഷിയാണെന്നു വാദിച്ചുകൊണ്ടു് യഥേഷ്ടം വർത്തിക്കുന്നവരും ഇല്ലാതില്ല........ ആകയാൽ മിഥ്യാസങ്കല്പങ്ങളും വികാരാവേശങ്ങളും കാട്ടിത്തരുന്ന ഭക്തിയുടെ മരീചികയെ പിഞ്ചെല്ലാതെ, ക്രിസ്തീയപരിപൂർണ്ണതയിലേക്കു നയിക്കുന്ന യഥാർത്ഥമാർഗ്ഗങ്ങളിൽക്കൂടി പ്രയാണംചെയ്യുന്നതിനു ദൈവാവിഷ്കരണത്തിന്റേയും യുക്തിയുടേയും വെളിച്ചത്തിൽ നിർമ്മിക്കപ്പെടുന്ന "ആദ്ധ്യാത്മികജീവിതം" പോലുള്ള ഗ്രന്ഥങ്ങൾ അനുപേക്ഷണീയങ്ങളാണ്.

മേലുദ്ധരിച്ച കാരണങ്ങളാൽ, പ്രസിദ്ധ വേദശാസ്ത്രജ്ഞനായ താങ്കറേയുടെ "Spiritual Life" എന്ന ഗ്രന്ഥത്തേയും സ്വന്തം അനുഭവജ്ഞാനത്തേയും ആധാരമാക്കി ഇത്ര വിശിഷ്ടമായ ഒരു ഗ്രന്ഥം രചിച്ച് കൈരളിക്കും കേരളകത്തോലിക്കാ സമുദായത്തിനും സംഭാവനചെയ്തതിൽ അച്ചനെ എത്ര അഭിനന്ദിച്ചാലും അധികമാകയില്ല. അച്ചന്റെ പരിചയസമ്പന്നമായ തൂലികയിൽനിന്നു ഇതുപോലെ വേറെയും ഗ്രന്ഥങ്ങൾ പുറപ്പെട്ടുകാണുവാൻ നാമഭിലഷിക്കുന്നു. അച്ചനേയും ഈ ഗ്രന്ഥം വായിക്കുവാൻ ഇടയാകുന്ന ഏവരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നതോടൊപ്പം എല്ലാവരും ഇതു ശ്രദ്ധാപൂർവ്വം വായിച്ച് ഹൃദിസ്ഥമാക്കണമെന്നും നവസന്യാസമന്ദിരങ്ങളിൽ ഇതൊരു പാഠ്യപുസ്തകമായി ഉപയോഗിക്കണമെന്നുമുള്ള നമ്മുടെ അതിയായ ആഗ്രഹം പ്രകാശിപ്പിക്കുകയും ചെയ്യുന്നു.



അയർലൻഡിൽ ബാൻഗോർ എന്ന സ്ഥലത്തെ മി. മൈക്കൽ ജെ. ഒഹാരായുടെ പുത്രന്മാരായ എട്ടുപേരും വൈദികരായി. മൂത്തയാളായ ഫ്റാൻസിസിനു 40-ം (ഇടത്തു്) ഇളയവനായ കോൺലെത്തിനു (വലത്തു്) 20-ം വയസ്സു പ്രായമുണ്ടു്. ഇവരെക്കൂടാതെ ഒഹാരായ്ക്കു രണ്ടു പെൺമക്കളും സന്താനങ്ങളായുണ്ടു്.


പ്യാരി (REGD)

ഔഷധ സോപ്പ്

ചമ്മ രോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വദ്ധിപ്പിക്കുന്നു

PYARY PRODUCTS REGD T.C.S

E. C. നാരായണനാചാരി
സ്വർണ്ണാഭരണ വ്യാപാരം
വാഴക്കുളം

## ഇതാ 50 രൂപയുടെ ചെക്ക്

പാലാ രൂപതയിൽ കുന്നോനിപള്ളിയുടെ പുതിയ അൾത്താരയിലേക്ക് പവൻനിറത്തിൽ ഓടുകൊണ്ടു വാർത്തെടുത്ത സക്രാരി, സിംഹാസനം, തിരിക്കാലുകൾക്ക്:—

വെഞ്ചരിപ്പിനു വന്ന അഭിവന്ദ്യ തിരുമേനിയുടേയും, പല ബ. വൈദികരുടേയും, മററു പലരുടേയും, വളരെ നല്ല അഭിപ്രായമനുസരിച്ചും, 12-1-56-ലെ വിലയ്ക്കും സർട്ടിഫിക്കററിനും പുറമെ സമ്മാനമായി ഇതാ 50 രൂപയുടെ ചെക്ക് അയക്കുന്നു.

From
Rev. Fr. Augustine Thamarassery
Vicar, St. Joseph's Church
Kunnoni, P. O. Poonjar

(Sd.)
10-4-1956

To
A. N. T. JOSEPH
METAL WORKS
VALAPAD

## ഇടവകവാർത്തകൾ

**പാലാരിവട്ടം:** 1935 മുതൽ കേരളക്കരയിൽ പ്രസിദ്ധീകരണപ്രചരണവേല നടത്തിക്കൊണ്ടിരിക്കുന്ന "ട്രാവലിംഗ് ഡിപ്പൊ" കേരളനവോദയത്തോടെ നവമ്പർ 1-ാംനു മുതൽ ഊജ്ജിതമായ പ്രവർത്തനം നടത്തുന്നതാണ്. പൊതുജനങ്ങളെ സമീപിച്ച് ദൈവസ്നേഹം, പരസ്നേഹം, പട്ടിണിയിൽനിന്നുള്ള മുക്തി എന്നീ ലക്ഷ്യപ്രാപ്തിക്ക് പ്രചോദനംനൽകുന്ന പ്രസിദ്ധീകരണങ്ങളും, ഗ്രന്ഥങ്ങളും, ലഘുലേഖകളും മററും ഉൽകൃഷ്ടമായ വിലയ്ക്കും സൗജന്യമായും വിതരണംചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു. ദക്ഷിണകേരളംമുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും ആദ്യമായി ഏതാനും മാസക്കാലം പ്രവർത്തനം നടത്തുന്നതാണ്.

**പുത്തൂർ:** സ്ഥലം കത്തോലിക്കാപള്ളിയിൽ സണ്ടേസ്കൂൾസമാജത്തിൻെറ ഉൽഘാടനകർമ്മം റവ ഫാദർ ജേക്കബ്ബ് ഞായല്ലൂർ അവർകൾ നിർവ്വഹിച്ചിരിക്കുന്നു. യോഗത്തിൽ ശ്രീ സി യോഹന്നാൻെറ പ്രസംഗവും സണ്ടേസ്കൂൾവിദ്യാർത്ഥികളുടെ കലാപരിപാടികളുമുണ്ടായിരുന്നു.

**മേവെള്ളൂർ:** മിഷൻഞായറാഴ്ചപ്രമാണിച്ച് ഒരു കാർഷികവ്യവസായപ്രദർശനവും ലേലവും വിജയകരമായി നടത്തപ്പെട്ടു. പൊതുയോഗത്തിൽ റവ ഫാദർ പീററർ തേക്കുംപറമ്പിൽ ബി എ ആദ്ധ്യക്ഷംവഹിച്ചു. ശ്രീ കെ കെ ദേവസ്യാ സാഹിത്യവിശാരദ്, സി പി ജോസഫ്, കുമാരി വി സി അന്നക്കുട്ടി എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധകലാപ്രകടനങ്ങൾ യോഗത്തെ മോടിപിടിപ്പിച്ചു.

**പത്തനംതിട്ട:** മാർത്തോമ്മാസഭാംഗവും സ്ഥലത്തെ ഒരു പ്രമുഖ വൈദ്യനുമായ ശ്രീ ഐ വി വറുഗീസ് കുടുംബസഹിതം കത്തോലിക്കാസഭയിൽ ചേർന്നിരിക്കുന്നു. ശ്രീ വറുഗീസിനെ പട്ടംഅരമനയിൽവച്ച് മാർ ഗ്രിഗോരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടാണ് കത്തോലിക്കാസഭയിൽ സ്വീകരിച്ചതു്.

**ഉാക്കൂർ:** വട്ടക്കാവുങ്കൽ ഓർത്തഡോക്സ്പള്ളി ഇടവകാംഗങ്ങളായിരുന്ന തോന്നൂരേത്തു് തോമസും കുടുംബാംഗങ്ങളും കാപ്പിൽ മത്തായിയും ടി അബ്രാഹവും കുടുംബാംഗങ്ങളും സത്യപ്രതിജ്ഞചെയ്ത് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരിക്കുന്നു.

**കൊട്ടെക്കാട്:** ഈ പള്ളിയിൽ ഫാത്തിമാമാതാവിൻെറ തിരുനാൾ പൂർവ്വാധികം ആഘോഷമായി ഒക്ടോ: 14-ാംനു കൊണ്ടാടിയിരിക്കുന്നു.

**വലപ്പാട്ട്:** സ്ഥലത്തെ മരിയാസഖ്യാംഗങ്ങളുടേയും സെൻറ് വിൻസെൻറ് ഡി പോൾ സംഘാംഗങ്ങളുടേയും ഏകോപിച്ചുള്ള പ്രവർത്തനംവഴിയായി, ഇടവകക്കാരുടെ ഉദാരമായ സംഭാവനമൂലവും ഇക്കൊല്ലത്തെ വേദപ്രചാരഞായററിൽ ഒരു ഗണ്യമായ സംഖ്യ പിരിവുണ്ടായി.

**മരിയാപുരം:** മിഷൻഞായർപ്രമാണിച്ച് സ്ഥലം കപ്പേള മൈതാനത്തിൽ റവ ഫാദർ വടക്കൻെറ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽവച്ച് നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയം പാസ്സാക്കി. യോഗാനന്തരം "ഭാരത മിഷനറി" എന്ന ഒരു പ്രഹസനം അഭിനയിക്കപ്പെട്ടു.

**കോതമംഗലം:** റെയിഞ്ചോഫീസ്സർ മി കെ ജെ ജോസഫ് ബി എസ്സ്സിയെ ഡറാഡൂൺ ഫാറസ്റ്റ്കോളേജിൽ അസിസ്റ്റൻറ് കൺസർവ്വേററർകോഴ്സിനു ഗവമെൻറിൽനിന്നും തിരഞ്ഞെടുത്തിരിക്കുന്നു. മി. ജോസഫ് കഴിഞ്ഞ തവണ മദ്രാസ് ഫാറസ്റ്റ്കോളേജിൽനിന്നും റെഞ്ചർകോഴ്സിനു ഒന്നാമതായി പാസ്സായി സ്വർണ്ണ മെഡലിനു് അർഹനായതാണ്.



**Thanksgiving**
For Speedy recovery
Fr. J. Vithayathil

**പൂവത്തോട്ട്:** സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ മിഷൻഞായറാഴ്ച ആഘോഷപരിപാടികളോടുകൂടി കൊണ്ടാടിയിരിക്കുന്നു. യോഗത്തിൽ ശ്രീ ജെയിംസ് കെ സി മണിമല ആദ്ധ്യക്ഷംവഹിക്കുകയും, ഫാദർ മാത്യു എലിപ്പുലിക്കാട്ട് ശ്രീ കെ തോമസ് ബി എ ബി ടി എന്നിവർ പ്രസംഗിക്കുകയുംചെയ്തു. യോഗാനന്തരം ശ്രീ ജോസ് പോളിൻെറ "ഇണപ്രാവുകൾ" എന്ന കഥാപ്രസംഗവും ഉണ്ടായിരുന്നു.

**മേലുകാവുമററം:** സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ മിഷൻഞായറാഴ്ച യഥാവിധി ആഘോഷിക്കുകയുണ്ടായി. രാവിലെ 8 മണിക്കു ഒരു പൊതുസമ്മേളനംനടത്തി ശ്രീ ടി എം കുര്യാക്കോസ് ബി എ അദ്ധ്യക്ഷതവഹിച്ചു. മെ: പി ജെ കുരുവിള, വി ഡി ജോസഫ് എന്നിവർ പ്രസംഗിച്ചു.

**പാറപ്പള്ളി:** മിഷൻദിനം പ്രമാണിച്ച് ഒക്ടോ: 21-ാംനു ഞായറാഴ്ച രാവിലെ ചെറുപുഷ്പമിഷൻലീഗ് അംഗങ്ങൾ പൊതുദിവ്യകാരുണ്യസ്വീകരണം നടത്തി. നാലുമണിക്ക് സ്ഥലം സെൻറ് തോമസ് സൺഡേസ്കൂൾ ഹാളിൽ ചേർന്ന മിഷൻസമ്മേളനത്തിൽ റവ ഫാദർ കുര്യാക്കോസ് മാമ്പുഴയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ലീഗുപ്രസിഡൻറ് ബ്രദർ ജോസഫ് നീലിയറ പ്രസംഗിച്ചു. യോഗത്തിൽ കുട്ടികളുടെ പ്രേഷിതഗാനാലാപങ്ങളും ഉണ്ടായിരുന്നു.

**പൊന്നമ്പു്:** ഓർത്തഡോക്സ് സമുദായാംഗമായിരുന്ന പുല്ലോച്ചിക്കൽ ശ്രീ പി തോമസ് അവർകൾ തൻെറ കുടുംബാംഗങ്ങളായ പത്തുപേരോടുകൂടി ഒക്ടോ: 25-ാംനു സത്യപ്രതിജ്ഞചെയ്ത് കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിരിക്കുന്നു.

**കുളത്തുവയൽ:** ഈ ഇടവകയിലെ പൊതുധ്യാനം ഇക്കൊല്ലം ഒക്ടോ: 6-ാംനു മുതൽ 9-ാംനു വരെ ഹൈസ്കൂൾകുട്ടികൾക്കായും 10-ാംനു മുതൽ 16-ാംനു വരെ വലിയവർക്കായും റവ ഫാദർ ജെരാർഡ് (കപ്പൂച്ചിൻ) അവർകൾ നടത്തിയിരിക്കുന്നു.

സ്ഥലത്തെ വി. ഫ്രാൻസിസ്സിൻമൂന്നാംസഭയിൽ പുതുതായി 10 പേരെ ചേർക്കുകയും 12 പേരുടെ വ്രതവാഗ്ദാനം സ്വീകരിക്കുകയും ചെയ്തു. 16-ാംനു ഫ്രാൻസിസ്സിൻ മൂന്നാംസഭയുടെ വാർഷികാഘോഷവും അദ്ദേഹത്തിൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

ഇവിടെ അടുത്തു് ചക്കിട്ടപാറ എന്ന സ്ഥലത്തു് 19-ാംനു ഒരു മാതൃ-ശിശുശുശ്രൂഷാകേന്ദ്രം റവ ഫാദർ സി ജെ വർക്കി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു ഡിസ്ട്രിക്ട് ഹെൽത്തു് ഓഫീസർ ഉൽഘാടനം ചെയ്തു.

**കൂനമ്മാവ്:** സ്ഥലത്തെ കർമ്മലീത്താ ആശ്രമത്തോടു് അനുബന്ധിച്ചു നടത്തപ്പെടുന്ന കർമ്മലീത്താ അൽമായമൂന്നാംസഭയുടെ 5-ാമതുവാർഷികം ഒക്ടോ: 21-ാം തീയതി ഞായറാഴ്ച സാഘോഷം നടത്തപ്പെട്ടിരിക്കുന്നു. തിരുഹൃദയപ്രവിശ്യാശ്രേഷ്ഠൻ വെരി റവ ഫാദർ ജോൺ ബർക്കുമാൻസ് ടി ഒ സി ഡി അവർകൾ ആദ്ധ്യക്ഷംവഹിച്ചു. റവ ഫാദർ ഫാബിയൂസ് ടി ഒ സി ഡി തദവസരത്തിൽ സഭാംഗങ്ങളുടെ കർത്തവ്യങ്ങളെ ആസ്പദമാക്കി ദീർഘമായ ഒരു പ്രസംഗംചെയ്തു. വാർഷികാഘോഷത്തിനുമുമ്പായി സഭാംഗങ്ങൾക്കു ഒരു ഏകാന്തധ്യാനം നടത്തപ്പെടുകയുണ്ടായി. വെരി റവ ഫാദർ അത്തനാസിയൂസ് ടി ഒ സി ഡി ആയിരുന്നു ധ്യാനപ്രസംഗകൻ. സഭയിൽ ഇപ്പോൾ ഇവിടെ 130-ൽപ്പരം അംഗങ്ങളുണ്ടു്.

**പെരുമാനൂർ:** സ്ഥലം സെൻറ് ജോർജ്ജ്പള്ളിയിലെ മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ മിഷൻഞായർ ആഘോഷമായി കൊണ്ടാടി. പൊതുയോഗത്തിൽ റവ ഫാദർ കണ്ണിക്കൽ എസ് ജെ അദ്ധ്യക്ഷതവഹിച്ചു. ശ്രീ ലോറൻസ് ലോപ്പസ് ബി എ ഓണേഴ്സ് പ്രസംഗിച്ചു. മിഷനുല്പന്നങ്ങളുടെ ലേലം, "കലാകേരളം ഓർക്കെസ്ട്ര"യുടെ ഗാനമേള ബാലികമാരുടെ "കുരുവിഡാൻസ്" എന്നിവയ്ക്കുശേഷം "അമ്മയുടെ സമ്പാദ്യം", "ആയുർവ്വേദാശുപത്രി" എന്നീ ഏകാങ്കങ്ങൾ സൊഡാലിററിയംഗങ്ങൾ വളരെ തന്മയത്വമായി അഭിനയിക്കയുണ്ടായി.

### നിര്യാതയായി



കാഞ്ഞൂർ പാറയ്ക്കൽ ശ്രീ ഗർവ്വാസീസിൻെറ ഭാര്യ ശ്രീമതി ഏലീശാ ഒക്ടോബർ 27-ാംതീയതി ഉച്ചകഴിഞ്ഞു 4 മണിക്കു നിര്യാതയായി. ശവസംസ്കാരം പിറേറദിവസം വൈകിട്ടു് പരേതയുടെ പൗത്രൻ റവ. ഫാദർ ആൻറണി പുതുശ്ശേരിയുടെ പ്രധാന കാർമ്മികത്വത്തിലും പല ബ. വൈദികരുടേയും വലിയ ഒരു ജനക്കൂട്ടത്തിൻേറയും സഹകരണത്തിലും യഥാവിധി നടത്തപ്പെട്ടു.

R. I. P.

**തുരുത്തി:** മിഷൻ സൺഡെ പ്രമാണിച്ച് സ്ഥലത്തെ മിഷൻ ലീഗിൻെറ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം റവ. ഫാദർ ജേക്കബ് അക്കരക്കളത്തിൻെറ അദ്ധ്യക്ഷതയിൽ സെൻറ് മേരീസ്സ്കൂൾ ഹാളിൽ കൂടുകയുണ്ടായി. ബ്ര. ഫിലിപ്പ് കുന്നത്തു്, സിസ്റ്റർ സെലിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. യോഗത്തോടനുബന്ധിച്ച് വനിതകളുടെ വിഭാഗം മിഷൻലീഗ് ഉൽഘാടനം ചെയ്യപ്പെട്ടു.

**മററക്കര:** ഒക്ടോബർ 14-ാം തീയതി ഞായറാഴ്ച സ്ഥലം ഹൈസ്കൂൾ ഹാളിൽ ശ്രീ നരിക്കുഴിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ലീജിയൻ ഓഫ് മേരിയുടെ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടു. ബ്ര. വർക്കി എം. വൈപ്പന, മി. സെബാസ്റ്റ്യൻ കോടിക്കുളം, ഏലിക്കുട്ടി തോമസു് കാഴ്ചപ്പുറം എന്നിവർ പ്രസംഗിച്ചു. മിഷൻ ഞായറാഴ്ച മററക്കര മിഷൻ ലീഗിൻെറ ആഭിമുഖ്യത്തിൽ സ്ഥലം പള്ളിമൈതാനത്തുവച്ച് റവ. ഫാദർ ജേക്കബ്ബ് കാഴ്ചപ്പുറം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. ബ്ര. എ. എം. സൈമൺ ബി. എസ്സ്സി., കുമാരി കെ. എ. ത്രേസ്യാമ്മ ബി. എ. എന്നിവർ പ്രസംഗിച്ചു. പ്രസ്തുതയോഗങ്ങളിൽ ബാലികാബാലന്മാരുടെ കലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**പള്ളിപ്പുറം:** സ്ഥലം ഫൊറോനാപ്പള്ളിയിലെ സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ മിഷൻദിനം പ്രമാണിച്ചു ഒരു പൊതുയോഗം ഒക്ടോബർ 21-ാംതീയതി വക്കീൽ സിറിയക്ക് കണ്ടത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തി. 37 കോടി ഹിന്ദുക്കൾ അധിവസിക്കുന്ന ഭാരതത്തിൽ കേവലം 45 ലക്ഷം മാത്രമുള്ള കത്തോലിക്കർ മിഷ്യൻ പരിശ്രമങ്ങളിൽ സർവ്വകഴിവുകളും പ്രയോഗിച്ച് ഭാരതസഭയെ പരിപോഷിപ്പിക്കണമെന്ന് അദ്ധ്യക്ഷൻ ശക്തിയുക്തം ഉൽബോധിപ്പിച്ചു. മെ. ജോസ് ആററുപുറം, ചാക്കോ സി. കടവിൽ എന്നിവർ പ്രസംഗിച്ചു. ഇടവകാംഗങ്ങൾ സംഭാവനചെയ്ത ഉൽപ്പന്നങ്ങൾ ലേലം ചെയ്തതിൽ ഒരു നല്ല സംഖ്യ പിരിഞ്ഞുകിട്ടി.

**വട്ടതല:** ഈ ഇടവക കളത്തിപ്പറമ്പിൽ ഔസോ അവർകളുടെ പുത്രൻ പൈലിയും തേവരമൂലംകുഴി ഔസേപ്പ് അവർകളുടെ പുത്രി കുമാരി പ്രസ്കീനായും തമ്മിലുള്ള വിവാഹം ഒക്ടോ: 22-ാംനു തേവര സെൻറ് ജോസഫ്സ് പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു. വിവാഹകർമ്മം ആശീർവ്വദിച്ചതു് റവ ഫാദർ വിൻസെൻറ് പിൻഹീരോ അവർകളാണ്.


ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ പ്രമാണിച്ച് ഒക്ടോ: 28-ാം തീയതി വൈകുന്നേരം 5-30 നു് തെ. ചിററൂർ, വട്ടതല, ചാത്യാത്തു് എന്നീ പള്ളികളിൽനിന്നും ആഘോഷമായി പ്രദക്ഷിണങ്ങൾ തട്ടാഴം ഡോൺബോസ്കോ ഓറട്ടറിയങ്കണത്തിൽ എത്തിച്ചേരുകയും അവിടെവെച്ച് റവ ഫാദർ ഹില്ലാരിയോസ് ഒ സി ഡി എം അവർകൾ ഒരു പ്രസംഗംചെയ്കയും ചെയ്തു. ദിവ്യകാരുണ്യാശീർവ്വാദത്തിനുശേഷം ജനക്കൂട്ടം പിരിഞ്ഞു.

**കോട്ടപ്പടി:** കോട്ടപ്പടി ആർ സി ഹയർഎലിമെൻററിസ്കൂളിൽ റവ ഫാദർ തോമസ് മാളിയേക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒക്ടോ: 15-ാംനു ഒരു യോഗംകൂടുകയും റവ ഫാദർ ജോൺ ഊക്കൻ അവർകളുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു് ശ്രീ വി ഉണ്ണിരി, സി വി റപ്പായി എന്നിവർ പ്രസംഗിക്കുകയുംചെയ്തു. അനുശോചനപ്രമേയം ശ്രീ വി ഉണ്ണിരി അവതരിപ്പിച്ചു പാസ്സാക്കി.

**തോട്ടകം:** ഇവിടത്തെ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ (സെൻറ് ഗ്രിഗരീസ് കോൺഫറൻസ്) മൂന്നാമതുവാർഷികം ഒക്ടോ: 14-ാം തീയതി ഞായറാഴ്ച പകൽ 3 മണിക്ക് ശ്രീ സി വി ജേക്കബ് ബി എസ്സി ബി എൽ ൻെറ അദ്ധ്യക്ഷതയിൽ സ്ഥലം പള്ളിസ്കൂൾ ഹാളിൽ നടത്തപ്പെട്ടു. ശ്രീ മാത്യു പോൾ തെങ്ങുമ്പള്ളി പ്രസംഗിക്കുകയും, യോഗാനന്തരം മി ജോസ് ആററുപുറം ആൻറ് പാർട്ടി "ചാരിത്രദീപം" എന്ന കഥാപ്രസംഗം നടത്തുകയുംചെയ്തു.

ഇവിടത്തെ മരിയസഖ്യാംഗങ്ങൾ മിഷൻസണ്ടേ സംബന്ധിച്ച് ഇടവകയിലാകമാനം പിരിവുനടത്തുകയും, ഉല്പന്നങ്ങൾ ശേഖരിച്ച് ഒക്ടോ: 21-ാംനു ലേലംചെയ്യുകയുംചെയ്തു.

(ശേഷം 8-ാംപേജിൽ)



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 OCTOBER 31 || No. 12.


## കേരളസംസ്ഥാനം വിജയിപ്പൂതാക!

നവംബർ ഒന്നാംതീയതി കേരളചരിത്രത്തിൽ പുതിയൊരദ്ധ്യായം തുറക്കുന്ന മഹദ്ദിനമാണ്. അഭിനവ കേരളസംസ്ഥാനത്തിൻെറ പൊൻപുലരി. കേരളത്തിൻെറ പ്രാചീനചരിത്രം ഇതിഹാസകാലങ്ങളേയും കടന്നു അജ്ഞാന്ധകാരത്തിൽ എവിടെയോ വിലയം കൊണ്ടിരിക്കുകയാണ്. സ്വതന്ത്രഭാരതത്തിലെ അപൂർണ്ണമായ ഒരു സ്റ്റേററ്, വിദേശാധിപത്യത്തിലെ ചില ചെറുകിടസ്റ്റേററുകൾ, പരസ്പരം മത്സരിക്കുന്ന ചില നാട്ടുവാഴികളുടെ സ്വേച്ഛാധിപത്യസ്വരൂപങ്ങൾ, പെരുമാക്കന്മാരുടെ ഏകാധിപത്യസ്ഥാനം ഇങ്ങനെ ചരിത്രത്തിൽ കുറെയേറെ നമുക്കു പുറകോട്ടുപോകാൻ സാധിക്കുമെങ്കിലും കേരളത്തിൻെറ പ്രാരംഭചരിത്രം ഇനിയും അജ്ഞാതമാണ്. ശ്രീ പരശുരാമൻ മഴുവെറിഞ്ഞു മലനാടിനെ കടലിൽനിന്നു പൊക്കിയെടുത്തുവെന്നും മററുമുള്ള ഐതിഹ്യങ്ങൾ ആധുനികശാസ്ത്രയുഗത്തിൽ സ്വീകാര്യങ്ങളാവുകയില്ലെന്നു പറയേണ്ടതില്ലല്ലോ. എങ്ങിനേയും കേരളം ആദ്യത്തിൽ ഏകമായിരുന്നുവെന്നും ഐശ്വര്യപൂർണ്ണമായ ഒരു ഭരണം അവിടെ നിലവിലിരുന്നുവെന്നും, കാലാന്തരത്തിൽ അതു നഷ്ടപ്പെട്ടുപോയതിൽ കേരളീയർ തപ്തഹൃദയരായി അതിൻെറ പുനരാഗമനത്തിനുവേണ്ടി അത്യാർത്തിയോടെ അഭിലഷിച്ചുകൊണ്ടിരുന്നുവെന്നും ഉള്ളതു് സുവ്യക്തമായ ഒരു പരമ്പരാവബോധമായി അവശേഷിക്കുന്നുണ്ടു്. കേരളീയരെ ഒന്നടങ്കം കോരിത്തരിപ്പിക്കുന്ന സുമോഹനദേശീയോത്സവം—തിരുവോണം—സമാഗതമാകുന്ന അവസരത്തിൽ കന്യാകുമാരി മുതൽ ഗോകർണ്ണംവരെ കുടിലിലും കൊട്ടാരത്തിലും ഒരുപോലെ മാറെറാലിക്കൊള്ളുന്ന ആനന്ദഗാനങ്ങളിൽ ഈ പ്രതീതിയാണു് തിരതല്ലുന്നതു്. "മാവേലി നാടുവാണീടും കാലം, മാനുഷരെല്ലാരുമൊന്നുപോലെ." സുഭഗമായ ഒരു ഭരണത്തിൽ ജനൗഘം സമത്വസ്വാതന്ത്ര്യങ്ങൾ സുഭിക്ഷമായി അനുഭവിച്ചിരുന്ന ഒരു ആദർശകാലഘട്ടത്തെയാണല്ലോ അതിൽ അനുസ്മരിക്കുന്നതു്. ജാതിക്കോട്ടകളാൽ ഇടതിരിക്കപ്പെട്ടു്, അസ്പൃശ്യതയും അടിമത്തവുംമൂലം മനുഷ്യനും മനുഷ്യനും തമ്മിലുള്ള വിടവുകൾ വർദ്ധിപ്പിച്ചു തീണ്ടലും തൊടീലും മാമൂലുകളാക്കി ജനവിഭാഗങ്ങളെ മൃഗങ്ങളേക്കാൾ അധഃപ്പതിപ്പിച്ച സാമൂഹ്യവഴക്കങ്ങളെ അപലപിക്കുന്ന ഈരടികളാണവയെന്നു ആടിപാടുന്നവരിൽതന്നെ അധികമാരും ചിന്തിച്ചുകാണുകയില്ല. അതുപോലെതന്നെ, അയവിറക്കപ്പെടുന്ന ആ മോഹനഭരണത്തിലെ സാന്മാർഗ്ഗികമൂല്യങ്ങളും ആ പാട്ടിൽ അനുസ്മരിക്കപ്പെടുന്നുണ്ടു്. "കള്ളവുമില്ല, ചതിയുമില്ല" മുതലായ വരികൾ സൗഭാഗ്യദായകമായ ഒരു വ്യവസ്ഥിതിയിലെ ധാർമ്മികനിലവാരത്തെ വർണ്ണിക്കുന്നവയാണു്. അതുകൊണ്ടു് നവകേരളം രൂപംകൊള്ളുന്ന ഈ ശുഭാവസരത്തിൽ ആ ചിരകാല പ്രതീക്ഷകൾക്കനുസരിച്ചു സമത്വസ്വാതന്ത്ര്യങ്ങളെ എല്ലാവർക്കും പകുത്തുകൊടുക്കുന്നതും സത്യം നീതി സ്നേഹം ആദിയായ ധാർമ്മികമൂല്യങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നതുമായ ഒന്നാക്കിത്തീർക്കുന്നതിനു നമ്മിൽത്തന്നെ ഒരു നവോത്ഥാനത്തിനു നമുക്കു സന്നദ്ധരാകാം. രാജ്യാതിർത്തികൾ ഏതെല്ലാംവിധത്തിൽ മാററി മറിച്ചു വരച്ചാലും ഭരണരീതികൾ എത്രയെത്ര വ്യത്യാസപ്പെടുത്തിയാലും ജനസഞ്ചയം സ്രഷ്ടാവായ ദൈവത്തോടും, സമസൃഷ്ടികളായ സഹോദരങ്ങളോടും, തങ്ങളോടുതന്നെയും കർത്തവ്യനിരതമായ ഒരു ജീവിതരീതി കൈക്കൊള്ളുന്നില്ലായെങ്കിൽ യാതൊരു മേന്മയും സമാഗതമാകാൻ പോകുന്നില്ല. ചിരകാലാഭിലഷിതമായ കേരളത്തിൻെറ പ്രാദേശികമായ ഐക്യം കൈവരുന്ന ഈ ശുഭാവസരം കേരളീയരായ നമുക്കു് അതിൻെറ ധാർമ്മികമൂല്യങ്ങളെ സമാശ്ലേഷിക്കുന്നതിനു സന്നദ്ധരാകാം. ആദർശയോഗ്യവും ചിരപ്രാർത്ഥിതവുമായ സുഭഗവ്യവസ്ഥിതി കേരളത്തിൽ കൈവരുമാറാകട്ടെ.

കേരളപ്പിറവിയെ യഥായോഗ്യം കൊണ്ടാടുന്നതിനു കേരളീയർ എവിടേയും ഒരുപോലെ അത്യുത്സാഹം പ്രദർശിപ്പിച്ചുപോരികയാണു്. വിപുലമായ പരിപാടികൾ വൻനഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ഒരുപോലെ ആസൂത്രണം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ആബാലവൃദ്ധം ഈ പൊൻപുലരിയെ പ്രതീക്ഷിച്ചു നിർന്നിമേഷരായിരിക്കുകയാണു്, ആത്തട്ടഹസിച്ചു് വിജയമാശംസിച്ചതിനെ സ്വാഗതംചെയ്യുവാൻ, "കേരളസംസ്ഥാനം വിജയിപ്പൂതാക" എന്നു്. സമാകർഷകമായ സച്ചിന്തകൾ!

ക്രിസ്ത്യാനികളെ സംബന്ധിച്ചു് അതിപ്രധാനങ്ങളായ ചില മധുരസ്മരണകൾ ഈ മംഗളാവസരത്തോടൊത്തിണങ്ങിവരുന്നതു് അനുസ്മരിക്കാതെ നിവൃത്തിയില്ല. നവമ്പർ ഒന്നാംതീയതി കത്തോലിക്കാസഭാംഗങ്ങൾക്കു അത്യാനന്ദപ്രദമായ ഒരു സുദിനമത്രെ. അന്നാണു് മരിയാംബികയുടെ സ്വർഗ്ഗാരോപണം പ്രഖ്യാപിതമായതു്. സ്വർഗ്ഗത്തിലെ സകല വിശുദ്ധന്മാരേയും ഒന്നിച്ചനുസ്മരിക്കുന്ന വലിയ തിരുനാളുമാണന്നു്. മനുഷ്യൻെറ ജീവിതപരമാന്ത്യത്തെ ഒരു ദർപ്പണത്തിൽ എന്നവണ്ണം പ്രതിബിംബിപ്പിച്ചു കാണിക്കുകയാണു് സ്വർഗ്ഗരാജ്യത്തെപ്പററിയുള്ള സ്മരണ. ഐഹികജീവിതം നിത്യജീവിതത്തിലേക്കുള്ള ഒരു പ്രയാണാവസരംമാത്രമാണെന്നും ലോകജീവിതത്തിലെ ക്ലേശപൂരിതമായ സാഹചര്യങ്ങളെ പരലോകജീവിതത്തിലെ ഭാസുരൈശ്വര്യങ്ങൾക്കു നിദാനമായി നിയന്ത്രിക്കുവാൻ കഴിയുമെന്നുമുള്ളതിനു അനുഭവമാതൃകകളാണു് വിശുദ്ധന്മാർ. അവർ ലോകത്തിൽ സംതൃപ്തരായിരുന്നു; സ്വർഗ്ഗത്തിൽ അവാച്യമായ ആനന്ദം അനുഭവിക്കുകയും ചെയ്യുന്നു. ജീവിതം ദുർവ്വഹമായ ഒരു ഭാരമായിക്കാണുന്ന മനുഷ്യർക്കു അവയെ ആദായപ്രദമായ ഒരുപാധിയാക്കി മാററുവാനുള്ള മാർഗ്ഗദർശനമാണു് അവരുടെ ജീവിതമാതൃകകൾ നാനാപ്രകാരത്തിൽ പ്രദാനംചെയ്യുന്നതു്. കേരളം അനുഗ്രഹസമൃദ്ധമായ നമ്മുടെ ജന്മഭൂമിയായിത്തീരണമെങ്കിൽ നമ്മുടെ ആദ്ധ്യാത്മികവളർച്ചയ്ക്കു അതു വളക്കൂറുള്ളതായിരിക്കണം. ആദ്ധ്യാത്മികാവബോധത്തിൻെറ മഹത്തായ പാരമ്പര്യങ്ങളെ കേരളം അഭംഗം പാലിക്കുന്നെങ്കിൽ മാത്രമേ ഇതു പ്രായോഗികമാവുകയുള്ളൂ. മതകാര്യങ്ങളിൽ മാത്രമല്ല, സാമൂഹികവും സാമ്പത്തികവും വ്യാവസായികവും വിദ്യാഭ്യാസപരവും ഗാർഹികവുമായ എല്ലാ രംഗങ്ങളിലും ആദ്ധ്യാത്മികാവബോധം നിലനിർത്തി പ്രവർത്തിക്കാതെ ഇതു സംപ്രാപ്യമല്ല. കേരളത്തിൻെറ നിയന്ത്രണഭാരം വഹിക്കുന്നവർ ഇതു ഗൗനിക്കുമോ?

കേരളസംസ്ഥാനത്തിൻെറ പൊൻപുലരി അതിപ്രധാനമായ ഒരു സുമുഹൂർത്തമാണു്; ആനന്ദനിർഭരമായ സുഭഗാവസരമാണു്; അതിമഹത്തായ ഒരു ചരിത്രസൃഷ്ടിക്കുള്ള ആദ്യകാൽവെയ്പാണു്; ചിരാഭിലഷിതമായ ഒരാദർശത്തിൻെറ സാക്ഷാല്ക്കാരത്തിനുള്ള പുരോഗതിയാണു്. കർത്തവ്യനിരതയായി, ആദ്ധ്യാത്മികാവബോധത്താൽ പ്രശോഭിതയായി, സമത്വസുന്ദരമായ ഒരു വ്യവസ്ഥിതിയുടെ മാതാവായി, സത്യധർമ്മാദികളുടെ വിളനിലമായി കേരളമാതാ ചിരകാലം വിരാജിക്കട്ടെ!

## കേരളോദയം

(വിദ്വാൻ ഏ. റി. ദേവസി, ഏങ്ങണ്ടിയൂർ)

("മലയപ്പുലയൻ" എന്ന രീതി)

1. കരളിങ്കലേറുന്ന സന്തോഷം കേരള-
   പ്പിറവിനിമിത്തം ജനങ്ങൾക്കെല്ലാം.
2. അഭിമാനംപൂണ്ടുകൊണ്ടെല്ലാരും ഘോഷിപ്പൂ
   ശുഭദിനമിന്നല്ലോ ചിന്തിക്കുകിൽ.
3. പലരും ഭരിച്ചുപോയ് നിൻെറ ചരിത്രത്തിൽ
   പലതായ് "ക്ഷണിച്ച" പാടുകാണാം.
4. വിമലയാം മേരിതൻ നിർമ്മലമുത്ഭവം
   സഭയാകെ വിശ്വാസസത്യമായി
5. പരിതോഷാൽ പ്രഖ്യാപിച്ചുള്ളദിന,മിന്നേ-
   ദിവസമെന്നുള്ളതുമത്ഥപൂർണ്ണം.
6. കദനംവരാൻ മേലിൽ, കാരണമില്ലൊട്ടും
   കവിയുന്ന ഭവ്യങ്ങൾ വന്നുചേരും.
7. അവശതയൊക്കയും തീർന്നുപോയ് നമ്മൾക്കു
   നവകേരളോദയം, ഭാഗ്യോദയം.
8. വിമലശ്രീപൂണ്ടു നീ നിത്യം വിജയത്തിൻ
   ധ്വജമേന്തി മേൽക്കുമേൽ ലാലസിക്ക.
9. വിലസുക ദീർഘനാൾ, ഭാരതഭൂമിക്കു
   തിലകമായ് ശോഭിക്ക കേരളമേ!

### പ്രസാധകക്കുറിപ്പുകൾ

## "ഏട്ടിലപ്പടി പയററിലിപ്പടി"

സാധാരണ മനുഷ്യർക്കു വിശ്വസിക്കുവാൻ വളരെ വിഷമമുള്ള ഒരു റിപ്പോർട്ടാണു് ഈയിടെ പത്രപംക്തികളിൽ കാണുവാനിടയായതു്. ഡോക്ടർ എം. ബി. നിയോഗി ബുദ്ധമതത്തിൽ ചേർന്നു! ഇന്ത്യയിൽ ഹിന്ദുമതത്തിനു ബലിഷ്ഠമായ കോട്ടകളുറപ്പിക്കുന്നതിനും, അതിൽനിന്നുള്ള ചോർച്ചകൾക്കു കാരണമാകുന്ന ക്രിസ്ത്യൻമിഷനറിപ്രവർത്തനങ്ങളെ പാടെ തുടച്ചുമാററുന്നതിനും, വിദേശക്രിസ്ത്യൻമിഷനറിമാരെ ഭാരതത്തിൽനിന്നു കെട്ടുകെട്ടിക്കുന്നതിനും മദ്ധ്യപ്രദേശ് ഗവർമ്മെണ്ടിൻെറ ഒരു വീരസേനാനിയായി രംഗപ്രവേശം ചെയ്ത നിയോഗി തന്നെ ഹിന്ദുമതവിശ്വാസം വലിച്ചെറിഞ്ഞു ഏതാനും ദിവസംകൊണ്ടു ബുദ്ധമതാനുയായിയായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിൻെറ കുപ്രസിദ്ധമായ, ക്രിസ്ത്യൻമിഷനറിപ്രവർത്തനവിരുദ്ധറിപ്പോർട്ടിൻെറ രണ്ടാംഭാഗം പുറത്തുവന്നതേയുള്ളൂ. അതൊരാവർത്തി വായിക്കുന്നതിനുപോലും ഇനിയും പൊതുജനങ്ങൾക്കു സാവകാശം ലഭിച്ചിട്ടില്ല. അതിനുമുമ്പുതന്നെ അതിൻെറ പ്രണേതാക്കളുടെ നേതാവു് ഹിന്ദുമതം ഉപേക്ഷിച്ചിരിക്കുന്നു! മതംമാററത്തിനുള്ള കാരണങ്ങളായി നിയോഗിറിപ്പോർട്ടു് ഒന്നാംഭാഗം 163-ാംപേജിൽ വിവരിച്ചിരിക്കുന്നതു്, "ബലപ്രയോഗം, വഞ്ചന, ഭീഷണി, അന്യായമാർഗ്ഗങ്ങൾ, സാമ്പത്തികമോ മററോ ആയ ദാനങ്ങൾ, വഞ്ചനാപരമായ പ്രേരണകൾ, വാഗ്ദാനങ്ങൾ, ധാർമ്മികമോ ഭൗതികമോ ആയ സഹായങ്ങൾ, പരിചയമില്ലായ്മയേയോ വിശ്വാസത്തേയോ ദുരുപയോഗിക്കുക, അത്യാവശ്യസ്ഥിതിയെ ചൂഷണം ചെയ്യുക" മുതലായവയാണു്. ഇവയിൽ ഏതേതു കാരണങ്ങളായിരിക്കാം പണ്ഡിതനും നിയമജ്ഞനും ഹൈന്ദവമത വിശ്വാസസംരക്ഷണത്തിനുവേണ്ടി മദ്ധ്യപ്രദേശ് ഗവർമ്മേണ്ടിൻെറ ധീരഭടനായി ക്രിസ്ത്യൻ മിഷ്യനറിപ്രവർത്തനങ്ങൾക്കു കണ്ണങ്കോടാലി പ്രയോഗിക്കുവാൻ സാഹസികയത്നം ചെയ്തയാളുമായ നിയോഗിയെ ബുദ്ധമതസ്വീകരണത്തിനു പ്രലോഭിപ്പിച്ചതെന്നറിയുവാൻ സാമാന്യജനങ്ങൾക്കു ജിജ്ഞാസയുണ്ടാകുന്നുവെങ്കിൽ അതിൽ അത്ഭുതത്തിനു വകയില്ലല്ലോ. പൊതുജനങ്ങളെ അതു ധരിപ്പിക്കേണ്ടതു് അദ്ദേഹത്തിൻെറ കർത്തവ്യമാണു്. നിയോഗിറിപ്പോർട്ടിൽ ക്രിസ്ത്യൻമിഷനറിമാർക്കെതിരായി ഉന്നയിക്കപ്പെട്ട വേറൊരു ഗൗരവമായ ആരോപണം അവർ കൂട്ടത്തോടെയുള്ള മാനസാന്തരങ്ങൾ നടത്തുന്നു എന്നും, കൂട്ടമായുള്ള മാനസാന്തരങ്ങൾ ബലപ്രയോഗത്താലോ വഞ്ചനമൂലമോ മറേറതെങ്കിലും ന്യായവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെയോ മാത്രമേ സംഭവിക്കുകയുള്ളൂ എന്നുമായിരുന്നല്ലോ. വ്യക്തികളുടെ മതബോദ്ധ്യതയെപ്പററി ഇത്ര നിഷ്കർഷമായി വ്യവസ്ഥചെയ്ത മഹാമനസ്കനും മനസ്സാക്ഷിയുടെ സംരക്ഷകനുമായ മി. നിയോഗി, 83 വയസ്സു പ്രായംചെന്ന ബർമ്മാക്കാരനായ ഒരു ബുദ്ധഭിക്ഷുവിൻെറ ഏതാനും ദിവസത്തെ സാന്നിദ്ധ്യംമൂലം ഭൂരിഭാഗം നിരക്ഷരകുക്ഷികളായ മൂന്നുലക്ഷത്തിൽപരം പട്ടികജാതിക്കാരിൽ ബുദ്ധമതബോധനം സാധിച്ചുവെന്നാണോ വിശ്വസിക്കുന്നതാവോ? ബുദ്ധമതത്തിലേക്കു മതപരിവർത്തനംചെയ്ത ആദിവാസികളുടേയും മററു പട്ടികജാതികളുടേയും ഗ്രാമമടച്ചുള്ള ഈ ഇടിഞ്ഞുവീഴലിൽ മി. നിയോഗിക്കു അദ്ദേഹത്തിൻെറ ആദർശം പരിപാലിക്കപ്പെട്ടുവെന്നു ബോദ്ധ്യമായ യുക്തി അഗ്രാഹ്യമായിരിക്കുന്നു. അദ്ദേഹം തന്നെയെങ്കിലും ബുദ്ധമതതത്വങ്ങളെ ഹൈന്ദവമതതത്വങ്ങളോടു തുലനംചെയ്തു്, ഹിന്ദുമതതത്വങ്ങളുടെ നിലയില്ലായ്മയെ ശരിയായി മനസ്സിലാക്കുകയും ബുദ്ധമതത്തെപ്പററിയുള്ള സംശയരഹിതമായ ബോദ്ധ്യതയിൽ ഉറയ്ക്കുകയും ചെയ്തശേഷമായിരിക്കുമോ ഈ മതംമാററത്തിനു തയാറായതെന്നും അറിയേണ്ടതാണു്. ഇത്ര സമുന്നതനായ വ്യക്തിയിൽനിന്നു മറിച്ചു പ്രതീക്ഷിക്കുന്നതു സാഹസമായിരിക്കാമെങ്കിലും സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം അങ്ങിനെയൊരു നിഗമനത്തിൽ ചെന്നുചേരാതിരിക്കുവാൻ സാധാരണന്മാർക്കു നിവൃത്തിയില്ല. തത്വങ്ങളുടെയും പ്രവൃത്തികളുടേയും പൊരുത്തക്കേടു കാണുമ്പോൾ അവർ പറഞ്ഞുപോവുകയാണു് "ഏട്ടിലപ്പടി, പയററിലിപ്പടി" എന്നു്.

x x x

ബ. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

T. A. Ouseph, Trichur

## കോൺഗ്രസ് സ്ഥാനാർത്ഥിനിർണ്ണയം

### ഇതുസംബന്ധിച്ച് കേന്ദ്ര ഇലക്ഷൻകമ്മിററിയുടെ നടപടിക്രമം

തിരുക്കൊച്ചി റീജിയണൽ കോൺഗ്രസ്കമ്മിററി ജനറൽ സെക്രട്ടറി ഇപ്രകാരം അറിയിക്കുന്നു:-

സംസ്ഥാനനിയമസഭകളിലേക്കും പാർലമെൻറിലേക്കും സ്ഥാനാർത്ഥിനിർണ്ണയം ചെയ്യുന്നതിന് കേന്ദ്രഇലക്ഷൻകമ്മിററി നിശ്ചയിച്ചിട്ടുള്ള നടപടിക്രമം താഴെ പറയുംപ്രകാരമാണ്:

1) പ്രദേശ് ഇലക്ഷൻ കമ്മിററി ഡി സി സി മെമ്പറന്മാരിൽ നിന്നും വിവിധ നിയോജകമണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർത്ഥികളുടെ പേരുകൾ ക്ഷണിക്കണം ഇതു സംബന്ധിച്ചുള്ള സർക്കുലറുകൾ ഡി സി സി മെമ്പറന്മാർക്കു അയക്കുന്നതിനായി ഡി സി സി കൾക്കു അയച്ചിട്ടുണ്ടു്.

ഓരോ ഡി സി സി മെമ്പർമാർക്കു് ആ ഡിസ്ട്രിക്ടിൽനിന്നു് ഒരാളിൻെറ പേർമാത്രം നിയമസഭയിലേക്കു നിർദ്ദേശിക്കാവുന്നതാണു്. നിയോജകമണ്ഡലം ഇന്നതായിരിക്കണമെന്നും നിർദ്ദേശിക്കാവുന്നതാണു്. ദ്വയാംഗനിയോജകമണ്ഡലമാണെങ്കിൽ ജനറലും റിസർവ്വും സീററുകൾ ഉൾപ്പെടെ രണ്ടു പേരുകൾ നിർദ്ദേശിക്കാം.

പാർലിമെൻറിനെ സംബന്ധിച്ചിടത്തോളം അഞ്ചു ഡി സി സി മെമ്പറന്മാർക്കുചേർന്നു ഒരു സ്ഥാനാർത്ഥിയുടെ പേർ നിർദ്ദേശിക്കാം. എന്നാൽ ദ്വയാംഗമണ്ഡലമാണെങ്കിൽ ജനറലും റിർസവും സീററുകൾ ഉൾപ്പെടെ രണ്ടു പേരുകൾ നിർദ്ദേശിക്കാം.

2) ഓരോ ഡി സി സി മെമ്പറും ഒക്ടോബർ 31-നുമുമ്പ് മേൽവിവരിച്ച നാമനിർദ്ദേശം പ്രദേശ് ഇലക്ഷൻകമ്മിററിക്കു അയക്കേണ്ടതാണു്. അതിൻെറ കോപ്പി ഡി സി സി ക്കും അയക്കണം. (സെക്രട്ടറി, പ്രദേശ് ഇലക്ഷൻ കമ്മിററി കോൺഗ്രസ്ഹൗസ് തിരുവനന്തപുരം എന്ന വിലാസത്തിൽ അയക്കണം.)

3) നാമനിർദ്ദേശം ചെയ്യുന്നതിനു് അസോഷ്യേററു് മെമ്പറന്മാർക്കും അവകാശമുണ്ടു്.

4) നാമനിർദ്ദേശം ചെയ്യുന്നവർ സ്ഥാനാർത്ഥിയുടെ യോഗ്യത മുതലായ വിവരങ്ങളും നൽകിയിരിക്കുന്നതു നന്നായിരിക്കും.

5) കേന്ദ്രഇലക്ഷൻകമ്മിററിയുടെ പ്രതിനിധികളുമായി ആലോചിച്ചു് പ്രദേശ് ഇലക്ഷൻ കമ്മിററി ഡി സി സി കൾ സന്ദർശിക്കാനുള്ള പ്രതിനിധികളെ നിശ്ചയിക്കണം.

6) ഈ പ്രതിനിധികൾ ഡിനാ ഡി സി സി നിർവ്വാഹകക്കമ്മിററികൾ വിളിച്ചുകൂട്ടി അവരുമായി ചർച്ചകൾ നടത്തുന്നതാണ്.

7) ഈ പ്രതിനിധികൾ നിർവ്വാഹകക്കമ്മിററിക്കു പുറത്തുള്ള ഡി സി സി അംഗങ്ങളുമായി ഒന്നുചേർന്നോ കൂട്ടായോ ചർച്ചകൾ നടത്തും.

8) ഈ ചർച്ചകൾക്കുശേഷം അഞ്ചിൽ കവിയാത്ത ഒരു "പാനൽ" തയ്യാറാക്കി പ്രദേശ്ഇലക്ഷൻകമ്മിററിക്കു പ്രതിനിധി നൽകുന്നതാണ്.

9) ഈ പാനൽ പ്രദേശ്ഇലക്ഷൻകമ്മിററി, കേന്ദ്രഇയക്ഷൻകമ്മിററി പ്രതിനിധികളുംചേന്ന് ചർച്ചചെയ്ത് കേന്ദ്രഇലക്ഷൻകമ്മിററിക്ക് നാമനിർദ്ദേശം ചെയ്യും.

10) സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ, തൊഴിലാളിപ്രവത്തകർ മുതലായവക്കു പ്രാതിനിധ്യം നൽകുന്നതിനുവേണ്ടി ശുപാശ്ചെയ്യപ്പെടാത്ത പേരുകളും പരിഗണിക്കപ്പെടാവുന്നതാണ്.

11) പ്രദേശ്ഇലക്ഷൻകമ്മിററികളുടെ ശുപാർശകൾ (ഇപ്പോൾ റീജിയണൽകമ്മിററികളാണുള്ളതു്) പി സി സി പ്രസിഡണ്ടു മുഖേന കേന്ദ്രഇലക്ഷൻകമ്മിററിക്കു അയക്കുന്നതാണ്.

12) പ്രദേശ്ഇലക്ഷൻകമ്മിററികളുടെ ശുപാർശകൾ കിട്ടിയശേഷം കേന്ദ്രഇലക്ഷൻകമ്മിററി അതിൻെറ തീരുമാനങ്ങൾ എടുക്കുന്നതാണ്.

ശുപാർശചെയ്യപ്പെടാത്ത പേരുകളും ഉൾപ്പെടുത്താനുള്ള അവകാശം കേന്ദ്രഇലക്ഷൻകമ്മിററിക്കുണ്ട്.

## അടുത്തയാഴ്ചയിൽ

നവംബർ

1 വ്യാ: സകല വിശുദ്ധർ
2 വെ: സകല മരിച്ചുവരുടെയും ഓർമ്മ
3 ശ: വി. ഹ്യൂബർട്ടു്
4 ഞാ: പന്തക്കു. 24-ാംഞായർ
5 തി: വി. സ്ലറിയാ
6 ചൊ: വി. സേവേത്രുസ്
7 ബു: വി. റൂഫസ്

(10-ാംപേജ് തുടർച്ച)

ചെയ്യുന്നു; മറെറാരുത്തിയെ (സ്വന്തഭാര്യ ജീവിച്ചിരിക്കെ) വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഇതിൽനിന്നും പരസംഗംനിമിത്തമായാലും സ്വന്തഭാര്യയെ ഉപേക്ഷിച്ച് മറെറാരുത്തിയെ വിവാഹംചെയ്യുവാൻ അനുവദിക്കപ്പെട്ടിട്ടില്ലെന്നു വ്യക്തമാണല്ലോ. അതുതന്നെയാണു കത്തോലിക്കാസഭയുടെ അനുശാസനവും.

ആകയാൽ വ്യഭിചാരംനിമിത്തം ഭാര്യയെ പരിത്യജിച്ചാലും വിവാഹബന്ധം അററുപോകുന്നില്ല. ആ പരിത്യക്താവസ്ഥയിലും അവൾ ഭാര്യയായിരിക്കും. അതുകൊണ്ടാണ് "ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരംചെയ്യുന്നു" എന്നു ക്രിസ്തു തുടന്നു പറയുന്നതു്: "ഭാര്യ തൻെറ ഭത്താവിൽനിന്നു വേർപിരിയരുതു്. അവൾ വേർപിരിയുന്നെങ്കിൽ പുരുഷനെ കൂടാതെ പാക്കുകയോ, സ്വന്ത ഭത്താവിനോടു രമ്യപ്പെടുകയോ ചെയ്യണം" (I കോറി, VII, 10—11) എന്നാണ് വിശുദ്ധ പൗലോസ് ഉപദേശിച്ചിരിക്കുന്നതു്.

ചുരുക്കത്തിൽ വ്യഭിചാരംനിമിത്തം ഭാര്യയെ ഉപേക്ഷിക്കാമെന്ന പ്രയോഗത്തിനു സഹവാസത്തിൽനിന്നു അകന്നു ജീവിക്കാമെന്നു മാത്രമേ പ്രായോഗികമായി അത്ഥമുള്ളു.

35. ചോ: വിശുദ്ധ ഗ്രന്ഥത്തിലും വിശ്വാസപ്രമാണത്തിലും സൂചിപ്പിച്ചിട്ടില്ലാത്ത ഒരു സ്ഥാനത്തെപ്പററി — വെസ്പ്റുക്കാനായെപ്പററി—കത്തോലിക്കാസഭ പഠിപ്പിക്കുന്നുണ്ടല്ലോ. എനിക്കതു ന്യായയുക്തമാണെന്നു തോന്നാത്തതിനാൽ വിശ്വസിക്കുവാൻ കത്തോലിക്കനായ ഞാൻ ബാദ്ധ്യസ്ഥനാണോ?

(വി. എം. എം. കിഴ്തടിയൂർ)

ഉ: വെസ്പ്റുക്കാനാ എന്ന പദം വിശുദ്ധ ഗ്രന്ഥത്തിലോ വിശ്വാസപ്രമാണത്തിലോ ഉപയോഗിച്ചിട്ടില്ലായെന്നതു ശരിതന്നെ. എന്നാൽ അതിൻെറ അസ്തിത്വത്തിൻെറ ന്യായയുക്തതയെപ്പററി 7-ാം ചോദ്യത്തിൻെറ മറുപടിയിൽ പ്രതിപാദിച്ചിട്ടുണ്ട്. 1439 ലെ ഫ്ളോറൻസ് സൂനഹദോസ് സന്ന്യായം അനുശാസിക്കുന്നു: "ഒരു ശുദ്ധീകരണസ്ഥലം (വെസ്പ്റുക്കാനാ) ഉണ്ടെന്നും, അവിടേക്കു ശിക്ഷിക്കപ്പെടുന്ന ആത്മാവുകൾക്കു വിശ്വാസികളുടെ പ്രാത്ഥനകളാലും പ്രധാനമായി അൾത്താരയിലെ സ്വീകാര്യമായ ബലിയാലും സഹായം ലഭിക്കുന്നുവെന്നും, പരിശുദ്ധാത്മാവിനാൽ അദ്ധ്യാപനം ചെയ്യപ്പെട്ട് കത്തോലിക്കാസഭ, വിശുദ്ധ ഗ്രന്ഥങ്ങളിൽനിന്നും സഭാപിതാക്കന്മാരുടെ


Davy's World Famous Poultry Remedies



ഡേവിയുടെ വിശ്വവിഖ്യാതമായ കോഴിരോഗമരുന്നുകൾ

പൗൾട്ടറി പ്രിസർവർ:-രോഗം വരാതെ സൂക്ഷിക്കുന്നതിനും, കോഴിവസന്തക്കും.

റാനിക്കെററൽ:-റാനിക്കെററു് രോഗത്തിനു്.

തൃശ്ശൂർ സ്റ്റോക്കിസ്റ്റ്സ്:
M/s എ. ഡി. കുര്യപ്പൻ & സൺസ്, മർച്ചൻറ്സ്


പ്രാചീനപാരമ്പര്യ ങ്ങ ളി ൽ നിന്നും പരിശുദ്ധ സൂനഹദോസുകളിലും അടുത്തകാലത്തു ഈ സാർവ്വത്രികസൂനഹദോസിലും പഠിപ്പിച്ചിരിക്കുന്നു."

പരിശുദ്ധാവിനു വിരോധമായി പറയുന്നവ "വരുവാനിരിക്കുന്ന ലോകത്തിലും ക്ഷമിക്കപ്പെടുകയില്ല" (മത്താ: XII, 32)എന്നു ക്രിസ്തു പഠിപ്പിച്ചിട്ടുണ്ടല്ലോ. ഇവിടെ പറയുന്ന"വരുവാനിരിക്കുന്ന ലോകം" വെസ്പ്റുക്കാനാ ആണെന്നു വിശുദ്ധ ആഗുസ്തീനോസു . പഠിപ്പിക്കുന്നു. (De C. N Dei., XXI, 24) "ഓരോരുത്തൻേറയും പണി ...തീയാൽ വെളിവാക്കപ്പെടുന്നതുകൊണ്ടു് ആ ദിവസം അതിനെ വെളിവാക്കും" (I കോറി. III 13) എന്നു വിശുദ്ധ പൗലോസ് പറയുന്നതു ശുദ്ധീകരസ്ഥലത്തെ ഉദ്ദേശിച്ചാണെന്നു ഓരിജൻ (Hom. VI. Exod) വിശുദ്ധ ജറോം (In Amos, IV) വിശുദ്ധ അംബ്രോസ് (Ser XX., In Ps., CXVII) വിശുദ്ധ ആഗുസ്തീനോസ് (In Ps., XXVII) മുതലായ പിതാക്കന്മാർ പഠിപ്പിക്കുന്നു.

തനിക്കു് അതു ന്യായയുക്തമാണെന്നു തോന്നാത്തതിനാൽ വിശ്വസിക്കണമോയെന്നാണു ചോദ്യകത്താവിനു അറിയേണ്ടതു്. പ്രപഞ്ചത്തിലെ സാധാരണങ്ങളും അസാധാരണങ്ങളുമായ എല്ലാം മനസ്സിലാക്കത്തക്കവണ്ണം വികസ്വരമാണ് ചോദ്യകത്താവിൻെറ പ്രതിഭയെന്നു അദ്ദേഹം വാദിക്കുകയില്ലല്ലോ. അങ്ങനെയെങ്കിൽ ഒരു സംഗതിയുടെ അസ്തിത്വവും അദ്ദേഹത്തിൻെറ ബോദ്ധ്യവും തമ്മിൽ പൊരുത്തപ്പെട്ടുപോകണമെന്നില്ല. തെരുവിൽ രണ്ടു തൂണുകൾക്കിടയിൽ വലിച്ചുകെട്ടിയിരിക്കുന്ന ഒരു ചെമ്പുകമ്പി മാരകമായ ശക്തിയുള്ളതാണെന്നു തറിക്കു ബോദ്ധ്യമാകുന്നില്ലായെന്നു ഒരു ഗ്രാമീണൻ പറയുന്നതുകൊണ്ടു് ആ കമ്പിയുടെ ശക്തി ഇല്ലാതാകുമോ? ആ കമ്പിയിൽ ആയാൾ സ്പർശിച്ചാൽ ഷോക്കേററു മരിക്കാതിരിക്കുമോ?

അസ്തിത്വമുള്ള എല്ലാം നമ്മുടെ ബോദ്ധ്യത്തെ ആശ്രയിച്ചല്ലാ ഇരിക്കുന്നതു്. ഒന്നു് യഥാത്ഥത്തിൽ ഉണ്ടെങ്കിൽ നമുക്കതു ബോദ്ധ്യമായില്ലെങ്കിലും അതിൻെറ അസ്തിത്വം ഇല്ലാതാകുകയില്ല. വെസ്പ്റുക്കാനാ ഉണ്ടെന്നു കത്തോലിക്കാസഭ അസന്നിഗ്ദ്ധമായി പഠിപ്പിക്കുന്നു. സഭയിൽ വിശ്വസിക്കുന്ന ഒരു കത്തോലിക്കനു് അതു വിശ്വസിച്ചേ മതിയാവൂ. തനിക്കു ബോദ്ധ്യമാകാത്തതുകൊണ്ടു് വിശ്വസിക്കയില്ലായെന്നു പറയുന്നതു്, കത്തോലിക്കാസഭയെ വിശ്വസിക്കാതിരിക്കുകയാണ്. അതായതു് ആ ആൾ ഒരു യഥാത്ഥകത്തോലിക്കനല്ലെന്നത്ഥം.

# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പാ അർബ്ബുദത്തെപ്പററി

ഇക്കഴിഞ്ഞ ആഴ്ച തന്നെ സന്ദർശിച്ച ഒരു ഗണം ശാസ്ത്രജ്ഞന്മാരോടു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടുചെയ്ത പ്രസംഗത്തിൽ, അർബ്ബുദരോഗത്തിനു ഫലപ്രദമായ ഒരു പ്രത്യൗഷധം കണ്ടെത്തുന്ന കാലത്തെ താൻ ആശാപൂർവ്വം പ്രതീക്ഷിച്ചിരിക്കുകയാണെന്നു പ്രസ്താവിക്കുകയുണ്ടായി. "ദൈവം ഒരിക്കലും വിനീതമായ ഹൃദയങ്ങൾക്കു അവിടുത്തെ വരപ്രസാദങ്ങൾ നിഷേധിക്കാറില്ല. നിങ്ങളുടെ ജോലിയിൽ അവിടുന്നു നിങ്ങളെ സഹായിക്കുകയും തുണക്കുകയും ചെയ്യാതിരിക്കുകയില്ല. അതു കരസ്ഥമാക്കുന്നതിനുള്ള മാനുഷികമായ മാർഗ്ഗങ്ങളൊന്നും ഉപേക്ഷിക്കാതെ, നിങ്ങൾ വിശ്വാസപൂർവ്വം ചോദിക്കുന്നപക്ഷം അവിടുന്നു ഒടുവിൽ വിജയം നിങ്ങൾക്കു പ്രദാനം ചെയ്യുന്നതാണു്" എന്നു തിരുമേനി പ്രസ്താവിച്ചു. "നാഷനൽകോൺഗ്രസ് ഓഫ് കെമിയോത്രാഫി"യിൽ സംബന്ധിച്ചിരുന്ന 300 പ്രതിനിധികൾ തന്നെ സന്ദർശിച്ചപ്പോഴാണ് തിരുമേനി ഈ ഉപദേശം നൽകിയതു്. തുടന്നു വൈദ്യപരമായ ഗവേഷണങ്ങളുടെ സാങ്കേതികവശത്തേയും, റേഡിയോ ആക്റ്റീവ് ഐസോടോപ്പ്സ്, ആൻറിബയോടിക്സ്, ഹൊർമോൺസ് മുതലായ രാസികമാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള അർബുദരോഗചികിത്സയേയുംപററി തിരുമേനി പണ്ഡിതോചിതമായി പ്രതിപാദിക്കുകയുണ്ടായി.

## മാർപ്പാപ്പാ ഇൻഷ്വറൻസിനെപ്പററി

സെൻട്രൽസർവ്വീസസ് ഓഫ് പ്രൈവററ് ഇൻഷ്വറൻസിൻെറ അന്താരാഷ്ട്രീയകോൺഫറൻസിൽ സംബന്ധിച്ചിരുന്ന വിവിധരാജ്യപ്രതിനിധികൾ പരിശുദ്ധ പിതാവിനെ സന്ദർശിച്ച അവസരത്തിൽ ലൈഫ് ഇൻഷ്വറൻസിനെ ലോട്ടറിയുമായി ബന്ധിപ്പിക്കുന്നതിൻെറ വിവേകത്തെ അവിടുന്നു ചോദ്യംചെയ്യുകയുണ്ടായി. "അത്തരമൊരു നടപടി മൂലധനത്തെത്തന്നേയും പ്രായംചെന്ന ആളുകളുടേയും അവരെ അതിജീവിക്കുന്നവരുടേയും സുരക്ഷിതത്വത്തേയും അപകടത്തിലാക്കുകയില്ലേയെന്നു നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക"യെന്നാണു തിരുമേനി പ്രസ്താവിച്ചതു്. വളരെ വേഗത്തിലും എളുപ്പത്തിലും സമ്പന്നരാകുവാനുള്ള പല ആളുകളുടേയും അഭിനിവേശത്തെ തിരുമേനി പരാമർശിക്കുകയുണ്ടായി. പതിവുപോലെ ഇതിൻെറ ആദ്ധ്യാത്മികവശത്തെപ്പററിയും തിരുമേനി പരാമർശിച്ചു. "നിങ്ങൾ ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപം തേടരുതു്......പ്രത്യുത സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപം തേടുവിൻ" എന്നു് വിശുദ്ധ മത്തായിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് തിരുമേനി പ്രസ്താവിച്ചു.

## മാർപ്പാപ്പാ അറക്കപ്പൊടിയെപ്പററി

"യൂറോപ്യൻ ഫെഡറേഷൻ ഓഫ് ഫൈബർ മാനുഫാക്ചറേഴ്സ്" എന്ന സംഘടനയുടെ അംഗങ്ങൾ ഈയിടെ പരിശുദ്ധ പിതാവിനെ സന്ദർശിച്ച അവസരത്തിൽ അവരോടുചെയ്ത പ്രഭാഷണത്തിൽ ഗാർഹികമായ ഒരു ചിന്തയും അടങ്ങിയിരുന്നു. അവരുടെ അസംസ്കൃതസാധനം—സോമില്ലുകളിൽനിന്നുള്ള അറക്കപ്പൊടി—ഇന്ധനമായി ഉപയോഗിക്കുന്നതിനു പററിയതായിരിക്കുന്നില്ലായെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. അറക്കപ്പൊടി ഉപയോഗിച്ച് മരക്കട്ടകൾ ഉണ്ടാക്കുന്ന സാങ്കേതികസമ്പ്രദായത്തെപ്പററി അവിടുന്നു സുദീർഘം ഉപന്യസിച്ചു. അനന്തരമാണ് അതിൻെറ ഗാർഹികോപയോഗങ്ങളെപ്പററിയുള്ള പ്രതിപാദനമുണ്ടായതു്. ചൂടിനേയും ശബ്ദത്തേയും തടയുന്നതിനു അറക്കപ്പൊടി എങ്ങനെ ഉപയോഗിക്കാമെന്നു പരിശുദ്ധ പിതാവു ചൂണ്ടിക്കാണിച്ചു.

## മാർപ്പാപ്പാ നികുതിയെപ്പററി

"ഇൻറർനാഷനൽ അസോസ്യേഷൻ ഓഫ് ഫിനാൻഷ്യൽ ആൻറ് ഫിസ്ക്കൽ ലോ" എന്ന സംഘടനയുടെ അന്താരാഷ്ട്രീയ കോൺഗ്രസിൽ സംബന്ധിച്ചിരുന്ന പ്രതിനിധികൾ ഈയിടെ പരിശുദ്ധ പിതാവിനെ സന്ദർശിച്ചിരുന്ന അവസരത്തിൽ, നികുതിദായകന്മാരും, നികുതി ചുമത്തുന്ന ഗവർമെൻറും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തെപ്പററി അവിടുന്നു സുദീർഘം ഉപന്യസിക്കുകയുണ്ടായി. തീരെ ദുർവഹമായ ഒരു നികുതിഭാരം പലപ്പോഴും സ്വകാര്യസംരംഭങ്ങളെ ശ്വാസംമുട്ടിക്കുകയും, വ്യവസായവികസനത്തെ മന്ദീഭവിപ്പിക്കുകയും, വ്യക്തികളുടെ സ്വമേധയായതങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുമെന്നു് അവിടുന്നു ചൂണ്ടിക്കാണിച്ചു.

## ജപാപ്പസ്തോലസഖ്യം

ജപാപ്പസ്തോലസഖ്യത്തിൻെറ വാർഷികകോൺഗ്രസിൽ സംബന്ധിക്കുന്നതിനായി റോമയിൽ എത്തിയിരുന്ന 38 രാജ്യങ്ങളിൽനിന്നുള്ളവരായ വൈദികർ കാസ്റ്റൽഗൺഡോൾഫോയിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയുണ്ടായി. "എല്ലാവക്കും അപ്പസ്തോലന്മാരാകാൻ സാധിച്ചെന്നുവരികയില്ല; എന്നാൽ എല്ലാവക്കും പ്രാത്ഥിക്കാം" എന്നു തിരുമേനി അവരെ അനുസ്മരിപ്പിക്കുകയുണ്ടായി. ചൈനായിൽനിന്നും ഇരുമ്പുകർട്ടനു പിന്നിൽനിന്നും വന്നിരുന്ന ഓരോ വൈദികരും ഈ കോൺഗ്രസിൽ സംബന്ധിച്ചിരുന്നു. ജപാപ്പസ്തോലസഖ്യത്തിൻെറ ഡയറക്ടർജനറൽ ആയ ഈശോസഭാജനറലും ലോകത്തിലെങ്ങുമുള്ള മിക്ക തിരുഹൃദയദൂതൻ മാസികകളുടെ പത്രാധിപന്മാരും കോൺഗ്രസിൽ സംബന്ധിച്ചിരുന്നു. ജപാപ്പസ്തോലസഖ്യംവഴി സാധിക്കാവുന്ന ആദ്ധ്യാത്മികപുനരുജ്ജീവനത്തെപ്പററിയുള്ള ചർച്ച കോൺഗ്രസിൽ നടന്നു.

## ജർമ്മനിയിലെ സഭ

ജമ്മനിയിൽ ദൈവവിളി വർദ്ധിച്ചുവരുന്നതായും ഇപ്പോൾതന്നെ 3800 സെമ്മിനാരിവിദ്യാർത്ഥികളുള്ളതായും കൊളോൺമെത്രാപ്പോലീത്താ കർദ്ദിനാൾ ഫ്റിൻജസ് ജമ്മൻഹയരാർക്കിക്കു നൽകിയ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. കത്തോലിക്കാ പരോപകാരപ്രവത്തനങ്ങളും വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. 42,000 സന്ന്യാസിനീസന്ന്യാസികളുടേയും 38000 അൽമായസഹോദരരുടേയും സഹായത്തോടുകൂടി 4000 പരോപകാരസ്ഥാപനങ്ങൾ ജമ്മൻ കത്തോലിക്കർ നടത്തിപ്പോരുന്നുണ്ടു്. ജമ്മൻകത്തോലിക്കർ അവരുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നതായി തിരുമേനി ചൂണ്ടിക്കാണിക്കുന്നു. സോവ്യററുമേഖലയിൽ കമ്മ്യൂണിസ്റ്റ്മദ്ദനംമൂലം ചില കത്തോലിക്കർ സഭ വിട്ടുപോകുവാൻ ഇടയായിട്ടുണ്ടെന്നുള്ള വസ്തുതയും തിരുമേനി അനുസ്മരിക്കുന്നു.

## ഫാത്തിമാവാർഷികം

പരിശുദ്ധ കന്യകാമറിയം ഒടുവിൽ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിൻെറ 39-ാംവാർഷികദിനമായ കഴിഞ്ഞ ഒക്ടോബർ 13-ാം തീയതി 5 ലക്ഷത്തോളം തീത്ഥകർ ഫാത്തിമായിൽ സന്നിഹിതരായി അവിടത്തെ ചടങ്ങുകളിൽ സംബന്ധിക്കുകയുണ്ടായി. ലോ ꠰


For Favours Received





Mrs. Leela George

ത്തിലെങ്ങും പ്രാർത്ഥനയും പ്രായശ്ചിത്തവും പ്രചരിപ്പിക്കുന്നതിനായി സ്ഥാപിതമായിരിക്കുന്ന "നീലസേന" എന്ന സംഘടനയുടെ ഹെഡ്ക്വാർട്ടേഴ്സ്, കർദ്ദിനാൾസംഘത്തിന്റെ ഡീൻ ആയ കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി തദവസരത്തിൽ ഉൽഘാടനം ചെയ്യുകയുണ്ടായി. ഇളംനീലനിറത്തിലുള്ള ഒരു പതാക തിരുമേനി ആശീർവ്വദിക്കുകയുംചെയ്തു. രാത്രിമുഴുവൻ ഉറക്കിളച്ചിരുന്നു പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും കഴിഞ്ഞുകൂടുന്ന ഭക്താചാരം ഫാത്തിമായിൽ സാധാരണമായിട്ടുണ്ട്. അവർക്കുവേണ്ടിയുള്ളതാണ് ഈ പതാക.

## 9-ാം പീയൂസ് മാർപ്പാപ്പാ

1878-ൽ നിര്യാതനായ 9-ാം പീയൂസ് മാർപ്പാപ്പായുടെ ഭൗതികാവശിഷ്ടങ്ങൾ ഒക്ടോബർ 25-ാം തീയതി ശവക്കല്ലറയിൽനിന്നും പുറത്തെടുക്കുകയുണ്ടായി. സിദ്ധനെന്നു പേരുവിളിക്കുന്നതിനുമുൻപു അവശ്യം അനുവർത്തിക്കുന്ന ഒരു നടപടിയാണിതു്. ഭൗതികാവശിഷ്ടങ്ങൾ ഒരു പേടകത്തിൽ നിക്ഷേപിച്ച് മുദ്രവെക്കുന്നതും, പത്രോസിന്റെ ബസ്ലിക്കായിലേക്കു കൊണ്ടുവരുന്നതുമാണു്. അവിടെ മതപരവും പൗരപരവുമായ അധികാരികളും റീത്തുകളുടെ തിരുസംഘത്തിൽനിന്നുള്ള വൈദ്യവിദഗ്ധന്മാരും അതു പരിശോധിക്കുന്നതും റിപ്പോർട്ടു തയാറാക്കുന്നതുമാണ്.

---

വി. പത്താം പീയൂസിന്റെയും, വി. യൗസേപ്പു കുപ്പർത്തിനോയുടെയും, വി. യൂദാശ്ലീഹായുടേയും മാദ്ധ്യസ്ഥത്താൽ ഞാൻ പബ്ളിക്കു പരീക്ഷയിൽ പാസായതിനു നന്ദി. താമസിച്ചതിനു ക്ഷമാപണം.

Annie Chacko, Trichur

---

## പതിനായിരാമത്തെ ശിശു

സ്കോട്ടലൻഡിൽ ഗ്ലാസ്ഗോ എന്ന സ്ഥലത്തു് ഫ്രാൻസിസ്കൻ മൈനോറസസ് എന്ന കന്യാസ്ത്രീകൾ നടത്തുന്ന സെൻറു ഫ്രാൻസീസ് മറേർണിററി ഹോമിൽ പതിനായിരാമത്തെ ശിശു ഈയിടെ ജാതമായിരിക്കുന്നു. 1946 ഒക്ടോബറിലാണു ഈ പ്രസവാസ്പത്രി സ്ഥാപിതമായതു്. വിഷമകരങ്ങളും ദുർഘടപൂർണ്ണങ്ങളുമായ പ്രസവക്കേസുകൾക്കു ഇവിടെ മുൻഗണന ലഭിക്കുന്നു. മററു് ആശുപത്രികളിൽനിന്നു് അസാദ്ധ്യമെന്നു പറഞ്ഞു് ഉപേക്ഷിച്ച പല കേസുകളും തള്ളയ്ക്കും പിള്ളയ്ക്കും കേടുകൂടാതെ ഇവിടെ പ്രസവം നടന്നിട്ടുണ്ടു്. 543 ശിശുക്കൾ സിസേറിയൻ ശസ്ത്രക്രിയമൂലം ജാതമായിട്ടുള്ളതാണു്. ഒരു സ്ത്രീയുടെ 6 കുട്ടികളും 4 സ്ത്രീകളുടെ അഞ്ചു കുട്ടികളും 10 സ്ത്രീകളുടെ നന്നാലു കുട്ടികളും ഇങ്ങനെ ജനിച്ചിട്ടുള്ളതാണു്. ആദർശസമ്പന്നകളും വിദഗ്ധകളുമായ കന്യാസ്ത്രീകളുടെ നിയന്ത്രണത്തിലുള്ള പ്രസവാശുപത്രികൾ എത്ര അത്യന്താപേക്ഷിതമാണെന്നുള്ളതിനു ഈ മറേർണിററിഹോമും ഒരു തെളിവായിരിക്കുന്നു.

## മെത്രാപ്പോലീത്താ അപലപിക്കുന്നു

അൾജീരിയായിലെ മെത്രാപ്പോലീത്താ ഡൂവൽ തിരുമേനി പുറപ്പെടുവിച്ചിരിക്കുന്ന ഒരു ഇടയലേഖനത്തിൽ, അൾജീരിയായിലെ ദേശീയവിപ്ലവകാരികൾക്കെതിരായി പ്രതികാരനടപടികളെടുക്കുന്നതിനെ ശക്തിയായി ആക്ഷേപിച്ചിരിക്കുന്നു. അതു ഗർഹണീയമായ പ്രത്യാഘാതത്തെ ക്ഷണിച്ചുവരുത്തുന്ന ഒന്നായിരിക്കുമെന്നു തിരുമേനി ചൂണ്ടിക്കാണിക്കുന്നു. പ്രതികാരം അനവസാനമായ വിദ്വേഷത്തെ സംജാതമാക്കുമെന്നും അതു കൂടുതൽ അക്രമങ്ങൾക്കു വഴിതെളിക്കുകയേയുള്ളുവെന്നും തിരുമേനി ഉദ്ബോധിപ്പിച്ചിരിക്കുന്നു.

---

(5-ാംപേജ് തുടർച്ച)

**വാഴപ്പള്ളി:** സ്ഥലം ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനു് ഒരു പൊതുയോഗം ഒക്ടോ: 21-ാംനു ബിഷപ്പ് കാളാശ്ശേരി ജൂബിലിമെമ്മോറിയൽ കാത്തലിക് ക്ലബിൽവച്ചു റവ ഫാദർ മാത്യു വാക്കാശേരി എം എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. റവ ഫാദർ കുര്യാക്കോസ് ഏണേക്കാട്ട് എം എ., കെ പി ഫിലിപ്പ് മുതലായവർ പ്രസംഗിച്ചു. നിയോഗിറിപ്പോർട്ടിനെ പ്രതിഷേധിച്ച് മി കെ പി ഫിലിപ്പ് പ്രതിഷേധപ്രമേയം അവതരിപ്പിച്ചു പാസ്സാക്കി.


**അമ്പാറനിരപ്പേൽ:** സ്ഥലത്തെ ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ മിഷൻഞായറാഴ്ച ഒരു വൻപിച്ച പൊതുയോഗം കൂടുകയുണ്ടായി. റവ ഫാദർ മാത്യു എലിപ്പുലിക്കാട്ട് യോഗത്തിൽ ആദ്ധ്യക്ഷംവഹിച്ചു. ബ്രദർ സി സി ചാണ്ടി പ്രസംഗിച്ചു.

## ചരമവാർത്ത

**പേരാവൂർ:** സ്ഥലം സെൻറു ജോസഫ്സ് ഹൈസ്കൂൾ അദ്ധ്യാപകൻ മി. വി. എൽ. അബ്രഹാം ബി. എസ്സ്സിയുടെ സഹോദരിയും ശ്രീ ജോസഫ് ഓടസ്കൽ അവർകളുടെ ഭാര്യയുമായ ഏലിക്കുട്ടി, നാല്പതാമത്തെ വയസ്സിൽ ഒക്ടോബർ 15-ാംനു രാവിലെ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. വെരി റവ. ഫാദർ ഫിലിപ്പ് മുറിഞ്ഞകല്ലേൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും സെൻറു് ജോസഫ്സ് ഹൈസ്കൂളിലെ അദ്ധ്യാപികാദ്ധ്യാപകന്മാരുടേയും വിദ്യാർത്ഥിനീവിദ്യാർത്ഥികളുടേയും സാന്നിദ്ധ്യത്തിലും സംസ്കാരാദിചടങ്ങുകൾ നടക്കുകയുണ്ടായി.

R. I. P.

## നിര്യാതനായി



ശ്രീ ജോർജ്ജ് പാറയ്ക്കൽ
(പറവൂർ ഡിസ്ട്രിക്ട് ജഡ്ജി)

പറവൂർ ഡിസ്ട്രിക്ട് ആൻറു് സെഷൻസ് ജഡ്ജി ശ്രീ ജോർജ്ജ് പാറയ്ക്കൽ അവർകൾ ഒക്ടോബർ 24-ാംനു രാവിലെ എറണാകുളം ഡിസ്ട്രിക്ട് ആശുപത്രിയിൽവച്ചു നിര്യാതനായിരിക്കുന്നു. രക്തസമ്മർദ്ദം സംബന്ധിച്ച അസുഖം നിമിത്തം ഏതാനും ദിവസങ്ങൾക്കു മുമ്പു അദ്ദേഹത്തെ പറവൂർനിന്നും എറണാകുളത്തേക്കു കൊണ്ടുവരികയും ആശുപത്രിയിൽ ചികിൽസിക്കപ്പെടുകയുമായിരുന്നു. ശവസംസ്കാരകർമ്മങ്ങൾ പരേതന്റെ ഇടവകയായ ഞാറയ്ക്കൽവച്ചു 25-ാംനു വ്യാഴാഴ്ച രാവിലെ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും എറണാകുളം അതിരൂപതാ വികാരി ജനറാൾ റൈററ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു ആദിയായ അനേകം വൈദികരുടെ സഹകരണത്തിലും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും നാനാജാതിമതസ്ഥരുമുൾപ്പെട്ട ഒരു വലിയ ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലും ശിമത്തേരിക്കപ്പേളയിൽ ആഡംബരപൂർവ്വം നിർവ്വഹിക്കപ്പെട്ടു. വീട്ടിൽവച്ചുള്ള കർമ്മങ്ങളിൽ മോൺ. വല്യാറമ്പത്തു അവർകൾ പ്രധാനകാർമ്മികത്വം വഹിച്ചു. വെരി റവ. ഫാദർ ജോസഫ് വളമംഗലം ചരമപ്രഭാഷണം നിർവ്വഹിച്ചു. മൃതദേഹം പള്ളിയിൽവച്ചു റവ. ഫാദർ ഐസക്ക് ചിറയ്ക്കൽ റാസ ചൊല്ലി. മെത്രാപ്പോലീത്താ തിരുമേനിയുടെ കാർമ്മികത്വത്തിൽ തുടർന്നു നടന്ന ശവസംസ്കാരത്തിനുശേഷം പരേതന്റെ മാതൃകാജീവിതത്തേയും മതരംഗത്തിലും പൗരരംഗത്തിലും പരേതൻ നിർവ്വഹിച്ചിട്ടുള്ള സ്തുത്യർഹമായ സേവനങ്ങളേയും അനുസ്മരിച്ചു തിരുമേനി ഒരു ലഘുപ്രഭാഷണം നടത്തുകയും പരേതനുവേണ്ടി പ്രാർത്ഥിക്കുന്നതിനു എല്ലാവരേയും ആഹ്വാനം ചെയ്യുകയും ചെയ്തു.

R. I. P.

## തിരുക്കൊച്ചിവാർത്തകൾ

മൂന്നാറിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന പബ്ളിക്കു സ്കൂൾ 1957 ജനുവരി അവസാനത്തോടുകൂടി പ്രവർത്തനം തുടങ്ങുന്നതാണു്. ഒരു വിദ്യാർത്ഥിക്കു പ്രതിവർഷഫീസ് 1800 ക. യായിരിക്കും. 9-നും 10-നും മദ്ധ്യേ പ്രായമുള്ള കുട്ടികൾക്കായിരിക്കും ഇവിടെ പ്രവേശം.




—തിരുവിതാംകൂർ സർവ്വകലാശാലാ വൈസ്ചാൻസലർ ഡോക്ടർ ഏ. രാമസ്വാമി മുതലിയാരുടെ ഉദ്യോഗകാലാവധി നവംബർ 15 മുതൽ ഒരു കൊല്ലത്തേക്കുകൂടി നീട്ടിക്കൊടുത്തിരിക്കുന്നു. അന്നുതന്നെ കാലാവധി അവസാനിക്കുന്ന പ്രോ വൈസ് ചാൻസലർ മി. പി. ആർ പരമേശ്വരപ്പണിക്കർ സർവ്വീസിൽനിന്നു റിട്ടയർ ചെയ്യുവാൻ അനുവദിക്കുകയും, വിദ്യാഭ്യാസഡയറക്ടർ മി. സുന്ദരരാജനായിഡുവിനെ പകരം നിയമിക്കുകയും ചെയ്തിരിക്കുന്നു.

—ഡപ്യൂട്ടി സിക്രട്ടറി മി. പി. ജെ. മാത്യുവിനെ തൽസ്ഥാനത്തു സ്ഥിരപ്പെടുത്തിയിരിക്കുന്നു.

—ജപ്പാനിലെ വ്യവസായപ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനു അങ്ങോട്ടുപോയിരുന്ന മി. ലോന ചാക്കോള തിരിച്ചെത്തിയിരിക്കുന്നു.

—മുഞ്ചിറ എൻ. ഇ. എസ്. ബ്ളോക്കിന്റെ ഹെഡ്ക്വാർട്ടേഴ്സുകെട്ടിടം ചീഫ് സിക്രട്ടറി മി. എൻ. ഇ. എസ്. രാഘവാചാരി ഉൽഘാടനം ചെയ്തിരിക്കുന്നു.

—അഖിലേന്ത്യാ കാത്തലിക്സർവ്വകലാശാലാ സംഘടനയുടെ ഉത്തരകേരളവിഭാഗത്തിന്റെ സമ്മേളനം കഴിഞ്ഞ ശനി ഞായർ ദിവസങ്ങളിൽ ദേവഗിരി കോളെജിൽവെച്ചു നടന്നിരിക്കുന്നു.

—വൈക്കം-എറണാകുളം റോഡിൽ പൂത്തോട്ട പാലം പണികഴിപ്പിക്കാൻ 698,000ക. യുടെ എസ്റ്റിമേററും, കോട്ടയത്തെ കോടിമതപ്പാലം പുതുക്കിപ്പണിയാൻ 5841000 ക. യുടെ എസ്റ്റിമേററും ഗവർമെൻറു് അനുവദിച്ചിരിക്കുന്നു.

—ഐക്യരാഷ്ട്രസമിതിയുടെ 11-ാമതു വാർഷികം തിരുവനന്തപുരം ജൂബിലി ടൗൺഹാളിൽ വെച്ചു തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ബനഡിക്ട് മാർ ഗ്രിഗോറിയോസു തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

—ഒല്ലൂരിൽ തുടങ്ങുന്ന ഇൻഡസ്ട്രിയൽ എസ്റ്റേററിന്റെ ശിലാസ്ഥാപനകർമ്മം അഡ്വൈസർ ശ്രീ പി. എസ്സ്. റാവു നിർവ്വഹിച്ചിരിക്കുന്നു.

—അമ്പലപ്പുഴ, ചേർത്തല, തിരുവല്ലാ, ചങ്ങനാശേരി, കുട്ടനാടു, ചെങ്ങന്നൂർ ഈ താലൂക്കുകൾ ചേർത്തു ആലപ്പുഴ ഒരു ഡിസ്ട്രിക്ടാക്കുവാൻ ഗവമ്മെൻറു ആലോചിച്ചുവരുന്നതായി അറിയുന്നു.

—സംസ്കൃതവിദ്യാഭ്യാസ പ്രോത്സാഹനാർത്ഥം സംസ്കൃതവിദ്യാലയങ്ങളിൽ പഠനം നടത്തുന്ന എല്ലാ കുട്ടികൾക്കും പകുതി ഫീസ് സൗജന്യം ഗവമ്മെൻറു അനുവദിച്ചിരിക്കുന്നു.

—രാജപ്രമുഖൻ തിരുവിതാംകൂർ സർവ്വകലാശാലാ ചാൻസലർസ്ഥാനം രാജിവെച്ചിരിക്കുന്നു. മേലിൽ കേരളഗവർണ്ണർ ചാൻസലറാകാനാണിട.

—തൃശ്ശൂർ, കോട്ടയം, കൊല്ലം, എറണാകുളം എന്നീ നഗരങ്ങളിലെ വാട്ടർവർക്സ് നിർമ്മാണം അടുത്ത നവംബറിനു മുൻപു പൂർത്തിയാകുന്നതാണെന്നു ഔദ്യോഗികവൃത്തങ്ങൾ പ്രസ്താവിക്കുന്നു.

—തിരുവിതാംകൂർ രാജകുടുംബം വകയായുള്ള ശ്രീപാദം, ശ്രീ പണ്ടാരവക ഭൂമികളിലെ കൈവശക്കാർക്കു് ഉടമസ്ഥാവകാശം നൽകി അടിസ്ഥാനനികുതി നിശ്ചയിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—തിരുവിതാംകൂർ ക്രെഡിററ് ബാങ്ക് ലിക്വിഡേററുചെയ്യുവാൻ ഗവമ്മെൻറു ഉത്തരവായിരിക്കുന്നു. കേരളസഹകരണബാങ്ക് ആരംഭിക്കുന്നതിനാണിങ്ങനെ ചെയ്യുന്നതു്.

## ഇൻഡ്യാ വാർത്തകൾ

സൂയസ് പ്രശ്നം സംബന്ധിച്ച് ഐക്യരാഷ്ട്രസമിതിയിൽ സംബന്ധിക്കുവാൻ പോയിരുന്ന മി. വി. കെ. കൃഷ്ണമേനോൻ ഡൽഹിയിൽ തിരിച്ചെത്തിയിരിക്കുന്നു.

—മലയാളപ്രദേശ് കോൺഗ്രസ് വർക്കിംഗ് കമ്മിററിയിലേക്കു 14 പേരെ പ്രസിഡൻറു നോമിനേററുചെയ്തിരിക്കുന്നു. മി. കെ. പി. കുട്ടികൃഷ്ണൻനായർ സിക്രട്ടറിയും മി. പി. കുമാരൻ ഖജാൻജിയുമായിരിക്കുന്നതാണു്.

—മൈസൂർ കോൺഗ്രസ്പാർട്ടി നേതാവായി മി. എസ്. നിജലിംഗപ്പായും, പി. സി. സി. പ്രസിഡണ്ടായി മി. വി. വെങ്കടപ്പയും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—പുതിയ ആന്ധ്രസംസ്ഥാന കോൺഗ്രസ് നിയമസഭാകക്ഷിയുടെ നേതാവായി മി. സഞ്ജീവറെഡ്ഡി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—പ്രധാനമന്ത്രിയുടെ ദേശീയദുരിതാശ്വാസനിധിയിലേക്കു റഷ്യയിലെ റെഡ്ക്രോസും റെഡ് ക്രസെൻറും സംഘടനകളുടെ യൂണിയൻ ഒരു ലക്ഷം ക. സംഭാവനചെയ്തിരിക്കുന്നു.

—അടുത്ത തിരഞ്ഞെടുപ്പിൽ സ്വന്തം സ്ഥാനാർത്ഥികളെ നിർത്തി മൽസരിക്കുവാൻ ഇന്ത്യൻ 'മുസ്ലീം ലീഗ്' തീരുമാനിച്ചിരിക്കുന്നു.

—ഡോക്ടർ എൻ. വി. രാജകുമാറിനെ ബ്രി: വെസ്റ്റിൻഡീസിലെ ഇന്ത്യൻ കമ്മീഷണറായി നിയമിച്ചിരിക്കുന്നു.

—അടുത്ത പൊതുതിരഞ്ഞെടുപ്പു മാർച്ച് രണ്ടാം അർദ്ധത്തോടുകൂടി നടക്കുമെന്നു പ്രതീക്ഷിക്കുന്നതായി പ്രധാനമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

—എത്യോപ്യൻചക്രവർത്തി ഹെയിലി സലാസി പര്യടനാർത്ഥം ഇന്ത്യയിലെത്തിയിരിക്കുന്നു. കഴിഞ്ഞ തിങ്കളാഴ്ച മുതൽ അദ്ദേഹം കേരളത്തിൽ പര്യടനം നടത്തുകയാണു്.

—പത്തുലക്ഷം ടണ്ണിന്റെ മറെറാരു ഉരുക്കുഫാക്ടറികൂടി മൂന്നാംപഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള ആലോചനകൾ പൂർത്തിയായിരിക്കുന്നു. മൂന്നാംപദ്ധതിയിൽ വ്യവസായങ്ങൾക്കു് 2500 കോടി രൂപായാണു വിഭാവനം ചെയ്യുന്നതു്.

—ഒരു സൈക്കിൾഫാക്ടറി തിരു-കൊച്ചിയിൽ സ്ഥാപിക്കുവാൻ ബിർലാമാക്കു ലൈസൻസ് നൽകിയിരിക്കുന്നതായി അറിയുന്നു. വർഷത്തിൽ 10 ലക്ഷം സൈക്കിൾ നിർമ്മിക്കാവുന്ന ഈ ഫാക്ടറിക്കു് 50 ലക്ഷം ക. ചെലവുവരും.

—അഖിലേന്ത്യാ കോൺഗ്രസ്കമ്മിററിയുടെ അടുത്ത യോഗം നവംബർ 9 മുതൽ 3 ദിവസത്തേക്കു കല്ക്കട്ടായിൽവെച്ചു കൂടുന്നതാണു്.

—ന്യൂഡൽഹിയും ലണ്ടനുമായി നേരിട്ടുള്ളൊരു റേഡിയോ-ടെലഫോൺ സർവ്വീസ് ആരംഭിച്ചിരിക്കുന്നു.

—ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ അടുത്ത വാർഷികസമ്മേളനം ഇൻഡോർ കോട്ടയ്ക്കു സമീപം "റാണി ലക്ഷ്മീഭായി നഗറിൽ"വെച്ചു നടത്തപ്പെടുന്നതാണു്.




## സംശയാധീനസമരം

### അദ്ധ്യായം 19 (തുടർച്ച)

(വി. സി. ജോജ്ജ് ബി എ. എൽ. ററി.)

ഗദയുമേന്തി ബറാബാസ് നിശ്ചലനായിക്കഴിഞ്ഞു. തന്നെ കളിപ്പണ്ടമാക്കി പ്രൊക്കുറയിററർ നടത്തുന്ന വിനോദപ്പയററിൻെറ ക്രൗയ്യവും നീചത്വവും എത്രമാത്രമെന്നു ഊഹിക്കുവാൻ ഈ അവസ്ഥയിൽ ബറാബാസിനു സാധിച്ചു. പ്രൊക്കുറയിററരുടെ ഉദ്ദേശ്യമാകട്ടെ തന്നേയും യൂദാബെൻയാക്കോബിനേയും ഒരുപോലെ വിഡ്ഢിവേഷംകെട്ടിക്കാനായിരുന്നുവെന്നും അയാൾ ധരിച്ചു. ആ പ്രൊക്കുറയിററർ, കഠിനകഠോരൻ, തെളിഞ്ഞിരുന്നു്, മററുള്ളവരോടൊപ്പം, അജ്ഞരായ സാമാന്യജനങ്ങളോടൊപ്പം, രസിക്കുകയും ചിരിക്കുകയും ചെയ്യുന്നു. ആ ചിരി തന്നേയും മക്കാബ്യരുടെ സന്തതിയേയുംമാത്രം കളിയാക്കുവാൻവേണ്ടിയല്ലായിരുന്നു. യഹൂദസമുദായത്തെ ഒന്നാകെ ചെണ്ടകൊട്ടിക്കുന്നതായിരുന്നു ആ ചിരി.

ബറാബാസിൻെറ ഉള്ളിൽ ഉഗ്രകോപത്തിൻെറ ശക്തിയേറിയ തിരത്തള്ളൽ അനുഭവപ്പെട്ടു. "ഈ ഗദകൊണ്ടു് കാവൽഭടന്മാരിൽ ചിലരുടെ കഥ കഴിക്കാം. മററുള്ളവരുടെ കൈയാൽ എനിക്കു മരിക്കുകയുംചെയ്യാം" എന്നായിരുന്നു അയാളുടെ ആദ്യത്തെ ആത്മഗതം. പെട്ടെന്നു ആ ചിന്ത അന്തരിച്ചു. ദാരിദ്ര്യച്ചുട്ടധരിച്ച ഓഫൽനിവാസികളുടെ ബെഞ്ചിൽ പെരുവിരൽ ഊന്നിനിന്നുകൊണ്ടു് തൻെറ മുഖത്തേക്കുററുനോക്കുന്ന ഒരുവൻെറ മിന്നുന്ന കണ്ണുകൾ ബറാബാസിനു് ദൃഷ്ടിഗോചരമായി. ആ ആളുടെ ക്ഷീണിച്ച ഗാത്രവും ചടപിടിച്ച് ചുരുണ്ട കേശവും മീശയും വലയം ചെയ്ത മാംസരഹിതമായ മുഖവും, തുളച്ചുകയറുന്ന നോട്ടത്തോടുകൂടിയ ആ കണ്ണുകളുടെ ചോദ്യംചെയ്യുന്നതെങ്കിലും പ്രോത്സാഹജനകമായ ഭാവവും തനിക്കൊട്ടുംതന്നെ അപരിചിതമായിരുന്നില്ല. ആ നോട്ടത്തിൽ ഒത്തിണങ്ങിയ ഭക്തിയും! അതെ, അതു് എസ്രാതന്നെ! ഉത്തരക്ഷണത്തിൽ ആ സഖാവിൻെറ സ്വരവും ഉച്ചത്തിൽ ബറാബാസ് കേട്ടു: "അടിച്ചുകൊല്ലു, ബറാബാസ്; ജയ്, ബറാബാസ്!" അനന്തരം അവിചാരിതമായ ഒരു സംഭവം നടന്നു. ഓഫൽനിവാസികളുടെ ആ ചെറുസംഘം—അവരിൽ പലരും ബറാബാസിൻെറ പരിചയക്കാരായിരുന്നു—ഏകസ്വരത്തിൽആത്തുവിളിക്കുകയായി: "അടിച്ചുകൊല്ലു, ബറാബാസ്; ജയ്, ബറാബാസ്!"

സന്ദശ്കവൃന്ദത്തിൽ മററുള്ളവരുടെ ചിരിയും കൂകലുമെല്ലാം ഓഫൽക്കാരുടെ ജയ്‌വിളിയിൽ മുങ്ങിപ്പോകത്തക്കവണ്ണം അവരുടെ ശബ്ദം അത്യുച്ചയന്നു. പീലാത്തോസ് ആ ഭാഗത്തേക്കു ശ്രദ്ധാപൂർവ്വം നോക്കി.

"ഓഫൽഭാഗത്തെ ദരിദ്രരായ യഹൂദഗണം." സിക്രട്ടറി പീലാത്തോസിനോടു പറഞ്ഞു മനസ്സിലാക്കി. ഓഫൽക്കാരുടെ ജയ്‌വിളിയെ കീഴടക്കുവാൻ സന്നിഹിതരായിരുന്ന ബഹുജനം ശ്രമിച്ചുനോക്കി. എങ്കിലും "ജയ്, ബറാബാസ്!" വിനോദരംഗം മുഴവനിലും പ്രതിദ്ധ്വനിച്ചുകൊണ്ടിരുന്നു. വീണ്ടും വീണ്ടും എസ്രായുടെ സ്വരം ബറാബാസ് കേൾക്കുകയുണ്ടായി. ശങ്കിക്കാതെ ധൃടുതിയിൽ പ്രവത്തിക്കുവാൻ തന്നെ പ്രോത്സാഹിപ്പിക്കുന്നതിലേക്കു പല പ്രാവശ്യം എസ്രാ കൈയെടുത്തു വീശുന്നതും ബറാബാസ് കണ്ടു.

ഉന്മേഷവും ഉത്സാഹവും ബറാബാസിൻെറ ഞരമ്പുകളിൽക്കൂടി ഓടിത്തുടങ്ങി. അയാൾ ദൃഷ്ടിയുയത്തി തന്നോടു് കൂറുകാണിച്ച ആ മിത്രസംഘത്തെ അഭിവാദ്യംചെയ്തു. തന്നെ ത്യാജ്യകോടിയിൽ തള്ളാതിരിക്കുകയും മരണത്തിൽ പോലും ഉപേക്ഷിക്കാതിരിക്കുകയുംചെയ്ത ആ മട്ടിതരെ, ആധിക്ക്‌വരെ. അനന്തരം സിംഹത്തെ അടിച്ചു മുന്നോട്ടു കൊണ്ടുവരുന്ന ഭാഗത്തേക്കു നോക്കി. സൂക്ഷിപ്പുകാർ വളരെ പണിപ്പെട്ടിട്ടും ആ ജന്തു മുന്നോട്ടടിവെക്കുവാൻ മടിച്ചു. അവരുടെ അടികളും അദ്ധ്വാനവും നിഷ്ഫലമായി. അതു തറയിൽ കമിഴ്ന്നുവീണു. അടികളേശിയ ഭാവമേകാണിച്ചില്ല. കൊളുത്തിയ പന്തം പള്ളയിൽ വെച്ചിട്ടും അതു് കിടന്നകിടപ്പിൽനിന്നു മാറിയില്ല. രോമവും മാംസവും കരിഞ്ഞതുമൂലമുണ്ടായ ഗന്ധം വിനോദരംഗം മുഴവനും

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങു്,
താരൻ, മുഖക്കുരു
മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

വ്യാപിച്ചു. ഈ അവസ്ഥയിൽ ഗദയുയത്തി ഓങ്ങിക്കൊണ്ടു് സിംഹത്തെ സമീപിക്കുന്നതിനായി ബറാബാസ് മുമ്പോട്ടു പാഞ്ഞു. സൂക്ഷിപ്പുകാർ കൗതുകപൂർവ്വം പിന്മാറി. ഗദ ആകാശത്തിലുയന്നാഞ്ഞടുത്തു് സിംഹത്തിൻെറ തലയിൽ ഊക്കോടെ പതിച്ചു. സിംഹം വിറവലോടെ മറിഞ്ഞു് കൈകാലുകൾനീട്ടി ശവമായിക്കഴിഞ്ഞു.

വിനോദരംഗത്തു വീണ്ടും ബഹളവും ഒച്ചപ്പാടും പൊടിപൊടിച്ചു. ഓഫൽകാരോടുകൂടി സന്തോഷഭേരിയടിക്കുവാൻ മററുള്ളവരും ചേന്നു. "ഭേഷ്! ബറാബാസ്, ഭേഷ്!" എന്ന മുറവിളി പല ഭാഗങ്ങളിൽനിന്നും പൊങ്ങി. സന്ദശ്കരിൽ ഗണ്യമായ ഭാഗം ബറാബാസിനെ അഭിനന്ദിച്ചു. ചിരിയിൽ പരിഹാസം കലന്നിരുന്നോ അഥവാ അതു് ബറാബാസ് ഗദ ചുഴററി അടിച്ചതിൽ സൂചിതമായ അസാമാന്യകായബലത്തെ ആദരിച്ചായിരുന്നോയെന്നു് തീരുമാനിക്കുവാൻ പീലാത്തോസിൻെറ അന്തേവാസികൾക്കു കഴിഞ്ഞില്ല.

ബറാബാസ് ഗദ ദൂരെയെറിഞ്ഞു. ഓഫലിലെ യഹൂദസംഘത്തേയും എസ്രായേയും ഒരിക്കൽക്കൂടി നോക്കിയിട്ടു് അയാൾ പുറംതിരിഞ്ഞു മെല്ലെ നടന്നു് വിനോദരംഗത്തേക്കു എവിടെക്കൂടി പ്രവേശിച്ചുവോ ആ വഴി കടന്നു പോകുവാൻ തിരിച്ചു. ഭടന്മാരടുത്തു് അയാളെ പിടിച്ചു. അയാൾ വിരോധം ഭാവിച്ചില്ലെങ്കിലും അവർ അയാളെ വലിച്ചുകൊണ്ടുപോകയും ചുററും നിന്നടിക്കുകയുംചെയ്തു. അയാളുടെ സൂക്ഷിപ്പുകാരായിരുന്ന ഭടന്മാക്കും സമരം ഇത്ര പെട്ടെന്നവസാനിപ്പിച്ചതിൽ ബറാബാസിനോടു പരിഭവംതോന്നിയിരുന്നു. അവർ ചാരനിറത്തിലുള്ള വസ്ത്രം അയാൾക്കു കൊടുത്തിട്ടു് അയാളുടെ കൈകാലുകളിൽ തുടലിട്ടുപൂട്ടി. ബറാബാസിനെ തടവുമുറിയിലേക്കു നയിച്ചു.

ബറാബാസിനു കട്ടിയായ ദാഹംതോന്നി. അയാൾ വീഞ്ഞിൻ പാത്രത്തെ സമീപിച്ചപ്പോൾ ഒരു ഭടൻ പാത്രം തട്ടിമറിച്ചു് വീഞ്ഞു മുഴവനും തറയിൽ ചിന്തി. സമരത്തിൻെറ രസം വർദ്ധിപ്പിക്കുവാൻവേണ്ടി ബറാബാസിൻെറ ആരോഗ്യം സംരക്ഷിക്കേണമെന്നുണ്ടായിരുന്ന ആവശ്യം കഴിഞ്ഞുവല്ലൊ. വിളംബംകൂടാതെ വധിക്കപ്പെടുവാനിരുന്ന ഒരു കുററപ്പുള്ളിമാത്രമായിരുന്നു അപ്പോൾ ബറാബാസ്. ബറാബാസിനെ വിനോദരംഗത്തുനിന്നു് തടവുമുറിയിലേക്കു കൊണ്ടുപോകുവാൻ ആറു ഭടന്മാരെ ദശാധിപൻ നിയോഗിച്ചിരുന്നു. അവരുടെ നേതൃത്വത്തിൽ ബറാബാസ് രംഗത്തുനിന്നു മറഞ്ഞുകഴിഞ്ഞപ്പോൾ ക്ലാവുദിയാ ഭത്താവിനോടു ചോദിച്ചു: "ഇനി ബറാബാസിനോടെന്തു ചെയ്യുമോ?"

"അയാളെ കുരിശിലേററി വധിക്കും. വിനോദരംഗത്തു വിജയംവരിക്കുമെങ്കിൽ പെട്ടെന്നുള്ള വധശിക്ഷ നൽകാമെന്നു ഞാൻ വാഗ്ദാനംചെയ്തിട്ടുണ്ടു്."

"അതാണോ പെട്ടെന്നുള്ള വധം?" ഭയവിഹ്വലയായ ക്ലാവുദിയാ ചോദിച്ചു.

"അതെ. വധശിക്ഷ അയാൾക്കൊരാനന്ദമാകുവാൻ ഞാൻ കരുതുന്നില്ല. കുരിശുമരണം താരതമ്യേന അല്പസമയംകൊണ്ടു് കഴിയുന്നതാണു്. ശിരച്ഛേദംമൂലമുള്ള മരണത്തിനയാൾ അർഹനല്ല. അയാൾ റോമൻപൗരൻ അല്ലല്ലോ."

"ഈ ദുരവസ്ഥയ്ക്കും അവമതിക്കും അയാളെ അങ്ങു വിധേയനാക്കിയതെന്തുകൊണ്ടാണു്?"

പീലാത്തോസ് ചിന്താധീനനായി വിനോദരംഗത്തേക്കു നോക്കിക്കൊണ്ടിരുന്നു. "ഇതയാൾക്കവമതിയിലാണോ കലാശിച്ചതെന്നു സംശയമാണു്. സ്വദേശീയരുടെ സ്തുതിഗീതങ്ങൾ അയാളുടെ ശ്രോത്രപുടങ്ങളിൽ പ്രതിദ്ധ്വനിച്ചുകൊണ്ടിരിക്കുമ്പോളത്രെ അയാൾ മരണമടയുവാൻ പോകുന്നതു്."

ഖേലാപ്രകടനം തുടരുവാൻ പീലാത്തോസ് ആംഗ്യംനൽകി.

(തുടരും)

# ശകാരവർഷങ്ങൾ

(റവ. വി. സി. ഗീവർഗീസ് കോറെപ്പിസ്കോപ്പാ ബി. ഏ.)


കത്തോലിക്കസഭയിൽ ഞാൻ ചേന്നിട്ടു നാലു മാസമായി. ക്രിസ്തീയജീവിതത്തിൻെറ പല മാധുയ്യങ്ങൾ ഇവിടെ ഞാൻ അനുഭവിക്കുന്നു. യേശുമിശിഹായുടെ പിന്നിൽ നടക്കുമ്പോൾ തൻെറ ഒരു എളിയ ശിഷ്യനെതിരെ പാഞ്ഞുവരുന്ന ശകാരശരങ്ങൾ ഒരുതരം പുഷ്പവൃഷ്ടിപോലെയാണു തോന്നുക. "നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും, പീഡിപ്പിക്കുകയും, നിങ്ങൾക്കു വിരോധമായി സകല ദുഷ്കാര്യങ്ങളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; അപ്പോൾ നിങ്ങൾ ആനന്ദിച്ചു സന്തോഷിക്കുവിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകരേയും അവർ ഇങ്ങനെ പീഡിപ്പിച്ചിട്ടുണ്ടു്." (മത്തായി 5:10-12.)

എൻെറ പരിവത്തനചരിത്രവും, ചിന്താഗതിയിലുണ്ടായ വ്യത്യാസങ്ങളും, എൻെറ സ്നേഹിതന്മാക്കുമാത്രം വേണ്ടി ഞാൻ എഴുതി പ്രസിദ്ധീകരിച്ചപ്പോൾ, യാക്കോബായക്കാരിൽ, അത്മായക്കാരൻ, ശെമ്മാശൻ, പട്ടക്കാരൻ, അന്ത്യോഖ്യാ പ്രതിനിധിയുടെ അനുവാദത്തോടെ വലിയ മല്പാനും സന്യാസിയുമായ ബ. മോശ സലാമ റമ്പാച്ചൻ എന്നിങ്ങനെയുള്ളവർ വരമൊഴിയായും, അനേകം സഹോദരങ്ങൾ വാമൊഴിയായും എന്നെ ശകാരശരങ്ങൾകൊണ്ടു് മുറിപ്പെടുത്തുന്നതിൽ അത്യുത്സാഹികളായി കാണുന്നു. അവക്കു് അതല്ലാതെ വേറെ എന്തുചെയ്യാനാണു കഴിയുക! സത്യത്തെ തുറന്ന ഹൃദയത്തോടെ ശാന്തമായി പരിശോധിച്ചു്, ഞാൻ പറയുന്നതിൽ കഴമ്പില്ലെങ്കിലും, കത്തോലിക്കാസഭയിലെ തത്വജ്ഞാനവും വേദശാസ്ത്രവും പഠിച്ചു്, സത്യാന്വേഷകരായിരിക്കരുതോ? മുൻവിധികൊണ്ടു് അന്ധന്മാരായാൽ, മതകാര്യങ്ങളിൽ തങ്ങളുടെ സ്വന്ത അഭിപ്രായക്കാരല്ലാത്തവരെ ആക്രമിക്കണമെന്നാണു് മതഭ്രാന്തു് മനുഷ്യരെ ഉപദേശിക്കാറുള്ളതു്. മതഭ്രാന്തു് യഥാത്ഥ ഭക്തിയായി തെററിദ്ധരിക്കുകയും ചെയ്യും. ഇങ്ങനെ അവർ എന്നെപ്പററി പറയുന്ന അപകീത്തിപരമായ നിരവധി പ്രസ്താവനകൾകൊണ്ടു ദൈവത്തെ ശുശ്രൂഷിക്കുന്നുവെന്നും, ദൈവരാജ്യം പണിയുന്നുവെന്നും മററും മനോരാജ്യം ചെയ്യുന്നുണ്ടായിരിക്കണം. എൻെറ പരിവത്തനം ഇത്രയും ഒച്ചപ്പാടുണ്ടാകുവാൻ ഞാൻ അത്രയും അറിയപ്പെടുന്ന വ്യക്തിയാണോ എന്നു് എന്നെത്തന്നെ അമ്പരപ്പിച്ചു. എൻെറമേൽ കുമ്പാരമായി കൂട്ടുന്ന ഈ "യാക്കോബായക്കല്ലുകൾ" യാക്കോബായസഭയുടെ പുണ്യാഭ്യസനത്തിൻെറ ചിത്രങ്ങൾ ലോകത്തിനു കാണിച്ചുകൊടുക്കുകയാണു്. ഹൃദയം നിറഞ്ഞുകവിയുന്നതല്ലോ വായ് സംസാരിക്കുന്നതു്.

അറുനൂററിമുപ്പതിൽപരം പിതാക്കന്മാർ സമ്മേളിച്ച നാലാം പൊതുസുനഹദോസിൻെറ ശാപം വാങ്ങി ഇന്നു മലയാളത്തിൽ കാണുന്ന ഈ ശോചനീയാവസ്ഥയിലായിട്ടും, ശാപം ചൊരിയുന്നതിൽനിന്നും യാക്കോബായസഭയ്ക്കു പിന്തിരിയുവാൻ കഴിവില്ലാത്തവണ്ണം അതു് അത്രയ്ക്കു താണുപോയല്ലോ! സമയത്തും അസമയത്തും, സ്ഥാനത്തും അസ്ഥാനത്തും, ശാപങ്ങൾ കോരിച്ചൊരിഞ്ഞു് അവരുടെ തലയിൽത്തന്നെ അവ തിരികെ വന്നു കയറിയതിനാൽ ഇപ്പോൾ യാക്കോബായസഭയുടെ നിലനില്പിനുപോലും ഒരു ദുർഘടംപിടിച്ച വ്യവഹാരം വന്നു തലയിൽ കയറിയിരിക്കുകയാണു്. മററുള്ളവരെ നിരന്തരം നരകത്തിലേക്കു ശപിച്ചുതള്ളിക്കളയുന്നവളേ, നീ തന്നെ ശാപമോക്ഷം പ്രാപിച്ചിരുന്നെങ്കിൽ! ഈ സാധുവായ ഞാൻ "പൗരൻെറ" അടിമത്തത്തിൽ കിടന്നു കഷ്ടപ്പെട്ടു് പന്നിയുടെകൂടെ തവിടിന്നു കൊതിച്ചിരുന്നപ്പോൾ, കത്തോലിക്ക സഭയാകുന്ന പിതാവിൻെറ ഭവനത്തിൽ ചെന്നുചേന്നു ആശ്വസിക്കുന്നതുകണ്ടിട്ടു് അസൂയാകലുഷിതരായവർ എൻെറമേൽ ചൊരിയുന്ന ശാപങ്ങൾ എന്നെ ബാധിക്കുകയില്ലെന്നു സുനിശ്ചിതമാണു്. എന്തെന്നാൽ, ശാപങ്ങളുടെ തീയമ്പുകളെ തടുക്കുന്ന കൃപയുടെ മതിലാണു കത്തോലിക്കാസഭയ്ക്കുള്ളതു്. നരകത്തിൽ ചെന്നാലും പാപികളുടെ ജോലി ദൈവത്തേയും ദൈവത്തിൻെറ മക്കളെയും ശപിക്കുകയാണു് എന്നു് ചില പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ടു്.

കത്തോലിക്കസഭ ഒരു വ്യക്തിയേയും നരകത്തിനുള്ളവനെന്നു വിധിയെഴുതാറില്ല. എന്തെന്നാൽ അവൾ കൃപയുടെ ഭണ്ഡാഗാരമാകയാൽ ദൈവത്തിൻെറ അനന്തകരുണയിൽ സകല വ്യക്തികളേയും സമപ്പിക്കുന്നു. ഒരു മെത്രാപ്പോലീത്തായുടെ (അന്ത്യോഖ്യാപ്രതിനിധി) അനുവാദത്തോടുകൂടെ ഒരു വലിയ മല്പാനായ സന്യാസി, ശലോമോനെ നരകയോഗ്യനാക്കി പറയുന്നു. കത്തോലിക്ക സഭയിലെ ബ. ഒരു പട്ടക്കാരനെയും ബലഹീനനായ എന്നെയും നരകയോഗ്യരെന്നു അദ്ദേഹം വിധിയെഴുതുന്നു. എന്നാൽ അവസാന വിധി പറയുവാനുള്ള അധികാരം യാക്കോബായക്കാരനല്ലെന്നുള്ളതു് സമാധാനപരമാണു്. ദൈവം ന്യായവിധി മിശിഹായെ അത്രേ ഏല്പിച്ചിരിക്കുന്നതു്. വിധിക്കപ്പെടാതിരിപ്പാൻ സമയത്തിനുമുമ്പു് ഒരുത്തനും വിധിക്കാതിരുന്നെങ്കിൽ നന്നായിരുന്നു. അനേകം പരിശുദ്ധന്മാരെയും ശുദ്ധമതികളേയും എല്ലാ നൂററാണ്ടിലും ദൈവത്തിൻെറ തൃപ്പാദത്തിങ്കൽ സമപ്പിക്കുന്നതും, ആഗോളവ്യാപകമായിരിക്കുന്നതും, സന്യാസിമാരും സന്യാസിനിമാരും ലക്ഷക്കണക്കിനു സുവിശേഷവേലക്കാരും അനവധി പ്രയത്നങ്ങൾ സകല ഭൂഖണ്ഡങ്ങളിലും ക്രിസ്തുവിൻെറ നാമത്തിൽ നടത്തിക്കൊണ്ടിരിക്കുന്നതുമായ കത്തോലിക്കസഭയെ ശപിക്കുവാൻ കഴിയുന്ന ചങ്കൂററം യാക്കോബായസഭയ്ക്കു ലഭിച്ചിരിക്കുന്നതു് ഏതാത്മാവാലാണോ? യാക്കോബു ബുർദാനാ ആറാം നൂററാണ്ടിൽ യാക്കോബായസഭ സ്ഥാപിച്ചശേഷം ആ സഭയിൽ ഇന്നോളം, അവരുടെ നാമത്തിൽ പള്ളികൾ സ്ഥാപിക്കുവാൻതക്ക എത്ര പരിശുദ്ധന്മാരുണ്ടായിട്ടുണ്ടെന്നു പരമാത്ഥികളായ യാക്കോബായസഹോദരങ്ങൾ ഒരന്വേഷണം ചെയ്തുനോക്കട്ടെ. ഇത്ര കാലംകൊണ്ടു കത്തോലിക്കാ

For Favours Received



Mrs. Mariamma Ephraim

സഭയിലുണ്ടായിട്ടുള്ള (പള്ളികൾ അവരുടെ നാമത്തിൽ പണിയുന്ന) എത്ര അനവധി പരിശുദ്ധന്മാരും ശുദ്ധമതികളും നമ്മെ വിസ്മയിപ്പിക്കുന്നു! ശ്ലീഹസഭയായ യാക്കോബായസഭ, ദൈവത്തിന്റെ അനേകപരിശുദ്ധന്മാരടങ്ങിയ കത്തോലിക്കാസഭയെ ശപിക്കപ്പെട്ട സഭ എന്നു പറയുന്നതിനു് ധൈര്യപ്പെടുന്നതു് എത്ര വിസ്മയമായിരിക്കുന്നു! അസ്സീസിയിലെ സെൻറു് ഫ്രാൻസിസ്, ലിസ്യൂവിലെ വി. കൊച്ചുത്രേസ്യ മുതലായി പുരുഷന്മാരിലും സ്ത്രീകളിലും കത്തോലിക്കസഭയിൽ കാണുന്ന മഹാവിശുദ്ധന്മാരുടെ ജീവചരിത്രം വായിച്ചുനോക്കിയശേഷം അവരോടു സാമ്യപ്പെടുത്തുവാൻതക്ക വിശുദ്ധന്മാർ യാക്കോബായസഭയിൽ ഉണ്ടാകാഞ്ഞതു് എന്തുകൊണ്ടാണെന്നു ദുർവാശികൂടാതെ ചിന്തിച്ചുനോക്കുവിൻ.

കക്ഷിവഴക്കുകൾമൂലം ശാപത്തിന്റെ വാക്കുകൾ എത്രയും സുപരിചിതമായിരിക്കുന്ന യാക്കോബായസഭയിലെ ചില പ്രധാനികൾക്കു് എന്നെ മൂടുവാൻ ശാപവാക്കുകൾ ഉച്ചരിക്കുന്നതിനു കഴിയുമെന്നു് എനിക്കറിയാം. ഞാൻ ദൈവത്തിന്റെ മന്ദിരത്തിൽ ഇരിക്കുന്നതിനാൽ ഞങ്ങളുടെ പടിവാതിൽക്കൽപോലും ഈ ശാപം എത്തുകയില്ലെന്നു നിശ്ചയമാണു്. യാക്കോബായക്കാരിൽ ചിലർക്കു ശാപോച്ചാരണം രസകരമായ ഒരു തൊഴിലായിരിക്കുന്നതുപോലെ എനിക്കവ ഉപകാരപ്രദമായ സമ്മാനങ്ങളാണു്. എന്നെ ചീത്തപറയുന്ന മുഖങ്ങളേയും എനിക്കെതിരായി ചീത്ത എഴുതുന്ന കൈകളേയും എന്റെ സ്നേഹരക്ഷകന്റെ നാമത്തിൽ ഞാൻ ചുംബനം ചെയ്തുകൊള്ളുന്നു. എന്നെ മഹാപാപിയായി ചിത്രീകരിക്കുന്ന ഹൃദയങ്ങളെ, കൃപയുടെ സിംഹാസനത്തിൽ അവർക്കു കൂടുതൽ നന്മയുണ്ടാകുവാൻ ഞാൻ കാഴ്ചവയ്ക്കുന്നു. സ്തേപ്പാനോസിനെ എറിഞ്ഞ കല്ലുകൾ അന്വേഷിച്ചാൽ ഇപ്പോഴും കിട്ടും. സ്തേപ്പാനോസിനു ധൈര്യംകൊടുത്ത എന്റെ ജീവനായ കർത്താവു എന്നോടുകൂടിയുള്ളതിനാൽ എനിക്കു് ഈ കല്ലുകളെക്കുറിച്ചു ഭയവും വരുന്നില്ല. സത്യസഭയിൽ ഇന്നും രക്തസാക്ഷികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടല്ലോ.

### 'വിശ്വാസത്യാഗി'

(റമ്പാച്ചന്റെ ലഘുലേഖ)

മഞ്ഞിനിക്കരദയറായിലെ ബഃ മോശസലാമ റമ്പാച്ചൻ അവർകൾ മാർ യൂലിയോസ് ബാവാ തിരുമനസ്സിലെ അനുവാദത്തോടെ പ്രസിദ്ധീകരിച്ചിരിക്കുന്ന "വിശ്വാസത്യാഗി" എന്ന ലഘുപത്രിക ഞാൻ വായിച്ചു. ക. സഭയുടെ വിശ്വാസങ്ങൾ ആ സഭ പഠിപ്പിക്കുന്നപ്രകാരം എഴുതിയിട്ടു് അവയുടെ കുറ്റങ്ങൾ പറയാതെ, ആ സഭ അങ്ങനെ പഠിപ്പിക്കുന്നില്ല എന്നു വ്യക്തമായി പറയുമ്പോൾ, അങ്ങനെ കത്തോലിക്കാസഭ പഠിപ്പിക്കുന്നുവെന്നു പറഞ്ഞു് കുറ്റപ്പെടുത്തുന്നതു്, ആരോടും വഴക്കുകൂടുവാൻ നിവൃത്തിയില്ലാതാകുമ്പോൾ സ്വന്തം നിഴലിനോടു വഴക്കടിക്കുന്ന സമ്പ്രദായംപോലെ തോന്നുന്നു.

വത്തിക്കാൻ സൂനഹദോസിൽ (1870) മാർപ്പാപ്പായുടെ അപ്രമാദിത്വത്തെപ്പറ്റി ക. സഭ പ്രസിദ്ധീകരിച്ചിരിക്കുന്ന തീരുമാനം കാത്തലിക്കു് എൻസൈക്ലോപ്പീഡിയാ 15-ാം വാല്യം 308-ാം പേജിൽ വ്യക്തമായി കൊടുത്തിട്ടുണ്ടു്. അതിപ്രകാരമാണു്:-

"Faithfully adhering, therefore to the tradition inherited from the beginning of the Christian Faith, we, with the approbation of the sacred council, for the glory of God our Saviour, for the exaltation of the Catholic religion, and the salvation of Christian peoples, teach and define, as a Divinely revealed dogma, that the Roman pontiff, when he speaks ex cathedra, that is, when he, in the exercise of his office as shepherd and teacher of all Christians, by virtue of his supreme Apostolic authority, decides that a doctrine concerning faith or morals is to be held by the entire Church, he possesses, in consequence of the Divine aid promised him in St. Peter, that infallibility with which the Divine Saviour wished to have His Church furnished for the definition of doctrine concerning faith or morals; and that such definitions of the Roman pontiff are of themselves, and not in consequence of the Church's consent, irreformable."

എന്നാൽ ബഃ റമ്പാച്ചൻ വിശ്വാസത്യാഗി പുറം 3, ഒന്നാം കോളത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "1870 ലെ സൂനഹദോസിൽ പരമാധികാരം, അപ്രമാദിത്വം എന്നിവയെപ്പറ്റി എടുത്ത തീരുമാനം ഇപ്രകാരമാണു്:- "പാപ്പാ ദൈവവും, ദൈവത്തിന്റെ വികാരിയും, സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും രാജാവെന്ന നിലയിൽ പൊൻമുടിധരിച്ചവനും തന്നാൽ മാലാഖമാർപോലും മുടക്കപ്പെടുകയും, വിധിക്കപ്പെടുകയും ചെയ്യുന്നവനും, ക്രിസ്തുവിനോടുകൂടി സമമായി അതേ ന്യായാസനത്തിൽ വാഴുന്നവനും, ഭൂമിയിൽ ദൈവവും, രാജാക്കന്മാരുടെ ഏററവും വലിയ രാജാവും, സ്വർഗ്ഗീയ ഭൗമികഅധികാരങ്ങൾ ലഭിച്ച സർവ്വാധികാരിയും, ദിവ്യനിയമങ്ങളെ പുതുക്കുകയോ പ്രസ്താവിക്കുകയോ വേണ്ടിവന്നാൽ ദിവ്യനിയമങ്ങൾക്കു് എതിരായി പ്രവർത്തിപ്പാൻ തക്കവണ്ണം അത്രയും അധികാരവും ശക്തിയുമുള്ളവനും ദിവ്യനിയമങ്ങൾക്കു അതിർത്തികുറിക്കുകയും ചെയ്യാൻ അധികാരമുള്ളവനുമായ ഒരുവനാകുന്നു മാർപ്പാപ്പാ. (Feraris Ecclesiastical Dictionary Page 463)" ബഃ റമ്പാച്ചൻ ഉദ്ധരിച്ചിരിക്കുന്നതരത്തിൽ ഒരു മാർപ്പാപ്പായെ ഞാൻ സ്വീകരിക്കേണ്ടിവന്നിട്ടില്ല. ഇതു ക. സഭയുടെ പഠിപ്പിക്കലുമല്ല. ബഃ റമ്പാച്ചന്റെ ഉദ്ധരണി Feraris ന്റെ പുസ്തകത്തിൽനിന്നാണല്ലോ. ദയവുണ്ടായി ഈ പുസ്തകം ബഃ റമ്പാച്ചന്റെ കൈവശമുണ്ടെങ്കിൽ അതു അയച്ചുതരുകയോ അല്ലെങ്കിൽ ടി പുസ്തകം ഏതാണ്ടിൽ എവിടെ പ്രസിദ്ധീകരിച്ചതാണെന്നറിയിക്കയോ ചെയ്യണമെന്നപേക്ഷിക്കുന്നു.

എന്റെ അന്വേഷണഫലം താഴെ വിശദമാക്കുന്നു. F. Lucius Feraris എന്ന ഗ്രന്ഥകാരൻ റോയൽവലുപ്പത്തിൽ 800 ഓളം പേജുകൾവീതം വരുന്ന എട്ടു വാല്യങ്ങളിലായി ബൃഹത്തായ ഒരു വിജ്ഞാനകോശം ലത്തീൻഭാഷയിൽ രചിച്ചിട്ടുണ്ടു്. അതിൽ ക്രിസ്തുമതസംബന്ധമായ മിക്കവാറും എല്ലാ വിഷയങ്ങളേയും കുറിച്ചു് അകാരാദിക്രമത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ഈ വിജ്ഞാനകോശത്തെക്കുറിച്ചാണോ ബഃ റമ്പാച്ചൻ Feraris Ecclesiastical Dictionary എന്നു പറയുന്നതു്? അങ്ങനെയെങ്കിൽ ടി പുസ്തകം പ്രസിദ്ധീകൃതമായതു് 1746-ൽ ആണെന്നോർത്തിരിക്കണം. അതായതു് ബഃ റമ്പാച്ചൻ പറയുന്ന സൂനഹദോസിനു 124 കൊല്ലംമുമ്പത്രേ. അതിൽ പിന്നീടു് പ്രസ്തുത ഗ്രന്ഥത്തിനു് എട്ടിലധികം പതിപ്പുകൾ ഉണ്ടായിട്ടുണ്ടു്. ഏററവും ഒടുവിലത്തേതു് 1885 ലാണു പ്രസിദ്ധീകരിച്ചുതുടങ്ങിയതു്. ഇതിൽ മൂലകൃതിയിലെ എട്ടു വാല്യങ്ങൾക്കു പുറമെ "ബുച്ചറോണി" (Bucceroni) അനുബന്ധമായി ഒരു വാല്യംകൂടെ ചേർത്തിട്ടുണ്ടു്. 1870 ലെ വത്തിക്കാൻ സൂനഹദോസിനുശേഷമാകയാൽ ഈ അനുബന്ധത്തിൽ പാപ്പായെപ്പററി പ്രതിപാദിക്കുന്നിടത്തു് അപ്രമാദിത്വത്തെക്കുറിച്ചുള്ള പ്രസ്തുത സൂനഹദോസിന്റെ നിശ്ചയം ഉദ്ധരിക്കുന്നു. അതിന്റെ പരിഭാഷ ഇപ്രകാരമാണു്:-

"നമ്മുടെ രക്ഷകനായ ദൈവത്തിന്റെ മഹത്വത്തിനും കത്തോലിക്കാമതത്തിന്റെ പുകഴ്ചയ്ക്കും ക്രിസ്ത്യാനികളുടെ രക്ഷയ്ക്കുംവേണ്ടി ക്രിസ്തീയവിശ്വാസത്തിന്റെ ആരംഭംമുതൽതന്നെ, നമുക്കു ലഭിച്ച പാരമ്പര്യത്തോടു് വിശ്വസ്തതയോടെ ചേർന്നുനിന്നുകൊണ്ടു് പരിശുദ്ധ സൂനഹദോസിന്റെ അംഗീകാരത്തോടുകൂടി ഞങ്ങൾ പഠിപ്പിക്കുകയും ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഒരു വിശ്വാസസത്യമായി നിർണ്ണയിക്കുകയും ചെയ്യുന്നു. വിശ്വാസത്തേയോ സന്മാർഗ്ഗത്തേയോ സംബന്ധിക്കുന്ന കാര്യങ്ങൾ ഔദ്യോഗികമായി തീരുമാനം ചെയ്യുന്നതിനു്, ഏതു അപ്രമാദിത്വത്താൽ തന്റെ സഭയെ സമ്പന്നയാക്കുവാൻ ദിവ്യരക്ഷകൻ തിരുമനസ്സായോ അതേ അപ്രമാദിത്വം സിംഹാസനത്തിൽനിന്നു പഠിപ്പിക്കുമ്പോൾ (Excathedra) അതായതു് വിശ്വാസത്തേയോ സന്മാർഗ്ഗത്തേയോ ബാധിക്കുന്ന തത്വങ്ങൾ സകല ക്രിസ്ത്യാനികളുടേയും ഇടയനും അദ്ധ്യാപകനുമെന്ന നിലയിൽ ഔദ്യോഗികമായി തന്റെ അപ്പസ്തോലാധികാരപൂർണ്ണതയോടെ സഭ മുഴുവനും സ്വീകരിക്കുവാൻ കടപ്പെടുത്തിക്കൊണ്ടു് നിർണ്ണയംചെയ്യുമ്പോൾ വി. പത്രോസ്ശ്ലീഹായിൽ തനിക്കു വാഗ്ദത്തംചെയ്യപ്പെട്ട ദൈവികസഹായത്താൽ റോമാമാർപ്പാപ്പാ അനുഭവിക്കുന്നു. ആകയാൽ റോമാമാർപ്പാപ്പായുടെ ഈ വിധത്തിലുള്ള നിർണ്ണയങ്ങൾ Definitions) അതിനാൽത്തന്നെ— മാർപ്പാപ്പാ നിർണ്ണയം ചെയ്യുന്നതിനാൽത്തന്നെ— (സഭ സ്വീകരിക്കുന്നതുകൊണ്ടല്ല) യാതൊരു തിരുത്തലിനും വിധേയങ്ങളല്ല."

Vide F. Lucii Ferraris Promptae Bibliothecae Supplementum Vol. 9. P. 643. ed. Romae 1889) പ്രസ്തുത പുസ്തകത്തിൽ മേല്പറഞ്ഞ സ്ഥലത്താകട്ടെ ബഃ റമ്പാച്ചൻപറയുന്ന 463-ാം പുറത്താകട്ടെ അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നവിധം യാതൊന്നും കാണുന്നില്ല.

ക. സഭയുടെ വിശ്വാസസത്യങ്ങളെപ്പററി അന്വേഷിക്കേണ്ടതു സഭയുടെ ഔദ്യോഗികമായ ഗ്രന്ഥങ്ങളിലും പ്രബോധനങ്ങളിലുമാണു്. ഔദ്യോഗികപ്രമാണങ്ങൾക്കെതിരായോ അവയോടു യോജിക്കാത്തതായോ ഉള്ള ഏതഭിപ്രായവും, അതു് എത്ര ഉന്നതവ്യക്തിയുടേതായിരുന്നാലും ത്യാജ്യങ്ങൾ തന്നെ. (തുടരും)

(12-ാം പേജ് തുടർച്ച)

ണു് നമ്മുടെ കൊച്ചച്ചനെ പത്താംപീയൂസ് പാപ്പാ വത്തിക്കാൻ ലൈബ്രറിയിലെ പൗരസ്ത്യ കൈയെഴുത്തു ഗ്രന്ഥങ്ങളുടെ മേൽനോട്ടം ഏല്പിച്ചതു്.

വൈദികപട്ടം സ്വീകരിച്ചതിന്റെ ശേഷം 29 കൊല്ലക്കാലം തിസ്സറാൻ തന്റെ കടമകൾ ശരിയാംവണ്ണം നിർവ്വഹിക്കുകയും 1936-ൽ വി. പത്താംപീയൂസ് തിരുമേനി അദ്ദേഹത്തെ കർദ്ദിനാൾ പദവിയിലേക്കുയർത്തുകയും ചെയ്തു. ഈ 29 കൊല്ലങ്ങൾക്കിടയിലുള്ള ഓരോ സംഭവങ്ങളും വിസ്തരിച്ചു പറയുകസാദ്ധ്യമല്ല. അധികം താമസിയാതെ പൗരസ്ത്യസംഘത്തിന്റെ സിക്രട്ടറിയായിരുന്ന കർദ്ദിനാൾ സിൻചേറോ അന്തരിക്കുകയും തൽസ്ഥാനത്തേക്കു നമ്മുടെ കഥാപുരുഷനെ നിയമിക്കുകയും ചെയ്തു.

"കിഴക്കുനിന്നും പടിഞ്ഞാറുനിന്നും" എന്നായിരുന്നു നമ്മുടെ എവുജിന്റെ മുദ്രാവാക്യം.

1951-ൽ കർദ്ദിനാൾസംഘത്തിന്റെ "ഡീൻ" ആയി അദ്ദേഹം നിയമിക്കപ്പെട്ടു. 1953-ൽ തിരുമേനി നമ്മുടെ ഈ കേരളം സന്ദർശിച്ചതു എല്ലാവരും ഓർമ്മിക്കുന്നുണ്ടല്ലോ. സൽഗുണസമ്പന്നനായ തിരുമേനിക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

# ചോദിച്ചാൽ പറയാം

34. ചോ: മത്തായിയുടെ സുവിശേഷം 19-ാം അദ്ധ്യായത്തിൽ "പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറെറാരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു" എന്നു പറഞ്ഞിട്ടുണ്ടല്ലോ. അതുപ്രകാരം കത്തോലിക്കർക്കു്, സ്വഭാര്യ പരസംഗംചെയ്തുവെന്നു പരിപൂർണ്ണമായി ബോദ്ധ്യപ്പെട്ടാൽ മറെറാരുവളെ ഭാര്യയായി സ്വീകരിച്ചുകൂടേ?

(വി. എം. എം. കിഴ്തടിയൂർ)

ഉ: ഒന്നാമതു്, ചോദ്യകർത്താവു ഉദ്ധരിക്കുന്നതുപോലെയല്ല മത്തായിയുടെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതു്. "വ്യഭിചാരം നിമിത്തമല്ലാതെ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നവനും, മറെറാരുത്തിയെ പരിഗ്രഹിക്കുന്നവനും വ്യഭിചാരംചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരംചെയ്യുന്നു" (മത്തായി XIX 9). "He who puts away his wife, not for any unfaithfulness of hers, and so marries another commits adultery; and he too commits adultery who marries her after she has been put away" എന്നാണു് മോൺ: നോക്സ് ഈ ഭാഗം തർജ്ജമചെയ്തിരിക്കുന്നതു്.

ഇതേ ആശയംതന്നെ സുവിശേഷത്തിൽ വേറെ സ്ഥലങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടു്. "പരസംഗംഹേതുവായിട്ടല്ലാതെ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്ന ഏവനും അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു." (മത്താ: V 32) "തന്റെ ഭാര്യയെ ഉപേക്ഷിച്ചു വേറൊരുത്തിയെ പരിഗ്രഹിക്കുന്ന ഏവനും വ്യഭിചാരം ചെയ്യുന്നു" (മർക്കോ: X, 11; ലൂക്കാ XVI, 18)

"ഏതു കാരണത്തെപ്പററിയെങ്കിലും ഒരു മനുഷ്യനു തന്റെ ഭാര്യയെ ഉപേക്ഷിക്കാൻ പാടുണ്ടോ" എന്ന ഫരിശേന്മാരുടെ ചോദ്യത്തിനു ക്രിസ്തുപറഞ്ഞ മറുപടിയാണല്ലോ മത്തായി 19-ാംഅദ്ധ്യായത്തിൽ നൽകിയിരിക്കുന്നതു്. ഈ ചോദ്യത്തിൽ ഏതു കാര്യവശാലെങ്കിലും ഒരുവനു ഭാര്യയെ ഉപേക്ഷിക്കാമോ? അങ്ങനെ ഉപേക്ഷിച്ചാൽ പിന്നെ വേറെ വിവാഹം ചെയ്യാമോ എന്നു രണ്ടു കാര്യങ്ങൾ ഉൾപ്പെടുന്നുണ്ടു്. ആ രണ്ടു കാര്യങ്ങൾക്കുംകൂടിയാണു ക്രിസ്തു മറുപടിനൽകുന്നതു്. വ്യഭിചാരംനിമിത്തമല്ലാതെ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ വ്യഭിചാരം

(ശേഷം 7-ാംപേജിൽ)


## ചിരകാലപ്രതീക്ഷിതമായ ഐക്യകേരളം സമാഗതമായി

കേരളപ്പിറവിക്കു മംഗല്യം ചാർത്താൻ മലയാളികൾ അണിഞ്ഞൊരുങ്ങുമ്പോൾ

ഞങ്ങളും അവരോടൊപ്പം മുന്നോട്ടു്, മുന്നോട്ടു്—

പൊന്നിൻകസവാർന്ന വേഷ്ടിത്തരങ്ങൾ, പുതമുണ്ടുകൾ, വർണ്ണോജ്ജ്വലമായ പട്ടുടയാടകൾ

അങ്ങിനെയങ്ങിനെ ജൗളിത്തരങ്ങളുടെ ഒരു കാഴ്ചബംഗ്ലാവ്—

ഫാഷൻ ഫാബ്രിക്സ്, തൃശ്ശൂർ—

നിങ്ങളെ സഹർഷം സ്വാഗതം ചെയ്യുവാൻ കാത്തിരിക്കുകയാണു്.

എല്ലാവിധ തുണിത്തരങ്ങളും മൊത്തമായും ചില്ലറയായും വിററുവരുന്നു

★ ഫാഷൻ ഫാബ്രിക്സ് ★

മൻസിപ്പൽ ഓഫീസ് റോഡ്, തൃശ്ശൂർ

ചെറുകഥ

# ഉയർച്ചയും താഴ്ചയും

(ചമ്പക്കുളം ജോസഫ്)

(തുടർച്ച)

അങ്ങകലെ ഒരു കോലാഹലം കേൾക്കുന്നു. അതു ക്രമേണ അടുക്കുകയാണ്. "ഈങ്കുലാബ്! സിന്ദാബാദ്! ഐക്യമുന്നണി സിന്ദാബാദ്! ഞങ്ങൾ ജയിക്കും, ജനങ്ങൾ ഭരിക്കും"........അങ്ങനെ പോകുന്നു അവരുടെ മുദ്രാവാക്യങ്ങൾ. ഒരു ചെങ്കണ്ണൻ കൊമ്പൻ മീശക്കാരനാണു ജാഥാ നയിക്കുന്നതു്. ഒരു ചോരക്കൊടിയും ആ നേതാവിൻെറ ക്രൗര്യത്തിനു മാററുകൂട്ടുന്നു.

അങ്ങനെ സ്ഥലത്തെ പഞ്ചായത്തു ഉപതിരഞ്ഞെടുപ്പു അത്യാസന്നമായിരിക്കുകയാണ്. മുതലാളിപ്പാർട്ടിയും കഴിവതു ശ്രമിക്കുന്നുണ്ടു്, വോട്ടുപിടിക്കാൻ. മാത്തുച്ചൻെറ ഒരടുത്ത ബന്ധുവാണു സ്ഥാനാർത്ഥി. അവർ പണം ധാരാളം ഇറക്കുന്നുണ്ടു്. ദീനാനുകമ്പകൊണ്ടല്ല, വോട്ടിൻെറ വിലയായിട്ടു്. പരസ്പരം ചീത്തപറഞ്ഞുകൊണ്ടു് പല യോഗങ്ങളും ചേർന്നു. പ്രസംഗകർ വിളിച്ചുപറഞ്ഞതെല്ലാം വിശേഷബുദ്ധിയില്ലാത്ത ഉച്ചഭാഷിണികൾ ഏററുപാടി.

അകന്നുനിന്നിരുന്ന പലരും പുതുതായി ബന്ധംപുലർത്താൻതുടങ്ങി. വോട്ടുനടക്കുന്നതിൻെറ തലേദിവസം മാത്തുച്ചൻതന്നെ ചാക്കോയെ സമീപിച്ചു. മുററത്തുനിന്നുകൊണ്ടു്: "ചാക്കോ, നിൻെറ സുഖക്കേടു ഭേദമായില്ലേ?"

"ഇല്ല തമ്പ്രാ, എനക്കൊരു സുകോമില്ല. ഏനങ്ങോട്ടു വരാനിരിക്കുവാരുന്നു."

"എന്തിനാടാ?"

"എനക്കു ശീലിത്തൊച്ചിരി കാത്തുവേണം."

"നീ ഓട്ടിൻെറ കാര്യം അറിഞ്ഞോ? നമ്മുടെ കൊച്ചനാ ഒരു സാനാർത്ഥി. നിൻേറം കെട്ടിയവടേം കാര്യം പറയാനാ ഞാൻ വന്നതു്."

"എന്നാപ്പിന്നെ കൊച്ചുതമ്പ്രാനെ വിട്ടാപ്പോരാരുന്നോ. തമ്പ്രാനെന്തിനാ ബുത്തിമുട്ടിയേ?"

"കാലം വല്ലാത്തതാ; അവരു വെല്ല്യ സൂത്രശാലികളാ; അതാ ഞാൻതന്നെ വന്നതു്. എന്തായാലും ജയം നമ്മക്കേയുള്ളു. ചുമ്മാതല്ല, സംശയമൊള്ളവക്കൊക്കെ പണവും കൊടുക്കുന്നുണ്ടു്. നെനക്കും വല്ലോം വേണേ കൊടുത്തയക്കാം."

"എനക്കതിനൊന്നും മേണ്ട."

"എടാ! ഓട്ടൊന്നു കഴിഞ്ഞോട്ടെ. നെനക്കു ചീത്സയും വല്ലോം ചെയ്യാം. ഞാൻ പോകട്ടെ, നേരമില്ല. പറഞ്ഞതു കേട്ടോ?"

"അല്ലേ! അതു തമ്പ്രാൻ പറയണോ; കൊള്ളാം." ഏലി കയറിപ്പറഞ്ഞു.

മുതലാളിപ്പാർട്ടിയിൽ വോട്ടുപിടിത്തത്തിനു ചില ഇടനിലക്കാരുണ്ടായിരുന്നു. അവരുടെ കീശകൾ നിറഞ്ഞു. അതിനു ചാക്കോയുടെ വീതവും സഹായിക്കാതിരുന്നില്ല. "ചാക്കോ പുതുവീട്ടിലെ വേലക്കാരനല്ലേ. അവനു പണംകൊടുത്തിട്ടുവേണോ വോട്ടുചെയ്യിക്കാൻ." അതായിരുന്നു അവരുടെ യുക്തി. ശരിയല്ലേ!

അന്നു രാത്രി സഖാക്കളുടെ ഓരോ സംഘം വീടുകൾതോറും കയറിയിറങ്ങി. കൃത്യവ്യഗ്രരായ അവരുടെ കൺപോളകളെ നിദ്രാദേവിയുടെ മൃദുലാംഗുലികൾക്കു കീഴടക്കാൻ കഴിഞ്ഞില്ല. അവർ ചാക്കോയേയും സമീപിച്ചു. ആ യജമാനസ്നേഹി തെല്ലും കീഴടങ്ങുന്നില്ല. സഖാക്കൾ എല്ലാവിധ അടവുകളും യുക്തിവാദങ്ങളും നടത്തി ചാക്കോയുടേയും കുടുംബത്തിൻെറയും എല്ലാവിധ ഭാവിഭാവുകങ്ങളും അവർ വാഗ്ദാനംചെയ്തു. അയാളുടെ ഉള്ളിൽ ചില പ്രശ്നങ്ങൾ പൊന്തിവന്നു. "ഞാൻ എത്രകാലം ആ തമ്പ്രാനുവേണ്ടി മേല ചെയ്തു? തമ്പ്രാനുവേണ്ടി മേല ചെയ്തുതന്നെ ഏൻ തീനക്കാരനുമായി. ഈ മേലാത്ത കാലത്തുപോലും അയാൾ എനക്കുവേണ്ടി എന്തുചെയ്തു?" ചാക്കോ സഖാക്കൾക്കു വശംവദനായി. ഏലിയും അതു സമ്മതിച്ചു.

നേരം പ്രഭാതമായി. പോളിംഗ്സ്റ്റേഷനിൽ സഖാക്കളുടെ വോട്ടർമാർ അണിനിരന്നുകഴിഞ്ഞു. അതിൻെറ മദ്ധ്യത്തിൽ വടിയും കുത്തിപ്പിടിച്ചുനില്ക്കുന്നതു ചാക്കോയാണ്. പുറകിൽ ഏലിയും. ആ കാഴ്ച മാത്തുമുതലാളിയെ കലിതുള്ളിച്ചു.

അദ്ദേഹത്തിൻെറ സ്ഥാനാർത്ഥി ദയനീയമായി പരാജയമടയുകയും ചെയ്തു.

മാത്തുച്ചൻ പലരോടും പകവീട്ടാൻ കാത്തിരുന്നു; വിശേഷിച്ചു് ചാക്കോയോടു്. ചാക്കോയുടെ ദീനം അടിക്കടി വർദ്ധിച്ചുവരികയുള്ളു. വളരെ അടുത്താണു സ്ഥലത്തെ ഗവ: ഫ്ളോട്ടിംഗ്ഡിസ്പെൻസറി. അവിടെച്ചെന്നു മരുന്നുവാങ്ങാൻ ഏലിയെ പലരും ഉപദേശിച്ചു. ആ സ്ഥാപനം ദിവസം ഒരു മണിക്കൂർ മാത്രമേ തുറന്നിരിക്കയുള്ളു.

ഏലി ഒരു കുപ്പിയുമായി മരുന്നിനു പുറപ്പെട്ടു. "ഡാക്കട്ടർ ഏമാൻെറ" അടുക്കൽ അവൾ ആദ്യം ചെല്ലുകയാണ്. അവൾക്കൊരു വിറയൽ! ഒരു ചീട്ടുമായി അവൾ ഡോക്ടറുടെ മുറിയിലേക്കു വിനയപൂർവ്വം ചെന്നു.

"എന്താ കാര്യം; വേഗം ഉറക്കെപ്പറ." ഏലി ഒന്നു ഞെട്ടി.

"അടിയൻെറ....പെലേനു.....ചൊമേം...മേതനേം."

"അങ്ങോട്ടു ചെവികേൾക്കാൻമേല, ഉറക്കെപ്പറ പെലക്കള്ളീ" പുറകിൽനിന്നു ഒരു സ്ത്രീയാണു് അതു ഏലിയോടു പറഞ്ഞതു്.

"വയററുവേദന സുഖമാകും, മരുന്നുകൊണ്ടുക്കൊടുക്കു്." ഡോക്ടർ അവ്യക്തമായി എന്തോ കുറിച്ചു.

"ബോട്ടു വരുന്നു" പ്യൂൺ ഓടിവന്നു ഉറക്കെപ്പറഞ്ഞു. ഡോക്ടർ എഴുന്നേററുകഴിഞ്ഞു. ആ "രോഗിശുശ്രൂഷക"നേ"യുംകൊണ്ടു് ബോട്ടു പോയിക്കഴിഞ്ഞു.

ചില തീർത്ഥജലം എല്ലാവിധ രോഗങ്ങളേയും ശമിപ്പിക്കാറുണ്ടല്ലോ. അതുപോലെ എല്ലാ രോഗികൾക്കും, ആ വലിയ വെള്ളക്കുപ്പിയിൽനിന്നും എന്തോ നിറഭേദമുള്ള ഒരേ മരുന്നു് ഊററിക്കൊടുക്കുന്നതായിട്ടാണു ഏലിക്കു തോന്നിയതു്. അവൾക്കും ആ മരുന്നു കിട്ടി. ചാക്കോ മരുന്നുകുടിക്കാൻ തുടങ്ങി. രോഗത്തിനു ഭേദം കണ്ടില്ല. വീണ്ടും ഏലി മരുന്നിനുചെന്നു. അന്നു ഡോക്ടർ ഇല്ലായിരുന്നു. അവൾ തിരിച്ചുപോന്നു.

"ആശുപത്രിലെ ശിപായിക്കു് ഒരുകുപ്പി കള്ളിനു കാശുകൊടുത്താൽ അയാൾ നല്ല മരുന്നെടുത്തുതരും. ഞങ്ങൾക്കെത്രപ്രാവശ്യം തന്നിരിക്കുന്നു."അയൽപക്കത്തെ ചിലപെണ്ണുങ്ങളാണു് ഏലിക്കു ആ വിദ്യ പറഞ്ഞുകൊടുത്തതു്. അവൾ പായു് നെയ്തു വിററു കിട്ടിയവകയിൽ ആറണ ശിപായിക്കുകൊടുത്തു, ആരുംകാണാതെ. മുറയ്ക്കു അയാൾ മരുന്നുംകൊടുത്തു. പക്ഷെ ചാക്കോയ്ക്കു യാതൊരു സുഖവും കണ്ടില്ല. ദേഹം നന്നേ ശോഷിച്ചു. ചുമയും നെഞ്ചുവേദനയും അയാളെ കുഴിമാടത്തിലേക്കു വലിച്ചിഴച്ചുകൊണ്ടിരുന്നു.

ചാക്കോയുടെ രോഗത്തെപ്പററി പലരും അഭിപ്രായങ്ങൾ തട്ടിമൂളിച്ചു: "ക്ഷയമാണു്, മദനപ്പള്ളിക്കു കൊണ്ടുപോകണം." "നാഗർകോവിലിനു കൊണ്ടുപോകണം." "എക്സ്റേ എടുത്താൽ കൊള്ളാം" എന്നൊക്കെ. പണമോ? ആ ചോദ്യത്തിൻെറ മുൻപിൽ തികഞ്ഞ മൂകതയാണു് മറുപടിയായി നിന്നതു്.

വർഷകാലത്തിൻെറ സന്ദേശവുമായി കരിങ്കാറുകൾ മാനത്തു നിരന്നുകഴിഞ്ഞു. മത്തകരികളെപ്പോലെ അവ കിഴക്കൻമലകളിലേക്കു യാത്രതുടർന്നു. ധാരമുറിയാതെയുള്ള മഴ. വരണ്ടുവാടിയിരുന്ന പമ്പാ കൂലം കവിഞ്ഞു കുത്തിയൊഴുകുവാൻതുടങ്ങി. മലവെള്ളത്തിൻെറ ആശ്ലേഷത്താൽ കുട്ടനാടൻ പ്രദേശങ്ങൾ മിക്കവാറും വെള്ളത്തിനടിയിലായിരിക്കുകയാണ്. കർഷകത്തൊഴിലാളികളെ പട്ടിണിക്കു കാന്തിന്നാൻ കാട്ടിക്കൊടുക്കുന്ന വെള്ളപ്പൊക്കം! അതിൻെറ രാജവാഴ്ചയിൽ പാവങ്ങൾ ഞെരിപൊരികൊള്ളുകയാണു്. ചാക്കോയുടെ കാര്യം പറയാനുമില്ല. അയാൾ ഏലിയെ ഗുണദോഷിച്ചു.


## മരിയഹാരം



ജപമാലയെപ്പററി അറിയുവാൻ ഈ പുസ്തകം സഹായിക്കും

വില 1ക. മാത്രം

അപേക്ഷിക്കേണ്ടും മേൽവിലാസ

മാർ ളൂയീസ് പ്രസ്സ്,

എറണാകുളം-1


"നീ മീട്ടിച്ചെന്നു കൊച്ചുതമ്പ്രാനോടു പറയണം, എനക്കു തീരെ സുകമില്ല, ഒരു പറ നെല്ലു മായിപ്പതരാൻ. മെല്ല്യതമ്പ്രാൻ അറിയണ്ട." വൈമനസ്യമായിരുന്നു ഏലിക്കു് അക്കാര്യത്തിൽ. എങ്കിലും നിരന്തരമായ പട്ടിണി അവളെ പുതുവീട്ടിൽ എത്തിച്ചു

വടക്കേഅറത്തു് അടുക്കളവാതുക്കൽ ചെന്നപ്പോൾ അവിടെ കണ്ട കാഴ്ച ഏലിയെ അസൂയാവതിയാക്കി. രണ്ടു കൊഴുത്തുതടിച്ച പട്ടികൾ, യഥേഷ്ടം ചോറും ഇറച്ചിക്കറിയും സാവധാനത്തിൽ തിന്നുകയാണു്. "എന്ന തൈവേ! എനക്കിവിടത്തെ പട്ടിയായി ജീവിച്ചാലും മതിയാരുന്നു" എന്നവൾ മനസാ കൊതിച്ചു. അവൾ പതുക്കെ വിളിച്ചു: "വെല്യമ്പ്രാട്ടിയേ!"

"ആരാടി അതു്?"

"അടിയനാണേ. കൊച്ചുമ്പ്രാനിമിടില്ലേ?"

"ഇല്ല. അവൻ ഒരു മാസമായി കിഴക്കു തോട്ടത്തിൽ പോയിരിക്കുവാ."

"എന്തിനാടീ?"

"എനക്കൊരു കാര്യം പറയാനാരുന്നു."

"അതാരടീ! നെനക്കെന്താ ഇവിടെ കാര്യം?" വെല്യമ്പ്രാൻെറ യാട്ടുപ്പുകമായുള്ള ആ ചോദ്യത്തിൽ ഏലി ഞെട്ടിപ്പോയി. എങ്കിലും അവൾ കാര്യം പറഞ്ഞു

"ചാക്കോയ്ക്കു തീരെ മയ്യ. മടല്ലാം തരണം. പല്ലിയാ." അവളുടെ തൊണ്ട ഇടറി.

"എറങ്ങടീ! എൻെറ വേലിക്കകത്തുന്നു്. വന്നിരിക്കുന്നു! നിൻെറ ഒക്കെ സഖാക്കളോടു ചെന്നു പറ! അവനൊരു തരും! ഉം! വേഗം!" മാത്തുച്ചൻ ഒരു വടിയുമായി മുററത്തു ചാടിക്കഴിഞ്ഞു. ഏലിക്കവിടെ നില്ക്കാൻ ധൈര്യമുണ്ടായില്ല. വെല്ല്യതമ്പുരാൻെറ അരിശം അവൾക്കറിയാം. അവൾ മന്ദം മന്ദം കിഴക്കോട്ടുനീങ്ങി

"നീയും അവനും വേഗം എൻെറ പറമ്പീന്നു് എറങ്ങിക്കോണം, നന്ദികെട്ട പരിഷകളു!" മാത്തുച്ചൻ അലറി.

ഒഴിഞ്ഞ വയററോടും, നിറഞ്ഞ കണ്ണുകളോടും, തകർന്ന ഹൃദയത്തോടുംകൂടി ഏലി ആ പുരയിടത്തിൻെറ കിഴക്കെ അതിർത്തിയിലെത്തി. അവൾ പടിഞ്ഞാട്ടൊന്നു നോക്കി. ഏതാനും കണ്ണുനീർകണങ്ങൾ അവളുടെ നയനങ്ങളിൽനിന്നും അടന്നു് ആ പറമ്പിൽ വീണു. തമ്പ്രാനപ്പോഴും ആ വടിയുംപിടിച്ചു മുററത്തു നില്പുണ്ടു്.

ഒഴിഞ്ഞ കൈയുമായി ചെന്ന ഏലിയെ കണ്ടപ്പോൾ ചാക്കോ വ്യാകുലചിത്തനായി. അയാൾ ഒരു പ്രകാരത്തിൽ എഴുന്നേററിരുന്നു വിവരമെല്ലാമറിഞ്ഞു. അയാൾ പറഞ്ഞു: "എന്ന തൈവേ! ഏൻ എത്രനാളു അവക്കു മേല ചെയ്തു. എനക്കീ മേലാത്തകാലത്തു ഉരിയരിയേടെ മകതന്നില്ലല്ലോ! അക്കൊച്ചുമ്പ്രാനുണ്ടാരുന്നെ മല്ലാം ചെയ്യിതേനെ. തൈവം ചോതിച്ചോട്ടെ!"അയാളുടെ കണ്ണുകൾ നിറഞ്ഞു. അടക്കാൻവയ്യാത്ത ഒരു ചുമ അയാളെ ഞെരുക്കി. ആ പാവം വീണ്ടും കിടന്നു. "ഏനിന്നി ചത്താലും അവരുടെ ഒരു സകായോം മേണ്ട. ഏൻ പറഞ്ഞിരിക്കുന്നു" അയാൾ ഏലിയോടു ഉറപ്പിച്ചുപറഞ്ഞു.

അവരുടെ അന്നത്തെ കണ്ണുനീർ വിഫലമായില്ല. ദൈവം ദീനദയാലുവല്ലെ. ചാക്കോയുടെ ഒരകന്നബന്ധു ദീനം കാണാൻവന്നു. ഇരുന്നാഴി അരിയും നാഴി അവലും അയാൾ കൊണ്ടുവന്നു. രണ്ടുദിവസം അവർ തിരുവോണംപോലെ കഴിഞ്ഞു. ചാക്കോയും അല്പമൊക്കെ രുചിയറിയാതിരുന്നില്ല. അയാൾ ഭക്ഷണം തീരെ വെറുത്തുതുടങ്ങി. അതിഥി യാത്രപറഞ്ഞു പിരിഞ്ഞു.

ദിവസങ്ങൾ നാലു പിന്നേയും കഴിഞ്ഞു. അന്നത്തെ രാത്രി, ഭയങ്കരമായ മഴയുടേയും കാററിൻെറയും ഒരു മത്സരപ്രകടനത്തിനുതന്നെ കൂട്ടനിന്നു. ഉള്ളിലൊതുക്കാൻവയ്യാത്ത ശീതം; പല്ലുകൾ തമ്മിലുള്ള കിടുകിടാനുള്ള കൂട്ടിയടിയിലൂടെ ചാക്കോ പറഞ്ഞു:- "എനക്കൊന്നു...തീ...കായണം." ആ കുടിലിൻെറ മറയുടെ ഏതാനംഭാഗങ്ങൾതന്നെ വലിച്ചെടുത്തു് ഏലി അല്പം തീയുണ്ടാക്കി. ചാക്കോ തീ കാഞ്ഞു. പെട്ടെന്നു് അയാൾ കിടന്നകിടപ്പിൽത്തന്നെ ഒരു വശത്തേക്കു ചരിഞ്ഞു് ശക്തിയായി ഒന്നു ഛർദ്ദിച്ചു. കരിനിറം കലർന്ന കട്ടച്ചോര! ഏലിക്കു പരിഭ്രമമായി. അവൾ ചാക്കോയുടെ പുറം തടവിക്കൊടുത്തു. അവളുടെ ദേഹം വിറയ്ക്കുന്നുണ്ടു്. അയാൾ ഒന്നുകൂടി ഛർദ്ദിച്ചു. കട്ടച്ചോരതന്നെ. അതധികവുമായിരുന്നു. പെട്ടെന്നു അയാളുടെ നെഞ്ചത്തൊരു വിമ്മിട്ടം. ഏലി അയാളെ വിളിച്ചു. അസഹ്യമായ വേദനയോടെ അയാളൊന്നു ഞരങ്ങി. ഏലി വാവിട്ടുകരഞ്ഞു. അയാൾ സൂക്ഷിച്ചു അവളെ ഒന്നു നോക്കി. ആ കണ്ണുകൾ അടഞ്ഞു! പിന്നെ അവ തുറന്നിട്ടില്ല! ഏലിയുടെ ദീനരോദനവും മാറത്തടിയും ചില അയൽവാസികളെ അവിടെ എത്തിച്ചു.

നേരം പ്രഭാതമായി. ചാക്കോയുടെ മരണവാർത്തയറിഞ്ഞു പലരും സഹതപിച്ചു. തലേദിവസം രാത്രിയിലാണു് ജയിംസുകുട്ടി പുതുവീട്ടിൽ തിരിച്ചെത്തിയതു്. തൻെറ സ്നേഹദാസൻെറ ദുരന്തത്തിൽ അയാൾ വ്യാകുലചിത്തനായി. പിതാവിനോടു അയാൾക്കു നീരസംതോന്നി. അയാൾ ചാക്കോയുടെ കുടിലിലെത്തി. പള്ളിയിൽതന്നെ ശവസംസ്കാരംചെയ്യുന്നതിനുവേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്തു. ചാക്കോയോടു ബന്ധപ്പെട്ട ചില പട്ടിണിപ്പാവങ്ങളും വന്നെത്തി. ഒരു വലിയ വള്ളത്തിൽ കുരിശു്, കുട, ബാൻറു് തുടങ്ങിയ അകമ്പടിയോടുകൂടി ആ സംസ്കാരയാത്ര ആരംഭിച്ചു. ജയിംസുകുട്ടിയും കൂടെ ഉണ്ടായിരുന്നു. വഴിയരികിൽ ചിലരു മന്ത്രിക്കുകയാണു്: "ശവമടക്കു കേമമാണേ." "ആ പാവത്തിൻെറ നേരാ ഇന്നു മഴയില്ലാഞ്ഞതു്." "ആ പാവത്തിനുവേണ്ട ചികിത്സ ചെയ്തിരുന്നെങ്കിൽ ഇപ്പോഴെങ്ങും ചാകുകയില്ലായിരുന്നു." "ശരിയാ, ഓ, ചത്തുകഴിഞ്ഞെന്തെല്ലാം ചെയ്താലുമെന്താ." അങ്ങനെ പലതും.

സിമിത്തേരിയിൽ ഒരു ഭാഗത്തു ആറടിനീളത്തിൽ പുതിയ മണ്ണ് ഉയർന്നുകാണാം. ആ കുഴിമാടത്തിനു പുതുവീട്ടിലെ വലിയതമ്പ്രാനോടു ഒരു സന്ദേശമുണ്ടു്:- "തമ്പ്രാൻെറ കനത്ത കനകഭിത്തികളേയും തകർത്തു്, മരണം ഒരുദിവസം തമ്പ്രാനേയുംകൊണ്ടു് അങ്ങോട്ടു ചെല്ലും. അന്നു തമ്പ്രാനും ദാസനും തുല്യർ. ഉയർച്ചയും താഴ്ചയും അവിടെയില്ല.

## വിനോദവീഥി

അതിർത്തിയിൽ പണ്ടുതിരുന്ന ഒരു വീടിനെപ്പററി അതു കേരളത്തിൽ പെട്ടതോ മദ്രാസിലാണോ എന്ന പ്രശ്നം ഉദിച്ചു പല രേഖകളും പരിശോധിച്ചു വാദങ്ങൾ കേട്ടു കോടതി വിധിപ്രസ്താവിച്ചു, അതു കേരളത്തിൽ പെട്ടതാണെന്നു്.

വീട്ടുടമസ്ഥൻ:- "വലിയ അനുഗ്രഹമായി. മദ്രാസിൽ പെട്ടിരുന്നെങ്കിൽ മഴകിട്ടാതെ എൻെറ കൃഷിയെല്ലാം നശിക്കുമായിരുന്നു. കേരളത്തിൽ മഴയ്ക്കു കുറവുണ്ടാവുകയില്ല."

x x x

രണ്ടു അയൽവക്കക്കാർ തമ്മിലുള്ള കടമിടപാടു് ഒരു മദ്ധ്യസ്ഥൻെറ ഇടപെടൽമൂലം അവസാനിപ്പിച്ചു.

മദ്ധ്യസ്ഥൻ:- ഇനിമേൽ നിങ്ങൾ സൗഹാർദ്ദത്തിലും സ്നേഹത്തിലും കഴിഞ്ഞുകൂടണം.

ഒരാൾ:- അങ്ങനെതന്നെ ആയിക്കൊള്ളാം.

മററയാൾ:- അതുമാത്രം ദയവായി പറയരുതു്. അങ്ങനെ ആയാൽ ഇനിയും നിങ്ങൾക്കു ബുദ്ധിമുട്ടാകും. എൻെറ പണവും നഷ്ടപ്പെടും.

x x x

ഒരു മാന്യൻ കാറിൽനിന്നിറങ്ങി ഒരു ഡിസ്പെൻസറിയിൽ കയറി ഡോക്ടറോടു ചോദിച്ചു:- സർ, എക്കിൾകൊണ്ടുള്ള ശല്യം സഹിക്കവയ്യാ. എന്താ പ്രതിവിധി?

ഡോക്ടർ പെട്ടെന്നു ആഗതൻെറ പുറത്തു ശക്തിയായി അടിച്ചിട്ടു പറഞ്ഞു:- ഇനി വരികയില്ല, സാരമില്ല.

ആഗതൻ:- എൻെറ ഭാര്യയ്ക്കാണു്. അവർ കാറിൽ ഇരിക്കുന്നതേയുള്ളു.

ഡോക്ടർ:- സാരമില്ല,- ഇതുതന്നെ പ്രതിവിധി.

Wednesday
October 31
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 12

## ബാലരംഗം



പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




ആഗ്നസ്സിന്റെ സ്നേഹം ആരിലാണു നിക്ഷേപിച്ചിരിക്കുന്നതെന്നു കണ്ടുപിടിക്കുവാൻ റോമയിലെ യുവസരസന്മാർക്കെല്ലാം വലിയ ഉൽക്കണ്ഠയായി. അവർ തനിച്ചും കൂട്ടംകൂടിയും ആഗ്നസ്സിന്റെ ഓരോ നീക്കങ്ങളും ഒളിവിൽനിന്നു സൂക്ഷിച്ചുകൊണ്ടിരുന്നു. ഒരുദിവസം രാത്രിസമയത്തു അവൾ വീട്ടിൽനിന്നിറങ്ങിപ്പോകുന്നതായി ഒരു ഗണത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. "പിടികിട്ടിപ്പോയി" എന്നായിരുന്നു അവരുടെ അപ്പോഴത്തെ ഭാവം. ആളറിയിക്കാതെ പാത്തും പതുങ്ങിയും പരസ്പരം നിർദ്ദേശങ്ങൾകൊടുത്തും അവർ അവളെ അനുഗമിച്ചു. അവർ ഉദ്ദേശിച്ചതരത്തിലല്ലെങ്കിലും അവൾ യഥാർത്ഥത്തിൽ അവരുടെ കുരുക്കിൽപ്പെട്ടു. അവളുടെ പ്രേമഭാജനം ആരാണെന്നു വെളിപ്പെട്ടു.

കാഠിനമായ മതപീഡനം നടന്നുകൊണ്ടിരുന്ന അക്കാലത്തു് ക്രിസ്ത്യാനികൾക്കു അവരുടെ വിശ്വാസം പുറമെ കാണിക്കുന്നതിനു കഴിഞ്ഞിരുന്നില്ല. ആരെങ്കിലും ക്രിസ്ത്യാനിയാണെന്നറിഞ്ഞാൽ അടുത്തപടി അയാൾ കൊലക്കളത്തിലേക്കാനയിക്കപ്പെടുകയായിരിക്കും. യാതൊരു മതകർമ്മങ്ങളും പരസ്യമായി നിർവ്വഹിക്കുവാൻ അവർക്കു സാധിച്ചിരുന്നില്ല എന്നു പ്രത്യേകം പറയേണ്ടല്ലോ. അതുകൊണ്ടു് അവർ രാത്രികാലങ്ങളിൽ ശത്രുക്കൾക്കെത്തുപെടാത്ത ഗുഹകളിലും ക്രിസ്ത്യാനികളുടെ ഭദ്രമായ ചില വീടുകളിലും രഹസ്യമായി സമ്മേളിച്ചാണു് കൂട്ടമായ പ്രാർത്ഥനകളും ദിവ്യബലിയും മററും നടത്തിപ്പോന്നിരുന്നതു്. ഏതാദൃശമായ ഒരു സങ്കേതത്തിലേക്കു രാത്രിസമയത്തു ഒളിവിൽ പോയിരുന്ന വഴിക്കാണു് ആഗ്നസ് ആ യുവസംഘത്തിന്റെ ശ്രദ്ധയിൽ പെട്ടതു്. അതുമൂലം ക്രിസ്ത്യാനികൾ സമ്മേളിച്ചിരുന്ന ആ രഹസ്യസങ്കേതം അവർക്കു കണ്ടുപിടിക്കുന്നതിനിടയായി. അനന്തരസംഭവങ്ങൾ എത്ര ഭയാനകങ്ങളായിരുന്നുവെന്നു നമുക്കു വഴിയെ കാണാം.

വല്ല്യേട്ടൻ




### ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടർച്ച)

101 സി. എ. മറിയാമ്മ ചാമക്കാലായിൽ, ചെമ്പേരി
102 എം. ഒ. ദേവസ്സി മൂഴിക്കുളം, കുറുമശ്ശേരി
103 ടി. കെ. കുര്യച്ചൻ തടത്തിൽ, തോട്ടക്കര, ആരക്കുഴ
104 കെ. ഒ. കുര്യൻ പൂത്തേട്ട്, അരുണാപുരം, പാലാ
105 കെ. ജേക്കബ്ബ് മാത്യു കുഴിക്കാട്ട്, പൊൻകുന്നം

ചെറുകഥ

## "ഹാ! എന്റെ ജോണീ!!"

(ആന്റണി വാഴപ്പിള്ളി, Reg. No. 13)

ദാരിദ്ര്യത്തിന്റെ കടുത്ത പാടുകൾ അവളുടെ ചിന്താമണ്ഡലത്തിൽക്കൂടി ഇരമ്പിപ്പാഞ്ഞുകൊണ്ടിരുന്നു. അവളുടെ ശോകമൂകമായ വികാരവീചികൾ ഒന്നിനു പുറകേ മറെറാന്നായി വീണ്ടും വീണ്ടും നുരഞ്ഞുകയറുകയാണു്. ആ മാതൃഹൃദയത്തിന്റെ ചിന്ത അവളുടെ ഹൃദയം തകർത്തുകളഞ്ഞു. തന്റെ ഓമനപ്പുത്രനായ ജോണിയെ മാറോടണച്ചുകൊണ്ടു് ഒരു ദീർഘനിശ്വാസത്തോടെ അവൾ ചോദിക്കുകയാണു്: "നീയും ഇപ്രകാരമാകുമോ?" ഒരു സുപ്രഭാതത്തിലെ ശുഭമുഹൂർത്തത്തിൽ അവളുടെ വിവാഹം നടന്നു. അവൾ തന്റെ ഭർത്താവിനെപ്പററി നേരത്തെ എങ്ങനെ അറിയും? എവിടെനിന്നെങ്കിലും ഒരു നല്ല പെണ്ണിനെ അവനെക്കൊണ്ടു കെട്ടിച്ചാൽ അവന്റെ സ്വഭാവം നന്നായിക്കൊള്ളുമെന്ന ഉദ്ദേശത്തിലാണു് ആ വിവാഹം നടന്നതു്. തന്റെ ഭർത്താവിന്റെ ഹൃദയം ദയയുടേയും സ്നേഹത്തിന്റേയും വിളനിലമായിരിക്കുമോ? തങ്ങളുടെ ദാമ്പത്യജീവിതം ഭാസുരമാകുമോ എന്നെല്ലാം അവൾ ആശങ്കിക്കാതിരുന്നില്ല.

× × ×

കൊല്ലം പത്തു കഴിഞ്ഞു. അവളുടെ ഏകസന്താനം 4-ാംക്ലാസിൽ പഠിക്കുകയാണു്. അവളുടെ ജീവിതം സുമനോഹരസുന്ദരമാക്കേണ്ട ഏകമകൻ പഠിച്ചങ്ങനെ വളർന്നുവരികയാണു്. നേരം പ്രഭാതമായി. മഞ്ഞുപൊതിഞ്ഞ മരശിഖരപ്പൊത്തുകളിൽക്കൂടി കിളിക്കുഞ്ഞുങ്ങൾ തലനീട്ടി. കിഴക്കെ പർവ്വതനിരകളിൽ ചെങ്കതിരോൻ തങ്കച്ചാർ കോരിയൊഴിച്ചു. എന്നാൽ ഒരു സ്ത്രീഹൃദയം വെന്തുനീറിക്കൊണ്ടിരുന്നു. ആലില പോലെ അതു വിറച്ചു. കടലിരമ്പംപോലെ അതു ശബ്ദിച്ചു. അഗ്നിപർവ്വതംപോലെ ജ്വലിച്ചു. മദ്യപാനിയായ അവളുടെ ഭർത്താവിനാൽ മർദ്ദിക്കപ്പെട്ടു അവശയായി കിടന്നു തേങ്ങിത്തേങ്ങി കരയുകയാണു്. രാത്രി ഉറങ്ങിയിട്ടില്ല. ഉറക്കം വന്നില്ല. "ഹാ! എന്റെ ദൈവമേ, എന്റെ ഭർത്താവിനോടു് ക്ഷമിക്കേണമെ" എന്നു അവളുടെ മനസ്സാക്ഷി മന്ത്രിച്ചു. അവളെ പട്ടിണിയുടെ മറെറാരു കരവലയംകൂടി ബന്ധനം ചെയ്തിരിക്കുകയാണു്. എത്രനാൾ പട്ടിണി കിടക്കും? ഭാവി സുശോഭിതമാക്കി മാറേറണ്ട അവളുടെ ഓമനപ്പുത്രനു് എത്രനാൾ പച്ചവെള്ളം കൊടുത്തു് വിശപ്പടക്കും?

× × ×

നിമിഷങ്ങൾ അല്ലാ, മണിക്കൂറുകൾ കഴിഞ്ഞപ്പോൾ പിന്നേയും അവളുടെ ഹൃദയം പൊട്ടിത്തകർന്നു. പായയിൽ കിടക്കുന്ന മാതാവു് വിങ്ങിപ്പൊട്ടുന്ന ഹൃദയത്തിൽനിന്നു് ഗദ്ഗദത്തോടെ ചോദിച്ചു: "നിനക്കു് ഇന്നു സ്കൂൾ ഇല്ലേ?" "ഉവ്വ് അമ്മച്ചീ. കഞ്ഞി ഇല്ലെങ്കിൽ വേണ്ട. എനിക്കു ഒരു അരയണ തന്നാൽ മതി." അവളുടെ ഹൃദയം എന്തോ മന്ത്രിച്ചു. ജോണി ഭക്ഷണം കഴിച്ചിട്ടു നേരത്തോടു നേരം കഴിഞ്ഞിരിക്കുന്നു. "ഹാ! എന്റെ ദൈവമേ, ജോണിയുടെ മുഖം വല്ലാതെ വാടിത്തളർന്നല്ലോ" അവളുടെ ഹൃദയം അവളോടു പിന്നേയും സമാധാനം പറഞ്ഞു. അവൾ അടുത്തുള്ള വീട്ടിൽനിന്നു് അരയണ കടം വാങ്ങിച്ചു് ജോണിക്കു കൊടുത്തു സ്കൂളിൽ പറഞ്ഞയച്ചു.

* * *

കാർമേഘപടലങ്ങളിൽ സൂര്യബിംബം അല്പനേരം ഒളിച്ചുകളി നടത്തി. തെക്കുപടിഞ്ഞാറൻ കാലവർഷക്കാററു് ആ സ്കൂൾപരിസരത്തിൽ ആഞ്ഞടിച്ചു. പക്ഷിമൃഗാദികൾ ഇരതേടി പുറപ്പെട്ടു അലഞ്ഞുതിരിയുകയാണു്. 4-ാം ക്ലാസിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ജോസ്മാസ്റ്റർ ഒരു ചോദ്യം ജോണിയോടു് ചോദിച്ചു. ജോണി ഉറങ്ങുകയാണു്. അധികാരപ്രമത്തതയുടെ കറുത്ത കരം ജോണിയുടെ ഉരത്തിൽ ആഞ്ഞു വീണു. ഉടനെ ജോണി നിലംപതിച്ചു. പിന്നീടൊരിക്കലും ആ ക്ലാസിനെ മാത്രമല്ല, ലോകത്തെത്തന്നെ അവൻ കണ്ടില്ല. അവൻ ആഹാരം കഴിച്ചിട്ടു് ദിവസം ഒന്നു കഴിഞ്ഞുവെന്നു അദ്ധ്യാപകൻ മനസ്സിലാക്കിയില്ല. കുട്ടികളും സ്കൂളിലെ അദ്ധ്യാപകന്മാരും ഓടിക്കൂടി ചുററുപാടും വന്നുനിന്നു. വിവരം അറിഞ്ഞു മാനേജരച്ചൻ ഓടിപ്പിടഞ്ഞെത്തി. മുഖത്തു വെള്ളം തളിച്ചു. കാപ്പി വായിലൊഴിച്ചു കൊടുത്തു. പക്ഷെ, അവൻ കണ്ണു മിഴിച്ചില്ല—വായ് തുറന്നില്ല—അമ്മയ്ക്കു കൊടുക്കാൻ സൂക്ഷിച്ച അരയണയുടെ മീാായി അവന്റെ കീശയിൽനിന്നും തെറിച്ചു നിലത്തു ചിന്നിച്ചിതറി കിടന്നിരുന്നു.

കുട്ടികളെ കരളലിഞ്ഞു സ്നേഹിക്കുന്ന ആ വികാരി അച്ചൻ അവനെ നോക്കി ഇപ്രകാരം പറഞ്ഞു: "ഹാ! എന്റെ ജോണീ!"

### 91-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—മിഷനറി

### പ്രശ്നം നമ്പ്ര് 92

(ജോയ് ജോർജ് Reg. No. 68)

മനുഷ്യശരീരത്തിലെ അതിപ്രധാനമായ ഒരവയവമാണു് ഞാൻ. സ്നേഹത്തിന്റേയും വാൽസല്യത്തിന്റേയും കരുണയുടേയും ഇരിപ്പിടമായിട്ടാണു് ലോകം എന്നെ ഗണിക്കുന്നതു്. ഞാൻ അനങ്ങിയില്ലെങ്കിൽ മനുഷ്യന്റെ കഥ കഴിയും. എന്റെ പേരിനു മൂന്നക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം അപഹൃതനിലുണ്ടു്, നൃപനിലില്ല. രണ്ടാമത്തെ അക്ഷരം വരദനിലുണ്ടു്, കൃപാലുവിലില്ല. മൂന്നാമത്തെ അക്ഷരം ആലയത്തിലുണ്ടു്, ആത്മാവിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

### കടം കഥകൾ

(എം. ജെ. വർഗ്ഗീസ് Reg. No. 81)

1. വെട്ടിക്കാട്ടുമലയിൽ രണ്ടിട്ടിപ്പോത്തു്: ഒന്നു കറക്കുമ്പോൾ വരും, ഒന്നു വെളുക്കുമ്പോൾ വരും.
2. കാട്ടിൽ കരിംകുററി, വീട്ടിൽ കണക്കപ്പിള്ള.
3. പിടിച്ചാൽ നില്ക്കാത്ത മുക്രാറൻ കാളയ്ക്കു 32 കാവൽക്കാരും ഒരു വേലിക്കെട്ടും.
4. അക്കരെ ഇക്കരെ തുഞ്ചാണി; തമ്മിൽ തമ്മിൽ കൂട്ടിമുട്ടും.
5. പാണ്ടീന്നുവന്നതും, പ്ലാവിൽപടർന്നതും, ചുട്ടതും, ചെരണ്ടിയതും ഒത്തുകൂടുമ്പോൾ ചെഞ്ചോര.

ജീവചരിത്രം

## കാർഡിനൽ തിസ്സരാൻ

(ജോസ് ചിററിലപ്പിള്ളി Reg. No. 51)

ഫ്രാൻസിലെ "നാൻസി" എന്ന ചെറുപട്ടണമാണു് കർദ്ദിനാൾ തിസ്സറാൻ തിരുമനസ്സിലെ ജന്മസ്ഥലം. അദ്ദേഹം 1874-ൽ ജനിച്ചു. തിരുമേനിയുടെ പിതാവിന്റെ പേരു് ഹിപ്പോളിററസ് എന്നായിരുന്നു. ഒക്ടോവി എന്നാണു് മാതാവിന്റെ പേർ. മാതാപിതാക്കന്മാരുടെ കീഴിൽ നമ്മുടെ കഥാനായകൻ ബാല്യകാലവിദ്യാഭ്യാസം കഴിച്ചു. മകനോടു് അമ്മയ്ക്കു വലിയ വാൽസല്യമുണ്ടായിരുന്നു. അവൾ തന്റെ മകനെ സുകൃതകൃത്യങ്ങൾ അഭ്യസിപ്പിച്ചുവന്നു.

വളർന്നുവന്നപ്പോൾ തിരുമേനിക്കു് പുസ്തകപാരായണത്തിൽ വലിയ താല്പര്യം കണ്ടു. മൂന്നുവയസ്സിൽതന്നെ അദ്ദേഹം വായിക്കുവാൻ പഠിക്കുകയും, ഏഴുവയസ്സിൽ ജർമ്മനും ലത്തീനും പഠിക്കുവാൻ തുടങ്ങുകയും ചെയ്തു. ഇതിൽനിന്നു തിരുമേനിയുടെ പഠനചാതുര്യം ഗ്രഹിക്കാമല്ലോ.

കഥാനായകൻ—എവുജിൻ—ജീവിതത്തിന്റെ പ്രഥമദശയിലേക്കു പതുക്കെ കാലുവയ്ക്കുകയായി. പുസ്തകങ്ങൾ വായിക്കുന്നതിലും, പഠനവിഷയത്തിലും അതിസമർത്ഥനായിരുന്നു കൊച്ചു എവുജിൻ. പത്തു വയസ്സിൽ 2000 നല്ല പുസ്തകങ്ങൾ അദ്ദേഹം ശേഖരിച്ചിരുന്നുവത്രെ.

ഏറെത്താമസിയാതെ അദ്ദേഹം നാൻസി സെമ്മിനാരിയിൽ ചേർന്നു. ആ അനുഗ്രഹീതദമ്പതിമാർക്കു് ദൈവം തിരുമേനിയെക്കൂടാതെ വേറേയും സന്താനങ്ങളെ നൽകിയിരുന്നു. പക്ഷെ അവരെപ്പററി നാം അറിയുന്നില്ല. നമ്മുടെ കഥാപുരുഷൻ ഇന്നും ചരിത്രത്തിന്റെ ഏടുകളിൽ വെട്ടിത്തിളങ്ങുന്നു.

കർദ്ദിനാൾ വളരെ ചുറുചുറുക്കുള്ള ഒരു ബാലനായിരുന്നു. സെമ്മിനാരിയിലെ ജീവിതം അവിടത്തെ റെക്ടരച്ചനെ അത്യധികം അത്ഭുതപ്പെടുത്തി. സെമ്മിനാരിയിൽ ജീവിച്ചിരുന്ന കാലം മിക്കവാറും ലൈബ്രറിമുറിയിൽതന്നെയാണു് അദ്ദേഹം കഴിച്ചുകൂട്ടിയതു്. തിരുമേനി ഒരു പുസ്തകപ്രേമിയായിരുന്നുവെന്നു മുമ്പുപറഞ്ഞുവല്ലോ.

1907 ആഗസ്റ്റ് 4-ാംനു. തിരുമേനിയുടെ ജീവിതത്തിലെ സുപ്രധാനമായ ഒരു ദിവസമായിരുന്നു അന്നു്. അന്നാണു് അദ്ദേഹം വൈദികപട്ടം സ്വീകരിച്ചതു്. എവുജിനു് അപ്പോൾ 23 വയസ്സേ പ്രായമായിരുന്നുള്ളു. ബിബ്ളിക്കൽ ഇൻസ്റ്റിററ്യൂട്ടിൽവെച്ചു Pere Lagrangമായി സമ്പാദിച്ച പരിചയമാണു് ദൈവപരിപാലനയിൽ തിരുമേനിയുടെ ജീവിതപരിപാടിക്കു വഴിതെളിച്ചതെന്നു പറയുന്നു. അദ്ദേഹത്തിന്റെ ശുപാർശയാൽത്തന്നെയാ

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1